AHALYA BAI KUNHUNNI NAIR

O32:3M83:11 F3

O32:3M83:11
F3

M83:11 F3
NI NAIR (K.)
lai.

MUL
034875

**Madras University Library.**

DOCTRINA·VIM·PROMOVET INSITAM

Call Number 032:3M83:11 F3

Accession Number 34875

Available for loan from

This book should be returned on or befo[re]
the date last marked below.

1 MAR 1949
25 FEB 1951
3 AUG 1951
3 DEC 1951
30 APR



# AHALYA BHAI

BY

K. KUNHUNNI NAIR B.A., B.L.,
*High Court Vakil,*
*Author of Bhishmar, Viduran, William Tell, Pratapasimhan, Editor: The 'Kairali' &c.*

---

# അഹല്യാഭായി

ഗ്രന്ഥകൎത്താ:
കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ ബി.എ., ബി.എൽ.,.
ഹൈക്കോട്ട് വക്കീൽ.

ഒന്നാം പതിപ്പ്

TRICHUR,
V. SUNDRA IYER & SONS.
1099/1923

വില ൰൨ ണ] *Rights Reserved.* [Price 12 As.

PRINTED AT THE VIDYA VINODINI PRESS, TRICHUR.

34875
O32:3M83:11
F3

# മുഖവുര

കവിഭൂഷണൻ ശ്രീയോഗീന്ദ്രനാഥബാസു ബങ്കാളിഭാഷയിൽ എഴുതീട്ടുള്ള 'അഹല്യാബായിയുടെ' അനുവാദമാണു പ്രസ്തുതഗ്രന്ഥം. ഗുരുജനങ്ങളിലുള്ള ഭക്തി, സൎവ്വജീവികളിലുമുള്ള ദയ, ആപത്തിൽ ധൈൎയ്യം, നാരീജനസുലഭമായ കോമളതയോടുകൂടി കൎത്തവ്യനിഷ്ഠയുടെ സമ്മേളനം മുതലായ നാനാഗുണങ്ങൾകൊണ്ടു് അഹല്യയുടെ ചരിത്രം സ്ത്രീകൾക്കു—പ്രത്യേകിച്ചു ഹിന്ദുസ്ത്രീകൾക്കു്—ഉൽകൃഷ്ടമായ ഒരു മാതൃകയാണെന്നുള്ളതിന്നു സംശയമില്ല. ഇത്ര കരുണകഠോരമായ ഒരു ചരിത്രം ലോകത്തിൽ ദുല്ലഭമാണു്. മൂലഗ്രന്ഥം വായിച്ചപ്പോൾ കേരളത്തിലെ ബാലികമാരുടെ ഉപയോഗത്തിന്നുവേണ്ടി അതിനെ സ്വഭാഷയിലേക്കു തൎജ്ജമചെയ്യണമെന്നു് എനിക്കുണ്ടായ അതിമോഹത്തിന്റെ ഫലമാണു പ്രകൃതഗ്രന്ഥം. തൎജ്ജമയ്ക്കു് എന്തുതന്നെ ന്യൂനതയുണ്ടായിരുന്നാലും ഗ്രന്ഥവിഷയമാഹാത്മ്യത്തെപ്പററി രണ്ടഭിപ്രായത്തിന്നു വഴിയുണ്ടാവുമെന്നു തോന്നുന്നില്ല. കേരളസ്ത്രീകളിൽ ഒരുവളെങ്കിലും ഈ പുസ്തകം വായിച്ചും അഹല്യയുടെ അന്തൎന്നിഹിതമായ ശക്തിയെ നല്ലവണ്ണം മനസ്സിലാക്കി ആത്മോന്നതിക്കുവേണ്ടി യത്നിക്കുന്നതായാൽ എന്റെ ഈ പരിശ്രമം സാൎത്ഥമായിത്തീരുന്നതാണു്.

മൂലഗ്രന്ഥം തജ്ജമചെയ്യുന്നതിന്നും അഹല്യാബായയുടെ ഛായാപടം ഈ പുസ്തകത്തിൽ ചേക്കുവാനും അനുവാദം തന്നതിന്നു ശ്രീയോഗീന്ദ്രനാഥബാസുവിനോടു ഞാൻ എന്നെന്നേയ്ക്കും നന്ദിയുള്ളവനായിരിക്കുന്നതാണു്. ഈ പുസ്തകത്തിന്റെ പ്രൂഫ്കൾ പരിശോധിച്ചു തെററുകൾ തീത്തതിന്നും ഇതിന്റെ അവസാനത്തിൽ ചേത്തിട്ടുള്ള പദ്യങ്ങൾ തജ്ജമചെയ്തുതന്നതിന്നും ഞാൻ ശ്രീമാൻ കെ. വി. രാഘവൻനായരവർകൾക്കു നന്ദിപറഞ്ഞുകൊള്ളുന്നു.

1098 മീനം 15-ാംനു ഗ്രന്ഥകത്താ.

# സമർപ്പണം

---

"പെററമ്മയോളമുലകിൽ പെരുതായ വസ്തു
മറെറാന്നുമില്ല മനുജക്കു നിനച്ചുകണ്ടാൽ
ചെററും മനസ്സിലതു കേവലമോർത്തിടാഞ്ഞാൽ
പററും വിപത്തു പലമാതിരി മേല്ക്കുമേലേ"

"അമ്മയെ ദൈവമെന്നുള്ളി-
ലോർമ്മവെയ്ക്കുകിലേവനും
നന്മയോരോന്നു മേന്മേലേ
നിർമ്മായം വന്നുചേർന്നിടും."

കരിമ്പററെ പാർവ്വതിയമ്മ

സ്വർഗ്ഗസ്ഥയും എൻെറ ജനനീദേവിയും ആയ

**കണ്ണന്ത്ര വലിയമ്മുക്കുട്ടി നേത്ര്യാരുടെ**

പുണ്യസ്മൃതിക്കായി ഈ ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നു.

ഗ്രന്ഥകർത്താ.

30 DEC 1926

# അഹല്യാഭായി.

## ഉപക്രമണിക

പ്രാതഃസ്മരണീയയായ ഏതൊരു മഹതിയുടെ ജീവചരിത്രം ഈ ഗ്രന്ഥത്തിൻെറ വിഷയമായിത്തീന്നിരിക്കുന്നുവോ, ആ മഹതിയുടെ പേർ ഭാരതവൎഷത്തിൻെറ മിക്ക ഭാഗങ്ങളിലും സുപ്രസിദ്ധമാണ്. വടക്കു ഹിമാലയശിഖരത്തിൽ സ്ഥിതിചെയ്യുന്ന കേദാരനാഥം, തെക്കു ഹിന്തുസമുദ്രതീരത്തിൽ സ്ഥിതിചെയ്യുന്ന രാമേശ്വരം, പടിഞ്ഞാറ് അറബിക്കടലിൻെറ നടുവിൽക്കിടക്കുന്ന ദ്വാരക, കിഴക്കു ബങ്കാളസമുദ്രത്തിന്നടുത്തുള്ള ജഗന്നാഥക്ഷേത്രം ഈ നാലതിൎത്തികളുള്ളിലുള്ള മിക്ക മുഖ്യക്ഷേത്രങ്ങളിലും റാണി അഹല്യാഭായിയുടെ കീൎത്തിയെ നിലനിൎത്തുന്ന സ്മാരകങ്ങൾ ഇപ്പോഴും കാണപ്പെടുന്നുണ്ട്. ചിലദിക്കിൽ രാജമാൎഗ്ഗങ്ങളും, ചിലദിക്കിൽ ദേവാലയങ്ങളും, ചിലേടത്തു് അതിഥിമന്ദിരങ്ങളും, ചിലദിക്കിൽ കുളിക്കാനുള്ള കടവുകളും നിൎമ്മിച്ചു് ഈ മഹതി ഭാരതീയജനസമുദായത്തിൻെറ ചിരകാലനന്ദിക്കു പാത്രമായിബ്ഭവിച്ചിരിക്കുന്നു. അവളുടെ പാൎത്ഥിവകീൎത്തിസമൂഹം കാല

ധമ്മത്താൽ ക്രമേണ ജീണ്ണിച്ചും നശിച്ചും വരുന്നുണ്ടെങ്കിലും പാരത്രികമായ കീൎത്തിക്കു് ഒട്ടുംതന്നെ കുറവുവന്നിട്ടില്ല. ആ മഹതി ആരുടെ പ്രശംസയേയും ആഗ്രഹിച്ചിരുന്നില്ല; എന്നാലും കൃതജ്ഞന്മാരായ ഭാരതീയർ ഇന്നും അവളെ ഒരു ദേവിയെപ്പോലെ ആദരിച്ചുവരുന്നുണ്ടു്. അവളുടെ നാമോച്ചാരണമാത്രത്തിൽ ശ്രോതാക്കളുടെ ഹൃദയം കരകവിഞ്ഞൊഴുകുന്ന ഭക്തിരസത്തിൽ മുഴുകിപ്പോകുന്നു. ഗയയിലെ വിഷ്ണുക്ഷേത്രം അവളുടെ പ്രധാനമായ ഒരു കീൎത്തിക്ഷേത്രമാണു്. ഈ വിഷ്ണുക്ഷേത്രത്തിൽ അവളുടെ വിഗ്രഹം വെണ്ണക്കല്ലിൽ കൊത്തിവെച്ചിട്ടുണ്ടു്. ആ വിഗ്രഹത്തെ ഇപ്പോഴും ജനങ്ങൾ പൂജിച്ചുവരുന്നുമുണ്ടു്. അവളുടെ പവിത്രമായ ജീവിതത്തിൻെറ ചരിത്രത്തെ പൎയ്യാലോചന ചെയ്യുന്നതുതന്നേ ഗണ്യമായ ഒരു പുണ്യമാണു്.

അഹല്യാരാജ്ഞിയുടെ സ്വന്തം ചരിത്രത്തെപ്പററി പ്രസ്താവിക്കുന്നതിന്നുമുമ്പായി അവൾ ഏതു രാജ്യത്തിലും, ഏതുജാതിയിലും, ഏതുവംശത്തിലുമാണു ജനിച്ചതു് എന്നുള്ളതിനെപ്പററി അല്പം വിവരിക്കുന്നതു് അനാവശ്യമാകയില്ല. അഹല്യാരാജ്ഞി മഹാരാഷ്ട്രജാതിയിൽ ഉത്ഭവിച്ചവളാണു്. വടക്കു നമ്മദാനദിയും ശതപുരപൎവ്വതനിരകളും, പടിഞ്ഞാറു് അറബിക്കടൽ, തെക്കു കൃഷ്ണാനദിയും മലപ്രഭാന

ദിയും, കിഴക്കു ഗോണ്ഡവനവും തെലുങ്കുരാജ്യവും ഈ നാലതിരിത്തികളുള്ളിലുള്ള ഭൂഭാഗത്തെ മഹാരാഷ്ട്ര സാമ്രാജ്യം എന്നു വിളിച്ചുവരുന്നു. രാജ്യത്തിൻെറ പേരനുസരിച്ച് ഈ പ്രദേശത്തിൽ താമസിയ്ക്കുന്ന വക്കും മഹാരാഷ്ട്രന്മാർ അല്ലെങ്കിൽ മാരാഠന്മാർ എന്നു പേരുണ്ടായി. വളരേ പുരാതനകാലം മുതല്ക്കു തന്നേ സഹനശീലം, ദൃഢചിത്തത, ശൌയ്യം മുതലായ പുരുഷോചിതഗുണങ്ങൾകൊണ്ടു മഹാരാഷ്ട്രന്മാർ പ്രസിദ്ധിനേടിയവരായിരുന്നു. മനസ്വികളായ അനേകം പുരുഷന്മാരും മനസ്വിനികളായ അനേകം സ്ത്രീകളും മഹാരാഷ്ട്രദേശത്തിൽ ജനിക്കയാൽ ഇതു് ആയ്യന്മാരുടെ അധിവാസത്തിന്നു കീഴ്പ്പെട്ട ദക്ഷിണദേശങ്ങളിൽവെച്ചു മുഖ്യസ്ഥലമായിത്തീന്നിരിക്കുന്നു. എന്നാൽ സുപ്രസിദ്ധനും വീരകേസരിയുമായ സിവാജിയുടെ കാലംമുതല്ക്കാണു മഹാരാഷ്ട്രജാതിയുടെ യഥാത്ഥമായ അഭ്യുത്ഥാനം ഉണ്ടായിട്ടുള്ളതു്. സിവാജിയെപ്പോലെ മഹാമനസ്കനും അത്ഭുതപരാക്രമശാലിയും ആയ പുരുഷന്മാർ ഈലോകത്തിൽ വളരെക്കുറച്ചുമാത്രമേ ജനിച്ചിട്ടുള്ളു. സിവാജി ഈ ലോകം വിട്ടുപോയിട്ട് ഇപ്പോഴെയ്ക്കു് ഇരുന്നൂറുകൊല്ലത്തിലധികമായിരിക്കുന്നു. എങ്കിലും മഹാരാഷ്ട്രീയചക്രം എന്തൊരു ശക്തിയോടുകൂടി അദ്ദേഹം തിരിച്ചുവിട്ടുവോ, അതിൻെറ ഫലമായിട്ട്

ആ ചക്രം ഇപ്പോഴും ചുററിക്കൊണ്ടുതന്നെയിരിക്കു ന്നുണ്ട്. അതിപ്രതാപശാലിയായ അറങ്ങസീബ് ചക്രവത്തി ഹിന്തുരാജ്യങ്ങളാം നിശ്ശേഷം നശിപ്പി ക്കാൻ ഏതൊരുകാലത്തു ശ്രമിച്ചിരുന്നുവോ അക്കാ ലത്തു ഭാരതഭൂമിയിൽ പുതുതായ ഒരു ഹിന്തുരാജ്യം സ്ഥാപിക്കാൻ സിവാജിക്കുമാത്രമേ സാധിച്ചിട്ടുള്ളു. അദ്ദേഹത്തിൻെറ പേർ ഒരുകാലത്തു മഹാരാഷ്ട്രക്കു മാത്രമല്ല, എല്ലാ ഹിന്തുക്കറംക്കും ഒരുപോലെ സഞ്ജീ വനശക്തിയുണ്ടാക്കിക്കൊടുത്തിരുന്നു. ഇപ്പോഴും അദ്ദേഹത്തിൻെറ ജീവിതത്തിൻെറ അപൂവ്വചരിത്രം ലക്ഷോപലക്ഷം ഹിന്തുസന്താനങ്ങറംക്കു സ്വദേശ സ്നേഹവും സ്വജാതിപ്രേമവും ഉണ്ടാക്കിക്കൊടുക്കു ന്നുണ്ട്. പൌരുഷംകൊണ്ടു മനുഷ്യന്ന് എന്തെല്ലാം അത്ഭുതകൃത്യങ്ങറം ചെയ്വാൻകഴിയുമെന്നുള്ളതിന്നു സിവാജിയുടെ ജീവചരിത്രം ഒരു ഉത്തമോദാഹരണ മാണ്.

സിവാജിയുടെ ആവിർഭാവകാലത്തും അതിന്ന ടുത്ത പിൻകാലങ്ങളിലും മഹാരാഷ്ട്രദേശത്തു വേറേയും അനേകം സുപ്രസിദ്ധപുരുഷന്മാർ ഉണ്ടാ യിട്ടുണ്ട്. അവരും സിവാജിയെപ്പോലെ ഏറക്കുറെ സാമാന്യസ്ഥിതിയിൽനിന്നുയന്നു തങ്ങളുടെ ഉദ്യമ ശക്തികൊണ്ട് ഓരോ പുതിയരാജ്യങ്ങറം സ്ഥാപി ക്കുകയും ഓരോ രാജവംശത്തിൻെറ കൂടസ്ഥപുരുഷ

ന്മാരായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇവരുടെ സന്തതികൾ മഹാരാഷ്ട്രദേശത്തിൽ ഇപ്പോഴും രാജ്യംഭരിച്ചുവരുന്നുമുണ്ട്. സുപ്രസിദ്ധന്മാരായ ഈ സകല വീരപുരുഷന്മാരുടേയും കൂട്ടത്തിൽവെച്ച് മല്ഹാരരാവുഹോല്ക്കരുടെ പേരാണ് ഏററവും പ്രസിദ്ധമായിട്ടുള്ളത്. നാം ആരുടെ ജീവചരിത്രപഠനത്തിൽഏപ്പെട്ടിരിക്കുന്നുവോ, ദേവീരൂപിണിയായ ആ അഹല്യാഭായി ഇദ്ദേഹത്തിൻെറ പുത്രഭാൎയ്യയാണ്. അതുകൊണ്ട് ആദ്യമായി മല്ഹാരരാവുവിൻെറ ചരിത്രത്തെപ്പററി ചുരുക്കത്തിൽ ചിലതു പറയാം.

മല്ഹാരരാവുഹോല്ക്കർ അതിസാമാന്യമായ ഒരു കുടുംബത്തിലാണു ജനിച്ചത്. അദ്ദേഹത്തിൻെറ ജനനത്തിന്നുമുമ്പ് ആ കുടുംബത്തിൻെറ പേരിന്ന് ഒട്ടും പ്രസിദ്ധിയുണ്ടായിരുന്നില്ല. അവർ ചെയ്തുവന്നിരുന്ന തൊഴിലനുസരിച്ച് അവരുടെ വംശത്തിൻെറ പേർ 'ധനഗരൻ' അല്ലെങ്കിൽ 'പശുപാലൻ' എന്നായിരുന്നു.* മല്ഹാരരാവുവിൻെറ അച്ഛൻ

---

* ഹൊല്ക്കർവംശം ആദ്യം ക്ഷത്രിയന്മാരായിരുന്നു എങ്കിലും ദാരിദ്ര്യം നിമിത്തം അവൎക്കു ക്രമത്തിൽ വൈശ്യൻെറയും ശൂദ്രൻ്റേയും തൊഴിലുകൾ ചെയ്യേണ്ടതായി വന്നു. അതുകൊണ്ട് അവൎക്ക് അവരുടെ ജാതിമൎയ്യാദ രക്ഷിക്കാൻ കഴിയാതെ പതിത്വം പററിപ്പോയി. ഈ വംശത്തിലെ അനേകംപേർ ഇപ്പോഴും വളരെ താണനിലയിൽ കാലക്ഷേപം ചെയ്തു

ഖണ്ഡുജി പൂനയിൽനിന്നു പത്തുകാതം ദൂരത്തുള്ള 'ഹോൽ' എന്ന കുഗ്രാമത്തിൽ താമസിച്ചിരുന്നു. പശുക്കളെ മേച്ചും കൃഷിച്ചെയ്യും ആയിരുന്നു അദ്ദേഹം അഹോവൃത്തി കഴിച്ചിരുന്നതു്. മഹാരാഷ്ട്രഭാഷയിൽ 'കർ' പ്രത്യയത്തിന്നു 'അധിവാസി' എന്നത്ഥമാണു്. ഖണ്ഡുജിയുടെ വംശക്കാൎക്കു് അവരുടെ പൂൎവ്വപുരുഷന്റെ ആദ്യത്തെ വാസസ്ഥലമായ ഹോൽഗ്രാമത്തിന്റെ പേരനുസരിച്ചു് 'ഹോൽക്കർ' എന്ന പ്രസിദ്ധപ്പെട്ട പേരുണ്ടായിത്തീൎന്നു.*

മല്ലാരറാവു ഹോൽക്കർ ക്രിസ്ത്വാബ്ദം 1693-ാമാണ്ടിലാണു ജനിച്ചതു്. അദ്ദേഹത്തിന്നു നാലഞ്ചു വയസ്സായപ്പോരം അച്ഛൻ ഖണ്ഡുജി മരിച്ചുപോയി. ഭൎത്താവിന്റെ മരണശേഷം മല്ലാരറാവുവിന്റെ അമ്മ തന്റെ സ്വജനങ്ങളുമായുണ്ടായ വിരോധം നിമിത്തം ഭൎത്തൃഗൃഹം ഉപേക്ഷിച്ചു മകനേയും കൂട്ടിക്കൊണ്ടു സോദരനായ നാരായണജിയുടെ വീട്ടിൽപ്പോയി താമസിച്ചു. നാരായണജി ഖാൻദേശത്തിലുരംപ്പെട്ട 'തലോദെ' എന്നു പേരായ ഒരു ഗ്രാമത്തി

---

വരുന്നുണ്ടു്. മല്ലാരറാവുവിന്റെ പരിശ്രമംകൊണ്ടു് ഈ വംശത്തിലെ ചില ശാഖക്കാർ നല്ല സ്ഥിതിയിലായിട്ടുണ്ടു്.

* അനേകം മഹാരാഷ്ട്രകുടുംബങ്ങരംക്കു് അവരുടെ വാസസ്ഥലങ്ങളുടെ പേരുകരം അനുസരിച്ചു് 'നിംബാലകരൻ,' 'പാടനകരൻ' 'നഗരകരൻ' എന്നിങ്ങിനെയുള്ള പേരുകരം ഉണ്ടു്.

ലാണു പാൎത്തിരുന്നതു്. അവിടെ അയാൾക്കു കുറച്ചു ഭൂസ്വത്തുണ്ടായിരുന്നു. അയാൾ ഒരു മഹാരാഷ്ട്ര സാമന്തന്റെ കീഴിൽ കുറെ കുതിരപ്പടയാളികളുടെ നായകനുമായിരുന്നു. തന്റെ ജാതിക്കാരുടെ രീതിയനുസരിച്ചു് അയാൾ കുട്ടിയായ തന്റെ മരുമകനെ കന്നുകാലികളെ മേയ്ക്കാനുള്ള ജോലിയിൽ ആക്കിയിരുന്നു. മല്ലാരരാവു കന്നുമേച്ചുകൊണ്ടിരുന്ന കാലത്തു് അദ്ദേഹത്തെപ്പററി അത്ഭുതകരമായ ഒരു ജനശ്രുതി പരന്നിട്ടുണ്ടു്. അദ്ദേഹത്തിന്നു് എട്ടു വയസ്സു പ്രായമായ കാലത്തു് ഒരു ദിവസം കന്നുമേച്ചുകൊണ്ടിരിക്കുമ്പോൾ ക്ഷീണിച്ചു് ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങിപ്പോയി. ഇലകളുടെ ഇടയിൽക്കൂടി വെയിൽ അദ്ദേഹത്തിന്റെ മുഖത്തുതട്ടിയിരുന്നു. ഇതു കണ്ടിട്ടു് ഒരു സൎപ്പം അതിന്റെ പടം വിരുത്തി ഒരു കുടപോലെ പിടിച്ചു തലയ്ക്കൽനിന്നു് അദ്ദേഹത്തെ സൂൎയ്യാതപത്തിൽനിന്നു രക്ഷിച്ചു. പിന്നെ മല്ലാരരാവു ഉണൎന്നപ്പോൾ യാതൊരു ദ്രോഹവും ചെയ്യാതെ സൎപ്പം മെല്ലമെല്ലെ അവിടേനിന്നു പോകയും ചെയ്തു.* മാടുമേച്ചിരുന്ന മററുകുട്ടികളും നാരായണജിയുടെ സമീപസ്ഥന്മാരിൽ ചിലരും ഈ കാഴ്ചക

* ഇങ്ങിനെയുള്ള സംഭവങ്ങൾ ഭാരതവൎഷത്തിലെ മററനേകം രാജകുടുംബങ്ങളിലെ ആദിപുരുഷന്മാരെപ്പററിയും കേട്ടിട്ടുണ്ടു്.

ണ്ടു് അത്ഭുതപ്പെട്ടു. മല്ഹാരറാവുവിൻെറ ഭാവിയെ പ്പററി പലരും പലവിധത്തിലും പറഞ്ഞുതുടങ്ങി. അല്പദിവസത്തിന്നുള്ളിൽ നാരായണജി ഈ സംഭ വത്തെപ്പററി കേട്ടു. അയാറം ഒരു ജ്യോത്സ്യനെ വിളിച്ചുവരുത്തി ഇതിൻെറ അൎത്ഥം എന്താണെന്നു ചോദിച്ചു. ഈ കുട്ടി ഭാവിയിൽ സുപ്രസിദ്ധനായ ഒരു പുരുഷനായിത്തീരും എന്നു ജ്യോത്സ്യൻ മറുപ ടി പറഞ്ഞു. ഇതു കേട്ടിട്ടു് അയാറം പിന്നെ തൻെറ മരുമകനെ കന്നുമേയ്ക്കാൻ അയച്ചില്ല. പ്രായപൂൎത്തി വന്നപ്പോറം നാരായണജി അദ്ദേഹത്തെ തൻെറ കീഴിലുള്ള കുതിരപ്പടയാളികളുടെ കൂട്ടത്തിൽ ചേൎത്തു. സാമാന്യമായ ഓരോ സംഭവങ്ങളിൽനിന്നു പല സമയങ്ങളിലും മനുഷ്യൻെറ ജിവിതത്തിൻെറ ലക്ഷ്യം നിൎദ്ദേശിക്കപ്പെടുന്നുണ്ടു്. കുട്ടിയായ മല്ഹാരറാവുവി ൻെറ കാൎയ്യവും അങ്ങിനെതന്നെ സംഭവിച്ചു. ഈശ്വരൻ തന്നെക്കൊണ്ടു മഹത്തായ എന്തോ ഒരു കാൎയ്യം ചെയ്യിക്കാൻ നിൎദ്ദേശിച്ചിരിക്കുന്നു എന്നു ജ്യോത്സ്യൻ പറഞ്ഞതുകേട്ട ദിവസം മുതല്ക്കു മല്ഹാ രറാവുവിൻെറ ഹൃദയത്തിൽ നൂതനമായ ആശയും ഉത്സാഹവും കടന്നുകൂടി. അമ്മാമൻെറ കുതിരപ്പട യാളികളുടെ കൂട്ടത്തിൽ ചേൎന്നതു മുതൽ അദ്ദേഹം അത്യുത്സാഹത്തോടും സ്ഥിരമായ പരിശ്രമത്തോടും കൂടി കാൎയ്യങ്ങറം നടത്തുവാൻ തുടങ്ങി. അന്നത്തെ

ഭാരതസന്താനങ്ങൾ ഇന്നുള്ളവരെപ്പോലെ ആയുധം ധരിക്കാത്തവരോ, വീൎയ്യമില്ലാത്തവരോ ആയിരുന്നില്ല. അക്കാലത്തു് ഒരുവന്നു് എത്രത്തോളം കായബലം, സാഹസം, ശൌൎയ്യം, സഹനശക്തി മുതലായ പുരുഷോചിതഗുണങ്ങൾ ഉണ്ടായിരുന്നുവോ, അത്രത്തോളം അവന്നു് ഉന്നതപദവി ലഭിക്കാനും കഴിഞ്ഞിരുന്നു. മല്ലാരറാവു ജനിച്ചു വളൎന്നുവന്ന സമുദായത്തിലും കാലത്തിലും യുദ്ധവും രക്തപാതവും നിത്യകൎമ്മങ്ങളുടെ കൂട്ടത്തിൽ ഒന്നായിരുന്നു. അതുകൊണ്ടു വീരപുരുഷന്മാൎക്കു തങ്ങളുടെ വീൎയ്യം കാണിക്കാനുള്ള സന്ദൎഭങ്ങൾ ഇല്ലാതിരുന്നില്ല. ഒരു യുദ്ധത്തിൽ യുവാവായ മല്ഹാരറാവു സുപ്രസിദ്ധനായ നിജാമുൽമുല്ക്കിൻെറ പേരുകേട്ട ഒരു സേനാപതിയെകൊല്ലുകയും, തന്നിമിത്തം അദ്ദേഹത്തിൻെറ പരാക്രമത്തെക്കുറിച്ചുള്ള പ്രശംസ നാലു ദിക്കിലും പരക്കുകയുംചെയ്തു. അതിന്നുശേഷം അദ്ദേഹത്തിൻെറ അമ്മാമൻ നാരായണജി തൻെറ മകളെ സന്തോഷത്തോടുകൂടി അദ്ദേഹത്തിന്നു വിവാഹംചെയ്തുകൊടുത്തു.

മല്ഹാരറാവുവിൻെറ ഭാഗ്യമന്ദിരത്തിൻെറ ഭിത്തി ഇപ്രകാരം സുദൃഢമായി നിൎമ്മിക്കപ്പെട്ടു. മാടുമേച്ചുകൊണ്ടിരുന്ന ബാലനായ മല്ഹാരറാവു കാലക്രമത്തിൽ ഒരു വലിയ രാജ്യത്തിൻെറ അധീശ്വരനായിത്തീൎന്നതു് എങ്ങിനെയാണെന്നും, അന്നേ

കം യുദ്ധങ്ങളിൽ ജയംനേടി സ്വജാതിയുടെ ഒരു പ്രധാനനേതാവായിത്തീൎന്നതു് ഏതുപ്രകാരത്തിലാണെന്നും വിസ്തരിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. മല്ഹാരറാവുവിൻെറ ചരിത്രം കൌതുകത്തേയും, അറിവിനേയും ഉണ്ടാക്കിത്തീൎക്കുന്നതാണെങ്കിലും, അതിൻെറ ഒരു സാമാന്യവിവരണംപോലും ഇവിടെ ക്രമാതീതമായ ഗ്രന്ഥവിസ്താരത്തിന്നിടയാക്കുന്നതാണ്. ചിലപ്പോൾ വീൎയ്യംകൊണ്ടും, ചിലപ്പോൾ ബുദ്ധിസാമൎത്ഥ്യംകൊണ്ടും, ചിലപ്പോൾ ഭരണചാതുൎയ്യംകൊണ്ടും അദ്ദേഹം തൻെറ ഭാഗ്യത്തിൻെറ മാൎഗ്ഗം തെളിയിച്ചിരുന്നുവെന്നുമാത്രം ഇവിടെ ചുരുക്കത്തിലൊന്നുപറയാം. അദ്ദേഹത്തിൻെറ സാഹസത്തിൻെറയും, വീൎയ്യത്തിൻെറയും കഥകൾ കേട്ടു മഹാരാഷ്ട്രന്മാരുടെ അക്കാലത്തെ നേതാവായ ബാജിറാവു പേഷ്വാ അദ്ദേഹത്തെ തൻെറ കീഴിൽ അഞ്ഞൂറു കുതിരപ്പട്ടയാളികളുടെ നേതാവായി നിശ്ചയിച്ചു. മല്ഹാരറാവു പുതിയ യജമാനൻെറ കീഴിൽ ഇരട്ടി ഉത്സാഹത്തോടും, വിശ്വസ്തതയോടുംകൂടി പണി യെടുക്കുകയും ഭാഗ്യലക്ഷ്മി അദ്ദേഹത്തിൻെറ നേരേ ഉത്തരോത്തരം പ്രസന്നയായിത്തീരുകയും ചെയ്തു. പരാക്രമംകൊണ്ടു പേഷ്വായുടെ എതിരാളിയായ നിജാമാലി എന്ന മുസൽമാൻയോദ്ധാവിനെ അദ്ദേഹം തോല്പിച്ചു. പിന്നെ പോൎത്തുഗീസ്സുകാ

രുടെ ദ്രോഹംകൊണ്ടു ബുദ്ധിമുട്ടിയിരുന്ന കങ്കണദേശക്കാരെ രക്ഷിച്ച് ആ ദേശത്തിൽ സമാധാനം നിലനിൎത്തി. ഇതുനിമിത്തം ബാജിറാവുവിന്ന് അദ്ദേഹത്തിൻെറപേരിൽ വളരേ പ്രീതിയുണ്ടായി. ക്രിസ്താബ്ദം 1728-ാമാണ്ടിൽ നൎമ്മദയുടെ വടക്കുഭാഗത്തുള്ള പന്ത്രണ്ടു ജില്ലുകൾ ബാജിറാവു അദ്ദേഹത്തിന്നു ഇനാം കൊടുത്തു. പിന്നെ ക്രിസ്താബ്ദം 1731-ാമാണ്ടിൽ വേറേ എഴുപതുജില്ലുകൾകൂടി മുമ്പുള്ളതിനോടു കൂട്ടിച്ചേൎത്തു. ഈ സമയത്തു മഹാരാഷ്ട്രന്മാരും മുസൽമാന്മാരും തമ്മിൽ മാളവദേശത്തിൽവെച്ചു യുദ്ധം ഉണ്ടായി. ഈ യുദ്ധത്തിൽ മല്ഹാരരാവു പ്രദൎശിപ്പിച്ച ബുദ്ധിസാമൎത്ഥ്യവും വിക്രമവും കണ്ടു ബാജിറാവുവിന്ന് അദ്ദേഹത്തിൻെറ പേരിൽ വലിയ തൃപ്തിയും, ബഹുമാനവും ജനിക്കയും, മാളവദേശത്തെസ്സംബന്ധിച്ചുള്ള സകലകാൎയ്യങ്ങളുടേയു ഭാരം അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. പിന്നെ മുസൽമാന്മാരുമായുണ്ടായ യുദ്ധത്തിൽ ജയംകിട്ടിയപ്പോൾ മല്ഹാരരാവുവിൻെറ സൈന്യങ്ങളുടെ ചിലവിന്നായി ഇൻഡോർരാജ്യം അദ്ദേഹത്തിന്നു ഇനാമായി കൊടുക്കുകയുംചെയ്തു. അന്നുമുതല്ക്കു ഇൻഡോർ ഹോൽക്കർവംശക്കാരുടെ രാജധാനിയായിത്തീൎന്നിരിക്കുന്നു.

ഒരുകാലത്തു കഠിനമായ വെയിൽകൊണ്ടു ത

പിച്ചും ധാരമുറിയാതെ പെയ്യുന്ന മഴയേററും നഞ്ഞും മാട്ടമേച്ചിരുന്ന ബാലനായ മല്ഹാരറാവു ഇപ്രകാരം വിശാലമായ ഒരു രാജ്യത്തിന്റെ അധീശ്വരനായിത്തീൎന്നു. മാളവയിലെ വിജയംമുതല്ക്കു മരണംവരേ മല്ഹാരറാവു മഹാരാഷ്ട്രചക്രം തിരിക്കുന്നതിൽ വിശേഷവിധിയായ സഹായം ചെയ്തുകൊണ്ടിരുന്നു. അക്കാലത്തു മുഗൾസാമ്രാജ്യം ഭഗ്നാവസ്ഥയിലായിരുന്നു. ദില്ലീശ്വരന്മാരുടെ മുമ്പിലത്തെ മഹിമയും പ്രതാപവും അസ്തമിച്ചിരുന്നു. നവബലത്തിന്റെ ഗൎവ്വോട്ടുകൂടിയ മഹാരാഷ്ട്രന്മാരുടെ ആക്രമണത്തിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കാനുള്ള സാമൎത്ഥ്യം അവൎക്കുണ്ടായിരുന്നില്ല. ചില മുസൽമാൻചക്രവൎത്തികൾ അവരുടെ ഭാഗ്യസൂൎയ്യൻ ഉച്ചസ്ഥനായിരുന്നകാലത്തു തങ്ങളുടെ ഹിന്തുപ്രജകളെ വളരെ ദ്രോഹിച്ചിരുന്നു. അവരുടെ ഭാഗ്യസൂൎയ്യൻ അസ്തമിച്ചപ്പോൾ മഹാരാഷ്ട്രന്മാർ അതിന്നെല്ലാം തക്കതായ പ്രതിക്രിയ ചെയ്വാൻതുടങ്ങി. ചിലപ്പോൾ മുസൽമാന്മാരുടെ പള്ളികൾ ഇടിച്ചുപൊളിച്ചും, ചിലപ്പോൾ അവരുടെ പുണ്യപുരുഷന്മാരുടെ ശവകുടീരങ്ങളിൽ പന്നിമുതലായ ഹീനജന്തുക്കളുടെ ശവം കൊണ്ടുപോയി ഇട്ടും അവർ ഗസ്നിമഹമ്മദ്, അലാവുദ്ദീൻ, അറങ്ങസീബു മുതലായവരുടെ ദ്രോഹപ്രവൃത്തികൾക്കു പകരംവീട്ടിയിരുന്നു. മല്ഹാരറാവു

ഈവക കാൎയ്യങ്ങൾ ചെയ്യുന്നതിൽ മുമ്പനായിരുന്നു. ഭാരതവൎഷത്തിൻെറ തല്ക്കാലസ്ഥിതിക്കു ഹിന്തുക്കളുടെ ഇടയിൽ പരിശ്രമശീലനായ ഒരുവൻ ഉണ്ടായാൽ ഭാരതലക്ഷ്മി അവൻെറ അങ്കശായിനിയായിത്തീരുമെന്നു മഹ്ലാരറാവുവിന്നു നല്ലവിശ്വാസം ഉണ്ടായിരുന്നു. അതിന്നുവേണ്ടി തെക്കേഇന്ത്യയിലെന്നപോലെ വടക്കേഇന്ത്യയിലും ഹിന്തുക്കളുടെ, വിശേഷിച്ചു മഹാരാഷ്ട്രന്മാരുടെ, പ്രാധാന്യം സ്ഥാപിക്കാൻവേണ്ടി അദ്ദേഹം കഴിയുന്ന പരിശ്രമം ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശം ഒരുമാതിരി ഫലിക്കുകയും ചെയ്തു. അയോദ്ധ്യമുതൽ സിന്ധുനദീതീരംവരെയും, രാജപുത്തനയുടെ പൎവ്വതനിരമുതൽ കുമായൂനപൎവ്വതനിരകൾവരേയും ഉള്ള സകലപ്രദേശങ്ങളും മഹാരാഷ്ട്രന്മാരുടെ ആക്രമണത്തിന്ന് ഇരയായിത്തീൎന്നു. മുഗൾചക്രവൎത്തിമാർ കഴിയുന്നിടത്തോളംകാലം മഹാരാഷ്ട്രന്മാരുടെ ദ്രോഹപ്രവൃത്തികളെ തടയാൻ ശ്രമംചെയ്തുനോക്കി. എന്നാൽ അവരെ അമൎത്തുന്നതു് അസാദ്ധ്യമാണെന്നു കണ്ടപ്പോൾ മുഗൾചക്രവൎത്തികൾ മഹാരാഷ്ട്രന്മാരെ ശരണംപ്രാപിച്ചു. രാജ്യത്തിൻെറ ഏതാനുംഭാഗം കൊടുത്തും, പണംകൊടുത്തും അവർ മഹാരാ‍ഷ്ട്രന്മാരെ, വശീകരിക്കുകയും മഹാരാഷ്ട്രന്മാരെത്തന്നെ തങ്ങളുടെ ശത്രുക്കളെ ഒതുക്കേണ്ടഭാരം ഏല്പിക്കുകയും

ചെയ്തു. മല്ലാരറാവു ഈ ഭാരം കയ്യേററ് ഒരിക്കൽ രോഹിലന്മാരോടു ഭയങ്കരമായ യുദ്ധംചെയ്തു. അക്കാലത്തു വീരത്വംപോലെ, യുദ്ധകൌശലവും മഹാരാഷ്ട്രരുടെ ഇടയിൽ നല്ലവണ്ണം ആദരിക്കപ്പെട്ടിരുന്നു. രോഹിലന്മാരുമായുണ്ടായ യുദ്ധത്തിൽ മല്ലാരറാവു അത്ഭുതകരമായ ഒരു കൌശലം പ്രയോഗിച്ചു. തൻെറ സൈന്യങ്ങൾ രോഹിലന്മാരുടെ സൈന്യങ്ങളേക്കാൾ വളരേ കുറവാണെന്നു കണ്ടപ്പോൾ അദ്ദേഹം ശത്രുക്കളെ രാത്രിയിൽ ആക്രമിക്കാൻ തീച്ച്പ്പെടുത്തി. ഭയങ്കരമായ രാത്രിയിൽ അദ്ദേഹം സൈന്യങ്ങളോടുകൂടി ശത്രുക്കളുടെ കൈനിലയുടെ ഒരുഭാഗം ആക്രമിക്കുകയും, അനേകം കാളകളുടേയും പോത്തുകളുടേയും കൊമ്പുകളിൽ എണ്ണയിൽ മുക്കിയ തുണികൾ കെട്ടി തീക്കൊളുത്തി അവയെ കൈനിലയുടെ മറുഭാഗത്തേക്കു് ആട്ടുകയും ചെയ്തു. കൂരിരുട്ടിൽ ഉണ്ടായ ആക്രമണംകൊണ്ടു ശത്രുക്കൾ കിംകത്തവ്യവിമൂഢന്മാരായിത്തീൎന്നു. അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരുന്നവെളിച്ചം കണ്ടും, മാടുമേയ്ക്കുന്നവരുടെ നിലവിളികേട്ടും അവർ അമ്പരന്നു പോകയും ഇരുഭാഗങ്ങളിൽനിന്നും സ്വതന്ത്രമായ രണ്ടു സൈന്യങ്ങൾ തങ്ങളെ ആക്രമിക്കാൻ വരുന്നുണ്ടെന്നു തീച്ച്യാക്കുകയുംചെയ്തു. അവർ പരിഭ്രമിച്ച് അണിവിട്ടു് ഓടിത്തുടങ്ങി. മല്ലാരറാവു ഇപ്രകാ

രം വിജയം നേടുകയും ശത്രുക്കളുടെ കൈനില കൈക്കലാക്കുകയും ചെയ്തു.* ദില്ലിചക്രവത്തി സന്തോഷിച്ച് അദ്ദേഹത്തിന്നു ചാന്ദോർപ്രദേശത്തിൻെറ ഭരണാധികാരം കൊടുത്തു. എന്നാൽ മല്ഹാരറാവു യഥാൎത്ഥത്തിൽ സ്വതന്ത്രനായിരുന്നുവെങ്കിലും താൻ പേഷ്വയുടെ സേനാധിപൻ മാത്രമാണെന്നേ അദ്ദേഹം വിചാരിച്ചിരുന്നുള്ളു. അതിനാൽ പേഷ്വയുടെ അറിവുകൂടാതേയും, അനുമതിയില്ലാതേയും ഈ സമ്മാനം വാങ്ങാൻ അദ്ദേഹത്തിന്നു സമ്മതമുണ്ടായിരുന്നില്ല. ചാന്ദോരദേശത്തിൻേറ 'ദേശമുഖ്' (ദേശമുഖ്യൻ) എന്ന സ്ഥാനംമാത്രം സ്വീകരിച്ചു അദ്ദേഹം തൃപ്തിപ്പെട്ടു. ഹൊൽക്കർവംശത്തിന്ന് 'ദേശമുഖ്' എന്ന സ്ഥാനം ഇപ്പോഴും ഉണ്ടു്.

അക്കാലത്തു മുഗൾസാമ്രാജ്യം അന്തർദ്രോഹങ്ങൾകൊണ്ടു് എങ്ങിനെ ബലഹീനമായിത്തീൎന്നിരുന്നുവോ, അങ്ങിനെതന്നെ പുറമെയുള്ള ശത്രുക്കളുടെ ആക്രമണംകൊണ്ടും കഷ്ടപ്പെട്ടിരുന്നു. ചരിത്രപ്രസിദ്ധനായ അഹമ്മദ്ഷാ അബ്ദാലി ആ സമയത്തു

* വീരാഗ്രഗണ്യനായ 'ഹാനിബാൾ' ഒരിക്കൽ ഈ മാതിരി ഉപായം പ്രയോഗിച്ചതായി 'കാർത്തേജ്' ചരിത്രത്തിൽനിന്നു വായനക്കാൎക്കു് അറിയാവുന്നതാണു്. ശയസ്തഖാനെ വശത്താക്കാൻവേണ്ടി സിവാജിയും ഒരിക്കൽ ഈ മാതിരി കൌശലം പ്രയോഗിച്ചിട്ടുണ്ടെന്നു പ്രസിദ്ധിയുണ്ടു്.

ദ്ദത്രാന്തന്മാരായ തൻെറ ആഫ്ഗാനസൈന്ന്യങ്ങളോ ടുകൂടി പഞ്ചാബിനെ കൊള്ളയിടാൻ തുടങ്ങി. ദില്ലി ചക്രവത്തിയുടെ ആധിപത്ത്യം നശിപ്പിച്ചുകളഞ്ഞ മഹാരാഷ്ട്രന്മാർതന്നെയാണ് അപ്പോഠം വാസ്തവ ത്തിൽ ഭാരതത്തിൻെറ അധിശ്വരന്മാരായിരുന്നതു്. അതുകൊണ്ടു് ഈ പുതിയ ശത്രുവിൻെറ ആക്രമണം തടയേണ്ടഭാരം അവർ കയ്യേല്ക്കേണ്ടിവന്നു. താനേ ശ്വരപ്പോർക്കളത്തിലെന്നപോലെ, പാനിപഥയുദ്ധ ക്ഷേത്രത്തിലും ഒരിക്കൽകൂടി ഭാരതത്തിൻെറ ഭാഗ്യപ രിക്ഷയുണ്ടാവുകയും, വിജയലക്ഷ്മി മുമ്പിലത്തെപ്പോ ലെ ഇത്തവണയും മുസൽമാന്മാരുടെ അങ്കശായിനി യായിത്തിരുകയും ചെയ്തു. പാണിപഥയുദ്ധത്തിൽ മഹാരാഷ്ട്രന്മാർ തോററിട്ടില്ലായിരുന്നുവെങ്കിൽ,ഹിന്ദു സ്ഥാനം പക്ഷേ ഹിന്ദുക്കളുടേതുതന്നെ ആകുമായിരു ന്നു. എന്നാൽ ഈശ്വരേച്ഛ അപ്രകാരമല്ലായിരുന്നു. എതിരില്ലാത്തപരാക്രമവും ശൌയ്യവും കാണിച്ചിട്ടും, മഹാരാഷ്ട്രന്മാക്ക് ജയം നേടാൻ സാധിച്ചില്ല. ഭാര തവഷത്തിൽ ആദ്ദ്യത്തിൽ മഹമ്മദീയസാമ്രാജ്യം സ്ഥാപിക്കാൻ സഹായിച്ചതു ഹിന്ദുക്കഠം തമ്മിലു ള്ള മത്സരമാണ്. ഇപ്പോഴും അതുതന്നെ ഹിന്ദുക്ക ളുടെ സവ്വനാശത്തിന്നും കാരണമായിത്തിൎന്നു. മഹാ രാഷ്ട്രസേനാധിപനായ സദാശിവരാവുഭാവുവിൻെറ ആത്മാഭിമാനവും അസഹിഷ്ണുതയുംകൊണ്ടു മഹാരാ

ഷ്ട്രന്മാരുടെ ഇടയിൽ ഛിദ്രം ഉണ്ടായിത്തീൎന്നു. മററുള്ള മഹാരാഷ്ട്രവീരന്മാരെപ്പോലെ മല്ലാരരാവു വും സ്വദേശത്തിൻെറയും സ്വജാതിയുടേയും മഹിമ രക്ഷിക്കാൻവേണ്ടി പാണിപഥയുദ്ധക്ഷേത്രത്തിൽ വന്നെത്തിയിരുന്നു. ഗൎവ്വിഷ്ഠനായ സദാശിവരാവു അവരെ അവരുടെ സ്ഥിതിക്കനുസരിച്ചു ബഹുമാനിച്ചില്ല. † എന്നുതന്നെയല്ല, മല്ലാരരാവു അവരുടെ വംശത്തിൻെറ ഭൃത്യനാണെന്നുള്ള നിലയിൽ പലപ്പോഴും അദ്ദേഹത്തെ നിന്ദിക്കയും ചെയ്തിരുന്നു. ഒരിക്കൽ മല്ലാരരാവു സദാശിവരാവുവിന്നു എന്തോ ഒരു ഉപദേശം കൊടുക്കുകയുണ്ടായി. സദാശിവരാവു സഭയിൽവെച്ച് എല്ലാവരും കേൾക്കെ 'ഞാൻ മാട്ടുകാരൻെറ ഉപദേശം കേൾക്കാൻ വിചാരി

---

† സദാശിവരാവുവിൻെറ സ്വന്തം കയ്യക്ഷരത്തിലുള്ള വളരെ എഴുത്തുകൾ ഇയ്യിടയിൽ കണ്ടുകിട്ടീട്ടുണ്ട്. അവ വായിച്ചാൽ മല്ലാരരാവു തീരെ നിൎദ്ദോഷിയാണെന്നു പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. മല്ലാരരാവു ഗോപ്യമായി തൻെറ പ്രഭുത്വം വൎദ്ധിപ്പിക്കാൻവേണ്ടി പേഷ്വമാൎക്കു വിരോധമായി പ്രവൎത്തിച്ചിരുന്നു എന്നു സദാശിവരാവുവിന്നു സംശയം തോന്നാൻ തക്ക കാരണങ്ങൾ ഉണ്ടായിരുന്നു. അതു നിമിത്തം അയാൾക്കു മല്ലാരരാവുവിൻെറനേരെ വിരക്തിതോന്നിയിരുന്നു. അയാൾ കഴിയുന്നതു ശ്രമിച്ചിട്ടും അതു മറച്ചുവെയ്ക്കാൻ സാധിച്ചില്ല.

ക്കുന്നില്ല' എന്നു പറഞ്ഞു. എല്ലാവരുടേയും മുമ്പിൽ വെച്ചു തന്നെ ഇപ്രകാരം നിന്ദിച്ചതിൽ തേജസ്വിയായ മല്ഹാരറാവുവിന്നു കഠിനമായ മനോവേദനയുണ്ടായി എന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം എത്ര ഉത്സാഹത്തോടും സന്നാഹത്തോടും കൂടി പോർക്കളത്തിലേക്കു വന്നിരുന്നുവോ അതെല്ലാം മറഞ്ഞുപോയി. മഹാരാഷ്ട്രരുടെ വലതുകൈ സ്വേച്ഛാകൃതമായ ആഘാതംകൊണ്ടു ഇങ്ങിനെ ബലഹീനമായിത്തീർന്നു. മല്ഹാരറാവുവിൻെറയും അദ്ദേഹത്തിൻെറ സാമന്തന്മാരുടേയും സൈന്യങ്ങൾ യുദ്ധത്തിൽ പങ്കുകൊണ്ടില്ല. പാണിപഥയുദ്ധത്തിൻെറ ഭയങ്കരമായ പരിണാമത്തെപ്പററി വിസ്തരിച്ചിട്ടു ഫലമില്ല. ഈ യുദ്ധത്തിൽ എത്ര മഹാരാഷ്ട്രഭടന്മാരാണു നശിച്ചുപോയതു് എന്നതിന്നു കയ്യുംകണക്കുമില്ല. ഈ യുദ്ധത്തിൽ മരിച്ചിട്ടും മുറിയേററിട്ടും ഉള്ളവക്കുവേണ്ടി കണ്ണീർപൊഴിക്കാത്തതായ കുടുംബങ്ങൾ മഹാരാഷ്ട്രദേശത്തിൽ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. മല്ഹാരറാവുമാത്രം തൻെറ സാമന്തന്മാരോടും സൈന്യത്തോടും കൂടി സാവധാനത്തിൽ ആത്മരക്ഷചെയ്തു സ്വദേശത്തിൽ മടങ്ങിച്ചെന്നു. പാണിപഥയുദ്ധത്തിന്നുശേഷം മററുള്ള മഹാരാഷ്ട്രനേതാക്കന്മാർ ബലഹീനന്മാരായിത്തീർന്നതിനാൽ

മല്ലാരറാവു സ്വജാതിയുടെ നേതാവായിബ്ഭവിച്ചു. അദ്ദേഹത്തിൻെറ ജീവിതത്തിലെ സകല സംഭവങ്ങളും വൎണ്ണിക്കുന്നതു നമ്മുടെ ഗ്രന്ഥത്തിൻെറ വിഷയമല്ലല്ലോ. ഇങ്ങിനെ വളരെക്കാലം രാജ്യം ഭരിച്ചതിൻെറശേഷം അദ്ദേഹം പൂൎണ്ണവയസ്സിൽ പൂൎണ്ണഗൌരവത്തോടുകൂടി പരലോകം പ്രാപിച്ചു. അദ്ദേഹത്തിൻെറ ഗുണദോഷം ആലോചിക്കുന്നതായാൽ മല്ലാരറാവുവിനെപ്പോലെയുള്ള പുരുഷന്മാർ മഹാരാഷ്ട്ര ജാതിയിൽ വളരേ കുറച്ചുമാത്രമേ ജനിച്ചിട്ടുള്ളുവെന്നു തിച്ചയായും പറയാം. രക്തപാതംകൊണ്ടും യുദ്ധംകൊണ്ടും ആരെല്ലാം ഉന്നതസ്ഥിതി പ്രാപിച്ചിട്ടുണ്ടോ അവരുടെ ചരിത്രത്തിൽ ഗുണംപോലെ ദോഷങ്ങളും ധാരാളമുണ്ടാവും. മല്ലാരറാവുവിൻെറ ചരിത്രവും അപ്രകാരംതന്നെയാണ്. സിവാജി ഏതൊരു ദൃഷ്ടാന്തം കാട്ടികൊടുത്തിരുന്നുവോ അതുതന്നെയായിരുന്നു അക്കാലത്തെ മഹാരാഷ്ട്രന്മാരുടെ ആദൎശം. സ്വദേശവാത്സല്യം, സ്വധൎമ്മപ്രതിപത്തി, ശൌൎയ്യം, സാഹസം, സുഖവിരക്തി, ദൃഢപ്രതിജ്ഞത മുതലായ ഗുണങ്ങളോടുകൂടി കപടതന്ത്രങ്ങളിലുള്ള ആസക്തി, പകവീട്ടാനുള്ള താല്പൎയ്യം മുതലായ ദോഷങ്ങളും മഹാരാഷ്ട്രവീരന്മാരുടെ പ്രകൃതിയിൽ അക്കാലത്തു യഥേഷ്ടം കാണപ്പെട്ടിരുന്നു. ശത്രുക്കളെ ജയി

ക്കാൻവേണ്ടി നല്ലതോ ചീത്തയോ ആയ ഏതുപായ ത്തേയും അവലംബിക്കാമെന്നുള്ള ധാരണ അവരുടെ മജ്ജാതന്തുക്കളിൽപ്പോലും പ്രവേശിച്ചിരുന്നു. അതു കൊണ്ടു മല്ലാരറാവുവിൻെറ സകല കൃത്യങ്ങളും ധമ്മാനുമോദിതമായിരുന്നു എന്നു പറയാൻ പാടില്ല. എങ്കിലും അകാരണമായി അദ്ദേഹം ആരേയും ഉപദ്രവിക്കുകയോ കഷ്ടപ്പെടുത്തുകയോ ചെയ്യിട്ടില്ല എന്നുള്ള ഒരു പ്രധാനഗുണം അദ്ദേഹത്തിന്നുണ്ടായിരുന്നു. തോററുപോയ ശത്രുക്കളെ പലപ്പോഴും അദ്ദേഹം തൻെറ ദാക്ഷിണ്യംകൊണ്ടും നല്ലനടപടികൊണ്ടും വശീകരിച്ചിരുന്നു. മാട്ടമേക്കാരൻെറ നിലയിൽ നിന്നാണു താൻ രാജപദം പ്രാപിച്ചതു് എന്നുള്ള കഥ അദ്ദേഹം ഒരിക്കലും മറന്നുകളഞ്ഞില്ല. അദ്ദേഹത്തിൻെറ ചരിത്രത്തിലെ ഏററവും പ്രധാനമായ ഗുണം ദാനശീലമായിരുന്നു. സ്വജനങ്ങളുടേയും വേഴ്ചക്കാരുടേയും എന്നുമാത്രമല്ല,സകല മഹാരാഷ്ട്രന്മാരുടേയും നേരെ അദ്ദേഹത്തിൻെറ ദയാപ്രവാഹം ഇട വിടാതെ ഒഴുകിക്കൊണ്ടിരുന്നു. * മല്ലാരറാവുവിൻെറ

* "മല്ലാരറാവുവിൻെറ മുഖ്യഗുണം അയാളുടെ ഔദാര്യമായിരുന്നു. തൻെറ സ്വജനങ്ങളുടേയും ചാർച്ചക്കാരുടേയും എന്നല്ല എല്ലാ മഹാരാഷ്ട്രന്മാരുടേയും നേരെ അയാൾ അസാധാരണയായ ദയകാണിച്ചിരുന്നു." Malcome's Central India and Malwa. Pages 128-29.

ഭാൎയ്യയായ ഗൌതമാഭായി പല വിഷയങ്ങളിലും ഭൎത്താവിന്നനുരൂപയായ പത്നിയായിരുന്നു. അവൾക്കു ഗൃഹകൃത്യങ്ങളിൽ എത്രത്തോളം സാമൎത്ഥ്യമുണ്ടായിരുന്നുവോ, അത്രത്തോളം സാമൎത്ഥ്യവും സാഹസവും മററുകാൎയ്യങ്ങളിലും ഉണ്ടായിരുന്നു. ഭൎത്താവ് എപ്പോഴെങ്കിലും വല്ലയുദ്ധത്തിലും തോററാൽ അവർ അദ്ദേഹത്തെ വീണ്ടും വീണ്ടും ഉത്സാഹിപ്പിച്ച് യുദ്ധത്തിന്ന് അയക്കുകയും, യുദ്ധത്തിൽ ജയം കിട്ടുന്നതുവരെ അദ്ദേഹത്തെ ഉത്തേജനം ചെയ്യുകയും ചെയ്തിരുന്നു. രാജ്ഞി അഹല്യാഭായിക്കു ഭൎത്താവിൻെറ മാതാപിതാക്കന്മാരുടെ മികച്ചഗുണങ്ങളും ഉണ്ടായിരുന്നു. മല്ലാരറാവുവിൻെറ ദാനശീലവും സ്വജനവാത്സല്യവും ഗൌതമാഭായിയുടെ മനോദാൎഢ്യവും അഹല്യയുടെ പ്രകൃതിയിൽ നൂറിരട്ടിയായി പുഷ്ടിപ്രാപിച്ചിരുന്നു. തൻെറ സദാചാരംകൊണ്ടും സൽപ്രവൃത്തികൾകൊണ്ടും അവൾ ശ്വശുരകുലത്തിൻെറ മഹിമ വൎദ്ധിപ്പിച്ചു. നല്ല പുത്രനെക്കൊണ്ടെന്നപോലെ, നല്ലപുത്രഭാൎയ്യയെക്കൊണ്ടും വംശത്തിന്ന് മഹിമയുണ്ടായിത്തീരുന്നതാണ് എന്ന് അഹല്യയുടെ ജീവചരിത്രം സ്പഷ്ടമാക്കുന്നുണ്ട്.

അഹല്യാഭായി ഏതു സമുദായത്തിലും, ഏതു ദേശത്തിലും, ഏതുകാലത്തിലും ആണ് ജീവിച്ചത്

എന്നു വിവരിച്ചു കഴിഞ്ഞു. ഇനി നമുക്ക് അവളുടെ ജീവിതവൃത്താന്തവർണ്ണനയിൽ പ്രവേശിക്കാം.

## ഒന്നാം അദ്ധ്യായം

ക്രിസ്ത്വാബ്ദം 1735-ാമാണ്ടിൽ മാളവപ്രദേശത്തിലുൾപ്പെട്ട പാഥരഡി എന്നുപേരായ ഒരു ഗ്രാമത്തിൽ ആണ് അഹല്യാഭായി ജനിച്ചതു്. പാഥരഡി ഇപ്പോഴത്തെ അഹമ്മദനഗരത്തിൽ ഉൾപ്പെട്ടതാണ്. പണ്ട് അവിടെ പേഷ്വാമാരുടെ സൈന്യങ്ങൾ താമസിച്ചിരുന്നു. മഹാരാഷ്ട്രന്മാരുടെ പല മാന്യകുടുംബങ്ങളും അവിടെ താമസിച്ചിരുന്നു. ശിന്ദേ എന്നു പേരുള്ള വംശത്തിലാണ് അഹല്യാഭായി ജനിച്ചതു്. സുപ്രസിദ്ധമായ ശിന്ദേ (സിന്ധിയാ) രാജവംശവും ഈ വംശവും തമ്മിൽ ചാർച്ചയുണ്ടായിരുന്നു. അഹല്യയുടെ അച്ഛന്റെ പേർ ആനന്ദറാവുശിന്ദേ എന്നായിരുന്നു. അയാൾ ധർമ്മനിഷ്ഠനും, പരോപകാരിയും, അതിഥിസല്ക്കാരപ്രിയനും ആണെന്നു പ്രസിദ്ധികേട്ടിരുന്നു. അയാൾ കൃഷിചെയ്താണു കാലക്ഷേപം ചെയ്തുവന്നിരുന്നതു്.

വളരെക്കാലം സന്തതിയില്ലാതിരുന്നതുകൊണ്ട് ആനന്ദറാവുവിന്നും അയാളുടെ ഭാൎയ്യയ്ക്കും വളരെ ദുഃഖമുണ്ടായി. സന്തതിയുണ്ടാവാൻവേണ്ടി അവർ അനേകം വ്രതങ്ങൾ അനുഷ്ഠിക്കുകയും വഴിവാടുകൾ കഴിക്കുകയും ചെയ്തു. ഇങ്ങിനെ കുറെക്കാലം കഴിഞ്ഞപ്പോൾ ഒരിക്കൽ ഉച്ചസമയത്തു ദേഹംമുഴുവനും ഭസ്മംപൂശി ജടാജൂടധാരിയായ ഒരു സന്യാസി അവരുടെ ഗൃഹത്തിൽചെന്നു ഭിക്ഷചോദിച്ചു. ആനന്ദറാവു അപ്പോൾ ഗൃഹത്തിലുണ്ടായിരുന്നില്ല. അതിഥിസൽക്കാരപരായണയായ ഗൃഹനായിക താൻ ഭക്ഷണം കഴിക്കാതെ തനിക്കും ഭൎത്താവിന്നും വേണ്ടി തയ്യാറാക്കിയിരുന്ന ഭക്ഷണപദാൎത്ഥങ്ങൾ സന്യാസിക്കു കൊടുത്തു. സന്യാസി ഭക്ഷണംകഴിച്ചു തൃപ്തനായശേഷം വീട്ടുടമസ്ഥയുടെ ദുഃഖത്തിന്റെ കാരണം മനസ്സിലാക്കി കൊറ്റാപുരത്തിൽപോയി അവിടുത്തെ ജഗദംബാദേവിയെ സേവിക്കാൻ ഉപദേശിച്ചു. ആനന്ദറാവു ഗൃഹത്തിൽ മടങ്ങിവന്നപ്പോൾ ഭാൎയ്യ സകല വിവരങ്ങളും അയാളോടു പറഞ്ഞു. പിന്നെ സന്യാസിയുടെ ഉപദേശം അനുസരിച്ച് അവർ കൊല്ലാപുരത്തിൽപോയി ശുദ്ധമനസ്സോടുകൂടി ജഗദംബയേ സേവിച്ചുതുടങ്ങി. ഇങ്ങിനെ ഒരു കൊല്ലത്തോളം ആ ദമ്പതിമാർ

കൊലാപുരത്തിൽ താമസിച്ചു ഭഗവതിയേ ഭജിച്ചു. ഒരു ദിവസം ദേവി സ്വപ്നത്തിൽ ആനന്ദ റാവുവിൻെറ മുമ്പിൽ ആവിർഭവിച്ച് ഇപ്രകാരം പറഞ്ഞു. 'ഞാൻ നിങ്ങളുടെ ഗൃഹത്തിൽ ജനിച്ചു നിങ്ങളുടെ അഭീഷ്ടം സാധിപ്പിക്കുന്നുണ്ട്. നിങ്ങൾ ഇനി കഷ്ടപ്പെടേണ്ടതില്ല. സ്വഗൃഹത്തിലേക്കു മട ങ്ങിപ്പോകുവിൻ!' സൎവ്വാഭരണഭൂഷിതയായ ഒരു സ്ത്രീ തൻെറ നെററിയിൽ ഒരു സിന്ദൂരപ്പൊട്ടു തൊടിയിച്ചു സദ്യോജാതയായ ഒരു പെൺകുട്ടിയേ തൻെറ മടി യിൽവെച്ചു മറഞ്ഞുപോയതായി ആനന്ദറാവുവി ൻെറ ഭാൎയ്യയും അന്നുതന്നെ ഒരു സ്വപ്നംകണ്ടു. ഈ മാതിരി സ്വപ്നം കണ്ടപ്പോൾ തങ്ങളുടെ അഭീഷ്ടം സാധിക്കുമെന്ന് അവൎക്കു വിശ്വാസമായി. പിന്നെ യഥാവിധി ബ്രാഹ്മണഭോജനം മുതലായതു കഴിച്ച് അവർ സന്തോഷത്തോടുകൂടി സ്വന്തം ഗ്രാമത്തി ലേക്കു മടങ്ങിപ്പോയി.

ഈ സംഭവം ഉണ്ടായതിന്നുശേഷം ആനന്ദറാ വുവിന്നു ലഭിച്ച കന്യാരത്നമാണ് അഹല്യാഭായി. ആ ഗ്രാമത്തിലുണ്ടായിരുന്ന ഒരു ജ്യോത്സ്യൻ അവ ളുടെ ജാതകം പരിശോധിച്ച് അവൾ രാജ്യത്തിന്ന് അധീശ്വരിയായിത്തീരുമെന്നും, അവളുടെ സൽഗു

ണങ്ങൾകൊണ്ട് അവൾ സർവ്വപൂജ്യയായിത്തീരു മെന്നും ലക്ഷണം പറഞ്ഞിട്ടുണ്ടായിരുന്നു.

അഹല്യ കുട്ടിക്കാലത്തുതന്നെ വളരെ സുശീലയും, സ്നേഹാർദ്രഹൃദയത്തോടുകൂടിയവളും ആയിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. പാഥരഡിഗ്രാമത്തിൽ ഒരു പാഠശാലയുണ്ടായിരുന്നു. അതിലെ ഗുരുനാഥനും ആനന്ദറാവുവും തമ്മിൽ അടുത്ത ബന്ധുത്വം ഉണ്ടായിരുന്നു. ഈ ഗുരുനാഥൻ സ്നേഹപൂർവ്വം അഹല്യയ്ക്കു് എഴുതാനും വായിക്കാനും പഠിപ്പിച്ചു. പിന്നീടു രാമായണം, മഹാഭാരതം മുതലായ പുരാണങ്ങൾ വായിച്ചു ധർമ്മാലോചനചെയ്യാനും സമാധാനത്തോടുകൂടി കാലക്ഷേപംചെയ്യാനും അഹല്യയ്ക്കു സാധിച്ചതു് ഈ ഗുരുനാഥന്റെ സഹായംകൊണ്ടും അനുഗ്രഹം കൊണ്ടും ആണ്.

അഹല്യയ്ക്കു് ഒമ്പതുവയസ്സായപ്പോൾ ആനന്ദറാവു അവൾക്കു് അനുരൂപനായ ഒരു വരനെ അന്വേഷിക്കാൻ തുടങ്ങി. ഈ സമയത്തു മഹാരാഷ്ട്രസേനാധിപന്മാർ ഗുജറാത്തിലും മാളവദേശത്തിലും ഉള്ള കലക്കങ്ങൾ ശമിപ്പിച്ച് അവിടെനിന്നു പൂനയിലേയ്ക്കു മടങ്ങുംവഴിക്കു പാഥരഡിഗ്രാമത്തിലുള്ള സേനാനിവേശത്തിൽ വിശ്രമിക്കാൻ വേണ്ടി ഇറങ്ങിട്ടുണ്ടായിരുന്നു. അവരുടെ ഒന്നിച്ചു മല്ലാ

ർറാവുവും അയാളുടെ മകനും ഉണ്ടായിരുന്നു. ഒരി ക്കൽ സേനാധിപന്മാർ ആനന്ദറാവുവിന്റെ ഗൃഹ ത്തിന്നടുത്തുള്ള ഹനുമാൻക്ഷേത്രത്തിൽ ഇരുന്നിരുന്നു. ഗ്രാമപാഠശാലയിലെ ഗുരുനാഥനും അവരുടെ സമീ പത്തിലിരുന്നു സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ ഗുരുനാഥൻ അവിടെ ഇരിക്കുന്നതുകണ്ടു അയാളുടെ പ്രിയശിഷ്യയായ അഹല്യ അവിടെച്ചെന്നു അടു ക്കൽ ഇരുന്നു. ഗുരുനാഥന് അഹല്യയുടേനേരേ വളരെ വാത്സല്യം ഉണ്ടായിരുന്നതുകൊണ്ടും, അ വൾക്കു ഗുരുവിന്റെ നേരെ അതിയായ ഭക്തിയു ണ്ടായിരുന്നതുകൊണ്ടും അവൾക്ക് എപ്പോഴും ത ന്റെ പിതൃബന്ധുവിന്റെ ഒന്നിച്ചിരിക്കാൻ വള്ള രെ താല്പര്യമുണ്ടായിരുന്നു. ഈ അവസരത്തി ലാണു മല്ഹാർറാവു തന്റെ പുത്രന്റെ ഭാര്യയാ കാൻപോകുന്ന അഹല്യയേ കണ്ടതു്. കാഴ്ചയിൽ അഹല്യ ഒരു സുന്ദരിയായിരുന്നില്ല. എങ്കിലും അവളുടെ മുഖത്തിൽ വിളയാടിയിരുന്ന ഒരു കമനീ യഭാവം ദർശനമാത്രത്തിൽതന്നെ കാണികളുടെ മന സ്സിനെ വശീകരിച്ചിരുന്നു. അവിടെ കൂടിയിരുന്ന സേനാധിപന്മാർ അഹല്യയുടെ സരളവും സുന്ദരവും ആയ മുഖവും അത്ഭുതകരമായ കാന്തിയും കണ്ടിട്ടു വളരെ സന്തോഷിച്ചു. മല്ഹാർറാവു ഗുരുനാഥ

നോട്ട അഹല്ല്യയുടെ വിവരങ്ങളെല്ലാം ചോദിച്ചുമ നസ്സിലാക്കി. പിന്നെ അവളെ തന്റെ പുത്രഭാര്യ യാക്കിയാൽകൊള്ളാമെന്നു തനിക്ക് ആഗ്രഹമു ണ്ടെന്നു മൽഹാരരാവു ഗുരുനാഥനോട്ട പറഞ്ഞു. ആ നന്ദരാവുവും അയാളുടെ ഭാൎയ്യയും ഈ സംബന്ധം ഈശ്വരപ്രേരിതമാണെന്നു വിചാരിച്ചു പരമസ ന്തോഷത്തോട്ടുകൂടി മൽഹാരരാവുവിന്റെ പ്രസ്താ വത്തെ കയ്ക്കൊണ്ടു. ചിലപ്പോൾ അച്ഛനമ്മമാർ പ്രാണൻകളഞ്ഞു പരിശ്രമിച്ചിട്ടും പുത്രിക്ക് അനു രൂപനായ വരനെ കിട്ടാതെ കുഴങ്ങുന്നു. ചില പ്പോൾ ആരോട്ടും യാചിക്കാതേതന്നെ പുത്രിക്കു അനുരൂപനായ വരനേ എളുപ്പത്തിൽ കിട്ടുന്നു. ഇതു കൊണ്ടാണു ശിരസ്സിലെഴുത്തിൽ, അല്ലെങ്കിൽ ജന്മാ ന്തരകൎമ്മഫലത്തിൽ, ഹിന്ദുക്കൾ വിശ്വസിച്ചുവരു ന്നതു്. അല്ലെങ്കിൽ ഒരു സാധാരണ കൃഷിക്കാര ന്റെ മകൾക്കു ഇപ്രകാരം 'രാജപത്നിയായി' ത്തീൎന്നു പിതൃകുലത്തേയും ശ്വശുരകുലത്തേയും ഉജ്ജ്വലമാക്കിത്തീൎക്കാനുള്ള യോഗം ഉണ്ടായതു് എങ്ങിനേയാണു്?

പിന്നെ കുറേദിവസം കഴിഞ്ഞശേഷം മൽഹാ രരാവുവിന്റെ ഏകപുത്രനായ ഖണ്ഡേരാവുവി ന്റെയും അഹല്ല്യയുടേയും ശുഭവിവാഹം പൂനാനഗര

ത്തിൽവെച്ചു വളരെ ആഘോഷത്തോടുകൂടി നടത്തപ്പെട്ടു. ഈ വിവാഹത്തിന്നു ഭാരതവഷത്തിൻെറ നാനാദിക്കുകളിൽനിന്നും മഹാരാറാവു ക്ഷത്രിയരാജാക്കന്മാരേ ക്ഷണിച്ചുവരുത്തിയിരുന്നു. തൻെറ പുത്രി രാജഭായ്യയായിബ്ഭവിച്ചതിൽ ആനന്ദറാവുവിന്നു ഉണ്ടായ സന്തോഷാധിക്യംകൊണ്ടു് അയാൾ തൻെറ സവ്വസ്വവും ബ്രാഹ്മണക്കു ദാനംചെയ്തു എന്നു പറയപ്പെടുന്നുണ്ടു്. അഹല്യയുടെ വിവാഹം കഴിഞ്ഞു് അല്പദിവസങ്ങൾക്കുള്ളിൽതന്നേ അവളുടെ അച്ഛനമ്മമാർ മരിച്ചുപോയി.

ഏതൊരു രാജ്യത്തിൽ പുരുഷന്മാരുടെ ചരിത്രം തന്നെ വിശ്വസിക്കത്തക്കവിധത്തിൽ അറിയാൻ പ്രയാസമായിരിക്കുന്നുവോ, ഏവിടെ ഇതിഹാസവും പുരാണവും ജനശ്രുതിയും അവിഭജ്യരീതിയിൽ അന്യോന്യം കൂടികലൎന്നിരിക്കുന്നുവോ, ആ രാജ്യത്തിൽ ഒരു സ്ത്രീയുടെ ജീവചരിത്രം രചിക്കാൻ ശ്രമിക്കുന്നതായാൽ അടിക്കടി തെററുവരാൻ എളുപ്പമുണ്ടു്. വിശേഷിച്ചു ഹൈന്ദവകുലസ്ത്രീകളുടെ ജീവിതം സാധാരണന്മാരുടെ ദൃഷ്ടിയിൽപെടാത്ത മട്ടിലാണു കഴിഞ്ഞുകൂടുന്നതു്. അതുകൊണ്ടു പുറമേയുള്ള ആളുകൾക്കു് അവരുടെ ചരിത്രത്തെപ്പററി അറിയാനുള്ള സൌകൎയ്യവും ഇല്ല. തന്നിമിത്തം

അഹല്യയുടെ ഗാർഹസ്ഥ്യജീവിതത്തിലെ സംഭവങ്ങളെക്കുറിച്ച വിസ്തരിച്ചറിയാനുള്ളമാർഗ്ഗം ഇല്ല. എന്നാലും മഹാരാഷ്ട്രന്മാരുടെ ഇടയിൽ ജീവചരിത്രം എഴുതുന്ന സമ്പ്രദായം അക്കാലത്തും ഉണ്ടായിരുന്നതുകൊണ്ട് അഹല്യയുടെ ജീവചരിത്രം നമുക്കു കുറഞ്ഞൊന്ന് അറിയാൻ കഴിയുന്നുണ്ട്. 'ഹോല്ക്കരാം ചീകൈഫിയൽ' (ഹോല്ക്കരവംശവിവരണം) എന്ന 'ബഖര' (ഇതിഹാസ)ഗ്രന്ഥത്തിൽ അഹല്യയുടെ ജീവിതത്തിന്റെ ഈ അംശത്തെസ്സംബന്ധിച്ചു ചില വിവരണങ്ങൾ കാണപ്പെടുന്നുണ്ട്. അതിൽ ആവശ്യമായ ചിലഭാഗങ്ങളുടെ മർമ്മാനുവാദം താഴേ ചേർക്കുന്നു:—

വിവാഹത്തിന്നുശേഷം അഹല്യ ഭർത്തൃഗൃഹത്തിൽ ചെന്നു ഭർത്താവിന്റെ അച്ഛനമ്മമാരെ ഭക്തിയോടുകൂടി ശുശ്രൂഷിച്ചുവന്നു. അവളുടെ ശ്വശുരനായ സുബേദാർ മല്ലാരറാവു അസാമാന്യ തേജസ്വിയും, ഉഗ്രസ്വഭാവിയും ഏതാണ്ടു തന്നിഷ്ടംപോലെ നടക്കുന്നവനും ആയിരുന്നു. അയാൾ ചിലപ്പോൾ അകാര്യത്തിന്നോ സ്വല്പകാര്യത്തിന്നോ വേണ്ടി അനവധി പണം ചിലവഴിച്ചിരുന്നു. അച്ഛന്റെ ഗൃഹത്തിൽ ചുരുങ്ങിയമട്ടിൽ കാലക്ഷേപം കഴിക്കാൻ ശീലിച്ചുപോന്ന അഹല്യയ്ക്കു് അയാളുടെ

അധികച്ചിലവും താന്തോന്നിത്തവും കണ്ടു വളരെ മനോവേദനയുണ്ടായി. എന്നാൽ അതുകൊണ്ടു് അവൾ ഒരിക്കലും ശ്വശുരന്റെ നേരെ ഭയഭക്തിയില്ലാതെയോ, അയാളെ ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധയില്ലാതെയോ ഇരുന്നില്ല. മല്ഹാരറാവു തന്റെ പുത്രഭാര്യയെ അവളുടെ ചെറുപ്പംമുതൽക്കുതന്നേ അതിയായി സ്നേഹിച്ചിരുന്നു. തനിക്കു് എന്തു സന്താപവും വിരക്തിയും ഉള്ള സമയമായാലും വേണ്ടില്ല, അഹല്യ എന്തെങ്കിലും അദ്ദേഹത്തോടു് ആവശ്യപ്പെട്ടാൽ അദ്ദേഹം ഒരിക്കലും അവളുടെ അപേക്ഷയെ കൈക്കൊള്ളാതിരുന്നിട്ടില്ല. ബഹുജനദൃഷ്ടിയിൽ അദ്ദേഹം ഉഗ്രപ്രതാപത്തോടുകൂടിയവനും, കാലസ്വരൂപനും ആയിരുന്നുവെങ്കിലും അഹല്യയുടെ നേരെ അദ്ദേഹത്തിന്നുള്ള പ്രീതിക്കും വിശ്വാസത്തിന്നും അതിരില്ലായിരുന്നു. എന്തിന്നധികം പറയുന്നു. ദീനം പിടിച്ചുകിടക്കുമ്പോൾ അഹല്യ മരുന്നുകൊടുത്താൽ മാത്രമേ അദ്ദേഹം അതു കഴിച്ചിരുന്നുള്ളു. അഹല്യയുടെ ശ്വശ്രുവായ ഗൌതമാഭായിയും കുറച്ചു് ഉഗ്രസ്വഭാവത്തോടുകൂടിയവളായിരുന്നു. എങ്കിലും ശുശ്രൂഷ, സഹനശീലം, കാൎയ്യസാമൎത്ഥ്യം മുതലായ ഗുണങ്ങൾകൊണ്ടു് അഹല്യ അവളേയും വശീകരിച്ചിരുന്നു.

അഹല്യ അവളുടെ ശ്വശുരന്റേയും ശ്വശ്രുവി

ൻെറയും കണ്ണിലുണ്ണിയായിരുന്നു. അവൾക്ക് അനേകം ദാസന്മാരും ദാസിമാരും ഉണ്ടായിരുന്നു. എങ്കിലും അവൾ ഗൃഹകാൎയ്യങ്ങളിൽ ഉദാസീനത കാണിക്കുകയോ, ഗൃഹകൃത്യങ്ങൾ ചെയ്യുന്നതിൽ വിരക്തി ഭാവിക്കുകയോ ചെയ്യിരുന്നില്ല അവൾ പകൽ മുഴുവനും ഗൃഹകൃത്യങ്ങളിൽ ഏൎപ്പെട്ടു രാത്രി ഏഴെട്ടു നാഴിക കഴിഞ്ഞാൽ ഉറങ്ങാൻപോവുകയും, അഞ്ചാമനാഴിക വെളുപ്പാനുള്ളപ്പോൾ എഴുന്നേററ വീണ്ടും ഗൃഹകൃത്യങ്ങളിൽ ഏൎപ്പെടുകയും ചെയ്യിരുന്നു. ആഭിജാത്യംകൊണ്ടോ, ധനഗൎവ്വംകൊണ്ടോ ഗൃഹകൃത്യങ്ങളിൽ വിമുഖികളായിത്തീൎന്നു കുടുംബങ്ങളിൽ ദുശ്ശീലവും കുഴപ്പങ്ങളും ഉണ്ടാക്കിത്തീൎക്കുന്ന സ്ത്രീകൾക്ക് അഹല്യയുടെ നടപടി സൎവ്വഥാ അനുകരണീയമാണ്.

കുട്ടിക്കാലം മുതല്ക്കുതന്നേ അഹല്യക്കു പാപത്തിൽ ഭയവും, ധൎമ്മത്തിൽ നിഷ്ഠയുമുണ്ടായിരുന്നു. അംബാദാസപൌരാണികൻ എന്നുപേരായ സദാചാർശീലനായ ഒരു ബ്രാഹ്മണൻെറ അടുക്കൽനിന്നു 'പരലോകഗതിക്കുള്ള വ്യവസ്ഥകൾ' പഠിച്ച് അവൾ ദിവസംപ്രതി ചിട്ടയോടുകൂടി ഇഷ്ടദേവതയുടെ സേവചെയ്യിരുന്നു. ഒരുവേള താൻ കുട്ടിയാണെന്നു വിചാരിച്ച് ശ്വശുരനും ശ്വശ്രുവും അതി

ന്നു സമ്മതിച്ചില്ലെങ്കിലോ എന്നു ഭയപ്പെട്ടു അവരം പലപ്പോഴും ഗോപ്യമായി പൂജാദികരം ചെയ്യുവന്നിരുന്നു. യൌവനത്തിലും അവരം ഒരിക്കലും വിലാസസുഖങ്ങളിൽ സമയം വെറുതേ നഷ്ടമാക്കിക്കളഞ്ഞില്ല. ശൂദ്രസ്ത്രീയായിരുന്നുവെങ്കിലും അവരം 'ശിഷ്ടസമ്പ്രദായ'ക്കാരായ ബ്രാഹ്മണരെപ്പോലെ നിത്യം വിധിപോലെ കുളി, സന്ധ്യാവന്ദനം, ദേവാച്ചനം മുതലായതു് കഴിച്ചിരുന്നു. അവരംക്കു ബ്രാഹ്മണരുമായി ജ്ഞാതിസംബന്ധം ഉണ്ടായിരുന്നില്ല എന്നു മാത്രമേയുള്ളു. ധമ്മാചരണത്തിൽ സദാചാരശീലന്മാരായ ബ്രാഹ്മണരോടു് അവരം എല്ലാ അംശത്തിലും കിടപിടിച്ചിരുന്നു.

അഹല്യയുടെ ദാമ്പത്യജീവിതം ഏതുവിധത്തിലായിരുന്നുവെന്നുള്ളതിനെപ്പററി വിശേഷമായ വിവരങ്ങരം ഒന്നും കിട്ടിട്ടില്ല. എന്നാൽ ഏതൊരുവരം തൻെറ ഗുണംകൊണ്ടു സ്വജനങ്ങളേയും അന്യന്മാരേയും സന്തോഷിപ്പിച്ചിരുന്നുവോ, സ്ഥാവരജംഗമങ്ങളായ സകല വസ്തുക്കളുടേയും നേരേ ഏതൊരുവളുടെ കരുണാപ്രവാഹം ധാരമുറിയാതെ ഒഴുകിക്കൊണ്ടിരുന്നുവോ അവരം ഭത്താവിൻെറ ഇഷ്ടം അനുസരിച്ചു പ്രവൃത്തിച്ചു തൻെറ അടക്കംകൊണ്ടും ഒതുക്കംകൊണ്ടും ഗാർഹസ്ഥ്യജീവിതം മധുരമയമാക്കി

ത്തിത്തിരിക്കുമെന്നു് ഊഹിക്കുന്നതു് അസംഗതമായിത്തിരുന്നതല്ല. എന്നാൽ അവളുടെ ദാമ്പത്യജീവിതം സുഖമായിരുന്നെങ്കിലാവട്ടേ, അല്ലെങ്കിൽ ദുഃഖമായിരുന്നെങ്കിലാവട്ടേ അഹല്യയ്ക്കു അധികകാലം ഭത്തൃശുശ്രൂഷ ചെയ്യാനുള്ള യോഗം ഉണ്ടായില്ല. ക്രിസ്ത്വാബ്ദം 1753-ാമാണ്ടിൽ ഭരതപുരത്തിന്നടുത്തുള്ള കുംഭേരി എന്ന കോട്ടയുടെ ആക്രമണസമയത്തു് അഹല്യയുടെ ഭത്താവായ ഖണ്ഡേറാവു കൊല്ലപ്പെടുകയും, അഹല്യയുടെ സംസാരസുഖം നശിച്ചുപോവുകയും ചെയ്തു. വയസ്സുകാലത്തു തന്റെ ഏകപുത്രന്റെ അകാലമരണം നിമിത്തം മറ്റാരറാവുവിന്നു കഠിനമായ മനോവേദനയുണ്ടായി. ഈ കാലത്തു് അഹല്യയ്ക്കു പതിനെട്ടു വയസ്സുമാത്രമേ ആയിരുന്നുള്ളു. അവൾക്കു് ഒരു മകനും ഒരു മകളും ഉണ്ടായിരുന്നു. ഭത്താവു മരിച്ചവിവരം അറിഞ്ഞപ്പോൾ അഹല്യ ദുഃഖം പൊറുക്കാൻ കഴിയാതേ ചിതയിൽചാടി മരിക്കാൻ തീച്ച്ചയാക്കി. പലരും അതിന്നു മുടക്കം പറഞ്ഞുനോക്കി. ആരുപറഞ്ഞിട്ടും അവളുടെ സങ്കല്പത്തിന്നു മാററമുണ്ടായില്ലെന്നു കണ്ടപ്പോൾ വൃദ്ധനായ മറ്റാരറാവു കണ്ണിൽ വെള്ളംനിറച്ചും ഇടനെഞ്ഞു പൊട്ടിക്കൊണ്ടും അവളോടു പറഞ്ഞു. 'കുട്ടി! വെയിൽകൊണ്ടു ചുട്ടുപൊരിയുന്ന ഈ സംസാരമരു

ഭൂമിയിൽ യാതൊരാശ്രയവും തണലും കൂടാതെ, എന്നെ ഇട്ടേച്ചുപോവാൻ നീ ആഗ്രഹിക്കുന്നുവോ? ഈ വയസ്സുകാലത്തു് എന്നെ ദുഃഖസമുദ്രത്തിൽ വലിച്ചിട്ടു ഖണ്ഡുജി പരലോകം പ്രാപിച്ചു. നിൻെറ മുഖം കണ്ടിട്ടെങ്കിലും ആ ദുഃഖം മറന്നുപോകുമെന്നു ഞാൻ വിചാരിച്ചിരിക്കയാണു്. രാജ്യഭാരം ചെയ്യുന്നതിൽ നീ എന്നെ സഹായിക്കുന്നതായാൽ എൻെറ അഹല്യ മരിച്ചിരിക്കുന്നു എന്നും, എൻെറ ഖണ്ഡു ജിവിച്ചിരിക്കുന്നുണ്ടെന്നും ഞാൻ വിചാരിക്കും. രാജ്യകാൎയ്യങ്ങളിലും സ്വത്തുക്കൾ നോക്കി രക്ഷിക്കുന്ന കാൎയ്യത്തിലും നിനക്കു ഖണ്ഡു എന്ന പേർ തന്നു (അതായതു നിന്നെ എൻെറ ഖണ്ഡുവാണെന്നു കരുതി സകല ഭാരവും നിന്നിലേല്പിച്ചു) ഞാൻ യുദ്ധം രാജ്യവിസ്താരം മുതലായ ബാഹ്യവിഷയങ്ങളിൽ ഏൎപ്പെടണം എന്നു വിചാരിച്ചിരിക്കയാണു്. എൻെറ ആ ആഗ്രഹം പൂൎത്തിയാക്കേണ്ട ഭാരം നിനക്കാണു്. അതു് ആലോചിച്ചു നിൻെറ കൎത്തവ്യം എന്താണെന്നു നിനക്കു തോന്നുന്നുവോ അപ്രകാരം ചെയ്യാലും. കുട്ടി!, ഇന്നു മുതല്ക്കു് എന്നെ നിൻെറ സ്വന്തം പുത്രനെപ്പോലെ വിചാരിച്ചാലും" ഇങ്ങിനെ പറഞ്ഞു് സുബേദാർ പുത്രവധുവിൻെറ മടിയിൽ തലവെച്ചുകിടന്നു ശോകപരവശനായി.

ഒരു കുട്ടിയെപ്പോലെ തേങ്ങിക്കരഞ്ഞു തുടങ്ങി. ദയാലുവായ അഹല്യ ദുസ്സഹമായ ഭൎത്തൃവിയോഗദുഃഖത്തിൽ മുങ്ങിയിരുന്നുവെങ്കിലും, വൃദ്ധനായ ശ്വശുരൻ 'ഇഷ്ടദേവതയെപ്പോലെ ആരാദ്ധ്യനാണ്' എന്നുള്ള ബോധത്തോടുകൂടി അയാളുടെ അനുരോധംകൊണ്ടു ചിതയിൽചാടി മരിക്കാനുള്ള സങ്കല്പത്തെ പരിത്യജിച്ചു.

സംസാരത്തിന്റെ ഭാരം തലയിൽ വന്നാൽ അഹല്യയ്ക്ക് അവളുടെ കഠിനദുഃഖം കുറച്ചെങ്കിലും മറക്കാൻ സാധിക്കുമെന്നു വിചാരിച്ചും, അവളുടെ ബുദ്ധിശക്തിയിലും ധൎമ്മജ്ഞാനത്തിലും, തനിക്കു ദൃഢവിശ്വാസമുണ്ടായിരുന്നതുകൊണ്ടും മല്ഹാരറാവു രാജ്യസംബന്ധമായ പല കാൎയ്യങ്ങളുടേയും ഭാരം അവളെ ഏല്പിച്ചു. വരവു ചിലവിന്റേയും കമ്മിജാസ്തി മുതലായതിന്റെയും കണക്കുവെക്കുക, ആശ്രിതന്മാരെ രക്ഷിക്കുക, ഭൃത്യന്മാരുടെ മേലന്വേഷണം ചെയ്യുക മുതലായ കാൎയ്യങ്ങൾ നോക്കേണ്ടഭാരം മല്ഹാരറാവു അഹല്യയെ ഏല്പിച്ചു. അദ്ദേഹംസന്ധി, വിഗ്രഹം, ദിഗ്ജയം മുതലായ കാൎയ്യങ്ങൾമാത്രം നോക്കിവന്നു. രാജ്യത്തിന്റെ ആഭ്യന്തരമായ വ്യവസ്ഥകളുടെ ഭാരം അഹല്യയ്ക്കുതന്നെയായിരുന്നു. സുബേദാരുടെ പരാക്രമംകൊണ്ടും, ഭാഗ്യംകൊണ്ടും

അദ്ദേഹം പണം ധാരാളം സമ്പാദിച്ചിരുന്നു. എന്നാൽ നല്ല വ്യവസ്ഥയോടുകൂടി അതിനെ സദ്വ്യയം ചെയ്തിരുന്നത് അഹല്യയായിരുന്നു. അഹല്യയുടെ കല്പനകൂടാതെ ഉദ്യോഗസ്ഥന്മാർ യാതൊരു കാൎയ്യവും ചെയ്തിരുന്നില്ല. മല്ലാരറാവു സൈന്യങ്ങളോടും സാമന്തന്മാരോടുംകൂടി വാഫ്ഗാവ എന്ന ദിക്കിൽ താമസിച്ചിരുന്നു. രാജ്യത്തിലെ മുതലെടുപ്പെല്ലാം പിരിച്ചിരുന്നത് അഹല്യയാണ്. വരവുചിലവിൻെറ കണക്കും, സൈന്യങ്ങളുടെ ചിലവു ശമ്പളം മുതലായതിന്നുവേണ്ട പണവും അവഠം മല്ലാരറാവുവിന്ന് അയച്ചുകൊടുത്തിരുന്നു. അഹല്യ തൻെറ സ്വന്തം കയ്യക്ഷരത്തിൽ വരവുചിലവിൻെറ കണക്കുകഠം വെച്ചുവന്നിരുന്നുവെന്നും, മല്ലാരറാവു വിദേശത്തിൽനിന്നു മടങ്ങിവരുമ്പോഴെല്ലാം അവഠം ആ കണക്കുകഠം അദ്ദേഹത്തിന്നു കാണിച്ചു കൊടുത്തിരുന്നുവെന്നും കേട്ടുകേഠംവിയുണ്ട്. ചിലവുകഠം മല്ലാരറാവു ചെയ്യുന്നതിനേക്കാഠം ചുരുക്കത്തിൽ ചെയ്തു സകലകാൎയ്യങ്ങളും ഭംഗിയായി നടത്താൻ അഹല്യക്കു സാമൎത്ഥ്യമുണ്ടായിരുന്നു.

രാജ്യസംബന്ധമായ കാൎയ്യങ്ങളിലും ഉദ്യോഗസ്ഥന്മാരെക്കാഠം അധികം സാമൎത്ഥ്യം അഹല്യക്കുള്ളതായി കാണപ്പെടുന്നു. അഹല്യയുടെ ബുദ്ധിസാമ

ത്ഥ്യത്തിലും, കാര്യപരിചയത്തിലും മല്ഹാരറാവു വിന്ന് അത്ര അധികം വിശ്വാസമുണ്ടായിരുന്നതുകൊണ്ടു പാണിപഥയുദ്ധത്തിന്നു പോകുമ്പോൾ രാജ്യത്തിൻെറ സകലഭാരവും അയാൾ അഹല്യയെ ത്തന്നെയാണ് ഏല്പിക്കുന്നത്.

മല്ഹാരറാവു ഉഗ്രപ്രകൃതിയോടുകൂടിയവനായിരുന്നതുകൊണ്ടു മേലും കീഴും നോക്കാതെ ചിലപ്പോൾ വല്ല നിന്ദ്യമായ കാര്യങ്ങളിലും ഏൎപ്പെട്ടാൽ അദ്ദേഹത്തിന്നു ഹിതോപദേശം ചെയ്തു ഉദ്ദേശിച്ചിരുന്ന കാര്യത്തിൽനിന്നു പിൻവലിപ്പിക്കാൻ അഹല്യയ്ക്കല്ലാതെ മററാൎക്കും സാധിച്ചിരുന്നില്ല. മല്ഹാരറാവു ജീവിച്ചിരിക്കുമ്പോൾതന്നേ അവളാണു രാജ്യത്തിൻെറ സൎവ്വാദ്ധ്യക്ഷം വഹിച്ചിരുന്നതു്. എന്നാൽ ഇത്രയെല്ലാം പദവിയും അധികാരവും ഉണ്ടായിരുന്നിട്ടും, ധനത്തിൻെറയും പ്രഭുത്വത്തിൻെറയും കൂട്ടാളിയായ അഹങ്കാരം ഒരിക്കലും അഹല്യയെ ബാധിച്ചിരുന്നില്ല. രാജ്യകാൎയ്യങ്ങൾ നിൎവ്വഹിച്ചതിന്നുശേഷം ബാക്കിയുള്ള മിക്കസമയവും അവൾ നൎമ്മദാതീരത്തിൽപോയി സ്നാനം, സന്ധ്യാവന്ദനം, സൽക്കൎമ്മം,ദാനധൎമ്മംമുതലായതു ചെയ്തു കഴിച്ചുകൂട്ടിയിരുന്നു.

ക്രിസ്ത്വാബ്ദം 1765-ാമാണ്ടിൽ 72-ാമത്തെ വയസ്സിൽ മല്ഹാരറാവുഹോൾക്കർ പരലോകംപ്രാപിച്ചു.

മരണശേഷം അദ്ദേഹത്തിൻെറ പൌത്രനും അഹല്യയുടെ പുത്രനുമായ മാലേറാവു രാജ്യഭാരം തുടങ്ങി. മാലേറാവുവിന്നു രാജ്യകാൎയ്യങ്ങളിൽ ലേശംപോലും സാമൎത്ഥ്യമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല അയാൾ ഒരു വ്യവസ്ഥയില്ലാത്തവനുമായിരുന്നു. അതുനിമിത്തം പുത്രൻ സിംഹാസനാരൂഢനായെങ്കിലും, രാജ്യസംബന്ധമായ സകലകാൎയ്യങ്ങളും മുമ്പിലത്തെപ്പോലെ അഹല്യതന്നേ നടത്തേണ്ടതായി വന്നു. തൻെറ ശ്വശ്രൂരൻ ജീവിച്ചിരുന്നകാലത്തോളം രാജ്യഭാരം അവൾക്ക് അത്ര ബുദ്ധിമുട്ടുള്ളതായി തോന്നിയിരുന്നില്ല. രാജ്യകാൎയ്യങ്ങളിൽ അവൾ ശ്വശ്രൂരനെ സഹായിച്ചിരുന്നുവെങ്കിലും വ്രതധൎമ്മങ്ങൾ അനുഷ്ഠിച്ചും, മക്കളെ രക്ഷിച്ചുവളൎത്തി സുഖം അനുഭവിച്ചും സാമാന്യം മനസ്സമാധാനത്തോടുകൂടി അവൾക്കു കാലക്ഷേപം ചെയ്യാൻ സാധിച്ചിരുന്നു. എന്നാൽ മല്ലാരറാവുവിൻെറ മരണത്തോടുകൂടി രാജ്യഭാരം എത്രത്തോളം പ്രയാസപ്പെട്ട ഒരു കാൎയ്യമാണെന്ന് അവൾക്കു നല്ലപോലെ അറിയാനിടയായി. ഈ സമയം മുതല്ക്കാണ് അവളുടെ യഥാൎത്ഥമായ മഹത്വം പരീക്ഷിക്കാനുള്ള അവസരം വന്നുചേൎന്നതു്.

മല്ലാരറാവു ഏതുവിധത്തിലാണു രാജ്യസ്ഥാപനം

ചെയ്യുതെന്നു് ഉപക്രമണികയിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്റെ കയ്യൂക്കുകൊണ്ടു് ആരെയെല്ലാം തോല്പിച്ച് അദ്ദേഹം രാജ്യത്തിന്നു വിസ്താരം കൂട്ടിയോ അവരിൽ അനേകംപേൎക്കും അയാളുടെ നേരെ ദ്വേഷമുണ്ടായിരുന്നു. മല്ലാരറാവുവിന്റെ മരണശേഷം ഇതിന്നെല്ലാം പ്രതിക്രിയ ചെയ്യേണമെന്നു് അവർ മനസ്സിൽ സങ്കല്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു ശ്വശുരൻ മരിച്ചശേഷം പ്രത്യക്ഷമായും, പരോക്ഷമായും ഉള്ള ശത്രുക്കളുടെ ഇടയിൽതന്നെ രാജ്യഭാരം സ്വീകരിക്കേണ്ടതായിവന്നു.

ആപത്തും സങ്കടവുമാണു മനുഷ്യത്വത്തിന്റെ യഥാൎത്ഥമായ പരീക്ഷകളെരി. അഹല്യയുടെ മഹാമനസ്കത എത്രത്തോളമുണ്ടായിരുന്നു എന്നറിയേണമെങ്കിൽ സാംസാരികമായും, രാജനൈതികമായും അവൾക്കു നേരിട്ട പലപ്രകാരത്തിലുള്ള ആപത്തുകളേയും ദുഃഖങ്ങളേയും പററി പൎയ്യാലോചന ചെയ്യുന്നതു മുഖ്യാവശ്യമാണു്. ആദ്യമായി അവൾക്കു സംഭവിച്ച സാംസാരികദുഃഖങ്ങളെപ്പററി പറയാം. ഒരു് സ്ത്രീ പിച്ചക്കാരിയാവട്ടേ, അല്ലെങ്കിൽ മഹാരാജ്ഞിയാവട്ടേ അവളുടെ മുഖ്യാവലംബം ഭൎത്താവാണു. 18-ാമത്തെ വയസ്സിൽ അവളുടെ ഭൎത്താവു മരിച്ചുപോയി. പിന്നെ ഏകശരണമായിരുന്ന ശ്വശു

രന്നും അല്പം കഴിഞ്ഞപ്പോൾ പരലോകംപ്രാപിച്ചു. അതിനാൽ രാജ്ഞീപദം കിട്ടിയെങ്കിലും ഈ ആപത്തുകൾകൊണ്ടു് അഹല്യയ്ക്കു ദാരുണമായ മനോവേദന അനുഭവിയ്ക്കേണ്ടിവന്നു. എന്നാൽ ഇതുകൊണ്ടൊന്നും കഴിഞ്ഞില്ല. അവളുടെ മനസ്സമാധാനക്കേടിന്നു് ഇതിലും വലുതായ ഒരു കാരണം ഉണ്ടായിരുന്നു. അഹല്യയുടെ പുത്രനായ മാലേറാവു അമ്മയുടെ മനസ്സിന്നു സമാധാനമുണ്ടാക്കിക്കൊടുത്തില്ലെന്നുമാത്രമല്ല, അവളുടെ ഹൃദയത്തിന്നു കണ്ടകസ്വരൂപനായിത്തീരുകയും ചെയ്തു. ഭൂമിയിലെ മഹാപുരുഷന്മാരുടേയും മഹതികളുടേയും ജീവചരിത്രം പര്യാലോചന ചെയ്യുന്നതായാൽ അവരിൽ അധികംപേക്കും പ്രപഞ്ചസുഖം അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലെന്നു കാണാവുന്നതാണു്. അച്ഛനമ്മമാരുടേയോ, ഭാര്യാപുത്രാദികളുടേയോ, ഇവരിൽ ഏതെങ്കിലും ഒരാളുടേയോ നടപടികൊണ്ടു് അവക്കു കണ്ണീരും കയ്യുമായി കാലക്ഷേപംചെയ്യേണ്ടിവരുന്നതായിട്ടാണു കാണപ്പെടുന്നതു്. അഹല്യയുടെ ജീവിതം ഇതിന്നു് ഒരു മുഖ്യദൃഷ്ടാന്തമാണു്. അഹല്യയുടെ പുത്രനായ മാലേറാവു വലിയ ദുർവൃത്തനും ദുസ്സ്വഭാവിയും ആയിരുന്നു. തന്റെ തോന്നിവാസപ്രവൃത്തികൾകൊണ്ടു യൌവനത്തിൽതന്നെ അയാൾ മരി

ച്ചുപോയി. എന്നാൽ അയാൾ ജീവിച്ചിരുന്നേട
ത്തോളം കാലം അയാളുടെ നടപടി കണ്ടു് അഹല്യ
യ്ക്കു രാപ്പകൽ കണ്ണീർപൊഴിക്കേണ്ടിവന്നു. പ്രായ
പൂർത്തിവരികയും, രാജ്യഭാരത്തിൻെറ ചുമതല തല
യിൽ വരികയും ചെയ്യാൽ മാലേറാവുവിൻെറ
സ്വഭാവത്തിന്നു ക്രമേണ മാററംവരുമെന്നു് അഹല്യ
ആശിച്ചിരുന്നു. എന്നാൽ അവളുടെ ആശ നിഷ്ഫ
ലമായ്ഭവിച്ചു. മല്ലാരറാവുവിൻെറ മരണശേഷം
മാലേറാവു മുത്തച്ഛൻെറ സിംഹാസനത്തിൽ
ആരോഹണം ചെയ്തു എന്നതു സത്യംതന്നെ.
എന്നാൽ അയാളുടെ സ്വഭാവത്തിന്നു് അണുമാത്രം
പോലും മാററംവന്നില്ല. എന്നുതന്നെയല്ല, അത്യധി
കമായ ക്രൂരപ്രവൃത്തികൾകൊണ്ടും, കുത്സിതമായ
നടപടികൾകൊണ്ടും അയാൾ അമ്മയുടെ മർമ്മങ്ങൾ
പിളത്തിരുന്നു. കുട്ടിക്കാലം മുതല്ക്കേ മാലേറാവു
ചഞ്ചലഹൃദയനും ഉഗ്രപ്രകൃതിയും ആയിരുന്നു.
യൌവനാരംഭത്തിൽ അയാൾ മദ്യപാനവും ശീലി
ച്ചുതുടങ്ങി. അതോടുകൂടി അയാൾക്കു തീരെ ഹിതാ
ഹിതജ്ഞാനം ഇല്ലാതായിത്തീൎന്നു. കള്ളു കുടിച്ചു
മതിമറന്നിരിക്കുമ്പോൾ അയാൾ വലിയ സ്ഥിതിയി
ലുള്ള ഉദ്യോഗസ്ഥന്മാരെക്കൂടി ചമ്മട്ടികൊണ്ടു് അടി
ച്ചിരുന്നു. മല്ലാരറാവുവിൻെറ പരമബന്ധുവും,

വിശ്വാസഭാജനവുമായിരുന്നതു കോജിഹോല്ക്കർ ഒരിക്കൽ അയാൾക്കു് ഉപദേശംകൊടുക്കാൻ പോയപ്പോൾ മാലേറാവു അയാളെ ഭൃത്യനെക്കൊണ്ടു് അവമാനിപ്പിക്കയുണ്ടായി. ഭർത്താവിൻെറ മരണശേഷം അഹല്യ തൻെറ ജീവിതം ദേവബ്രാഹ്മണസേവക്കായി ഉഴിഞ്ഞുവെച്ചിരുന്നു. മാലേറാവു അമ്മയുടെ കാൎയ്യങ്ങളിൽ സഹാനുഭൂതി പ്രകാശിപ്പിച്ചില്ലെന്നു മാത്രമല്ല, പല പ്രകാരത്തിലും അവളുടെ വ്രതങ്ങൾക്കു വിഘ്നംവരുത്തുകയും ചെയ്തിരുന്നു. അഹല്യ ബ്രാഹ്മണരെ ഈശ്വരന്മാരെപ്പോലെ ഭക്തിയോടുകൂടി ആദരിച്ചിരുന്നു. എന്നാൽ മാലേറാവുവിന്നു ബ്രാഹ്മണരെ കണ്ടുകൂടായിരുന്നു. എന്തുപായം എടുത്തിട്ടും ബ്രാഹ്മണരെ കഷ്ടത്തിലാക്കാനുള്ള ശ്രമങ്ങൾ അയാൾ ചെയ്തിരുന്നു. ബ്രാഹ്മണരെ അവമാനിപ്പാനും കഷ്ടപ്പെടുത്താനും വേണ്ടി അയാൾ നിത്യം പുതുതായ ഓരോ ഉപായങ്ങൾ കണ്ടുപിടിച്ചിരുന്നു. ചിലപ്പോൾ ധരിക്കാനുള്ള വസ്ത്രങ്ങളുടേയും, ചെരുപ്പുകളുടേയും ഉള്ളിൽ നല്ല വിഷമുള്ള തേളുകളെ പിടിച്ചിട്ടു അവയെ ബ്രാഹ്മണൎക്കു ദാനം ചെയ്തിരുന്നു. ചിലപ്പോൾ മൺകുടങ്ങളിൽ ഉറുപ്പിക നിറച്ചു് അവയിൽ വിഷമുള്ള സൎപ്പങ്ങളേയും ഇട്ടടച്ചു ദരിദ്രന്മാരായ ബ്രാഹ്മണൎക്കും

സന്ന്യാസിമാൎക്കും കൊടുത്തു് അവൎക്കു വേണ്ടേടത്തോളം പണം എടുത്തുകൊള്ളാൻ പറഞ്ഞിരുന്നു. ബ്രാഹ്മണരും സന്ന്യാസിമാരും കുടങ്ങളിൽ കയ്യിട്ടു പാമ്പുകടിച്ചു മരിക്കുന്നതു കണ്ടാൽ മാലേറാവുവിന്നു് അതിരററ സന്തോഷം ഉണ്ടായിരുന്നു. അഹല്യയുടെ ദയാൎദ്രമായ ഹൃദയം പുത്രന്റെ ഈ മാതിരി ദുൎന്നടപടികൾ കണ്ടു തകൎന്നിരുന്നു. എന്നാൽ എന്തുപാപംകൊണ്ടാണു് ആ നരപിശാചിനെ ഈശ്വരൻ തന്റെ ഗൎഭത്തിൽ ധരിക്കാൻ ഇടവരുത്തിയതു് എന്നു് അറിയാൻ കഴിയാതെ അവൾ രാപ്പകൽ ഒരുപോലെ കണ്ണീർവാൎത്തിരുന്നു. പുത്രന്റെ ദ്രോഹംകൊണ്ടു ബുദ്ധിമുട്ടിയവരെ നല്ലവാക്കു പറഞ്ഞു് ആശ്വസിപ്പിക്കുകയും, അവൾ അവൎക്കു തക്കതായ സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തിരുന്നു. ഈ മാതിരി ദുൎന്നടപടികളുടെ ഫലംകൊണ്ടു മാലേറാവു അധികകാലം ജീവിച്ചിരുന്നില്ല. സിംഹാസനാരോഹണത്തിന്നുശേഷം പത്തു മാസത്തിന്നുള്ളിൽ അയാൾ കാലഗതിപ്രാപിച്ചു. ഒരിക്കൽ രാജധാനിയിൽ താമസിച്ചിരുന്ന ഒരു ശില്പിയുടെ നേരെ അയാൾക്കു് എന്തോ സംശയം തോന്നുകയും, ദ്വേഷ്യം പൊറുക്കാതെ അയാൾ ആ ശില്പിയെ വധിക്കുകയും ചെയ്തു. എന്നാൽ അല്പദിവസങ്ങൾക്കുള്ളിൽ ആ ശി

ല്പി നിരപരാധിയാണെന്നും, യാതൊരു ദോഷവും കൂടാതെയാണ താൻ ആ ശില്പിയെ വധിച്ചതു് എന്നും മാലേറാവുവിന്നു മനസ്സിലായി. അന്നുമുതല്ക്കു മാലേറാവുവിൻെറ മനസ്സിന്നു സമാധാനം ഇല്ലാതായിത്തീൎന്നു. കഠിനമായ പശ്ചാത്താപംകൊണ്ടു അയാൾ അല്പകാലത്തിന്നുള്ളിൽ പീഡിതനായിത്തീരുകയും അസഹ്യമായ വേദനകൊണ്ടു് അയാൾക്കു കിടക്കപ്പൊറുതിയില്ലാതാവുകയും ചെയ്തു. ചത്തവൻ പ്രേതബാധയുള്ളവനായിരുന്നു എന്നും, അവൻ നിരപരാധിയായ തന്നെ കൊല്ലരുതെന്നു പറഞ്ഞിരുന്നു എന്നും അവൻെറ വാക്കു കേൾക്കാതെയാണു മാലേറാവു അവനെ കൊന്നതെന്നും ജനങ്ങൾ പറയുന്നുണ്ടു്. മാലേറാവു ദീനംപിടിച്ചു കിടന്നിരുന്നപ്പോൾ മരിച്ച ശില്പിയുടെ പ്രേതം തൻെറ അടുക്കൽ വന്നു തൻെറ പ്രാണനാശം വരുത്താൻ ഉത്സാഹിച്ചിരുന്നു എന്നു് അയാൾക്കു് എല്ലായ്പോഴും മനസ്സിൽ തോന്നിയിരുന്നുവത്രേ. പ്രേതങ്ങളുണ്ടെന്നും, അവ മനുഷ്യരെ ബാധിക്കുമെന്നും ലോകത്തിലുള്ള സകല ജാതിക്കാരുടെ ഇടയിലും ഏറക്കുറെ വിശ്വാസം ഉണ്ടു്. അഹല്യയ്ക്കും ആ വിശ്വാസം ഉണ്ടായിരുന്നു. അവൾ ഊണുമുറക്കവും ഉപേക്ഷിച്ചു പുത്രൻെറ അടുക്കൽതന്നെ ഇരുന്നു് അയാളെ ശുശ്രൂഷി

ച്ചിരുന്നു. പുത്രൻെറ ദേഹം വിട്ടുപോകേണമെന്ന്
അവഠം കണ്ണീരൊലിപ്പിച്ചുകൊണ്ടു പ്രേതത്തിനോ
ടു പ്രാത്ഥിച്ചിരുന്നു. ഒന്നുകൊണ്ടും ഫലമുണ്ടായില്ല.
ദിനംപ്രതി മാലേറാവുവിൻെറ ദീനം വദ്ധിച്ചുവന്നു.
രോഗം കലശലായിരിക്കുമ്പോഠം അയാഠം പറയുന്ന
തിൽ മിക്കഭാഗവും മൃതനായ ശില്പിയുടെ വധത്തെ
സ്സംബന്ധിച്ചായിരുന്നു. ഇതു കേട്ടു മററുള്ളവരെ
പ്പോലെ അഹല്യ്യയും പുത്രൻെറ ദേഹത്തിൽ പ്രേതം
കടന്നുകൂടിയിരിക്കുന്നു എന്നു ദൃഢമായി വിശ്വസി
ച്ചു. പ്രേതത്തിനെ കുടിയിരുത്താൻവേണ്ടി ഒരു മന്ദി
രം പണിയിച്ചുകൊള്ളാമെന്നും, മരിച്ച ശില്പിയുടെ
കുടുംബങ്ങളുടെ ചിലവിലേയ്ക്കായി ഭൂസ്വത്തു് ഇനാ
മായിക്കൊടുക്കാമെന്നും അഹല്യ വഴിവാടുനേന്നു.
എന്നാൽ അതുകൊണ്ടൊന്നും പ്രേതത്തിന്നു തൃപ്തി
വന്നില്ല. 'നിരപരാധിയായ എന്നെ കൊന്നവ
ൻെറ പ്രാണൻ നശിപ്പിച്ചല്ലാതെ എനിക്കു തൃപ്തി
യാവുന്നതല്ല'. എന്നുള്ള വാക്കുകഠം മാത്രമേ മിക്കസ
മയങ്ങളിലും മാലേറാവുവിൻെറ മുഖത്തുനിന്നു പുറ
പ്പെട്ടിരുന്നുള്ളു. അതിനാൽ പുത്രൻ ജീവിക്കുമെന്നു
ള്ള ആശ അഹല്യ്യയ്ക്കു തീരെ ഇല്ലാതായി. നിർഭാഗ്യ
വാനായ മാലേറാവു കുറേദിവസം കഠിനവേദന
അനുഭവിച്ചശേഷം അതേരോഗംകൊണ്ടു മരിച്ചു

പോയി.* അയാളുടെ രണ്ടു ഭാൎയ്യമാരും അയാളുടെ ചിതയിൽച്ചാടിമരിച്ചു.

ഇപ്രകാരം ഭൎത്താവിന്റെയും ശ്വശുരന്റെയും പുത്രന്റെയും മരണം നിമിത്തം അഹല്യയ്ക്കു ഓരോന്നായി കുടുംബസംബന്ധമായി എന്തെല്ലാം ആപത്തുകൾ നേരിട്ടിരുന്നു എന്നു വായനക്കാൎക്കു് ഊഹിക്കാൻ കഴിഞ്ഞിരിക്കുമല്ലോ. അവൾക്കു രാജ്യസംബന്ധമായി നേരിട്ട ആപത്തുകളും അവളുടെ സംസാരികമായ ആപത്തുകളേക്കാൾ ലഘുതരമായിരുന്നില്ല. മല്ഹാരറാവുവിന്റെ മരണശേഷം ദാനധൎമ്മ

---

* മദ്ധ്യഭാരതത്തിന്റെയും മാളവരാജ്യത്തിന്റെയും ചരിത്രകാരകനായ സർ ജോൺമാല്ക്കോം ഇപ്രകാരം എഴുതിയിരിക്കുന്നു. "പുത്രന്റെ ദുഷ്പ്രവൃത്തികൾ കണ്ടു് സഹിക്കാൻപാടില്ലാതെ മാലേറാവു വേഗത്തിൽ മരിക്കാൻവേണ്ടി അഹല്യ ശ്രമിച്ചിരുന്നു എന്നു ചിലർ പറയുന്നുണ്ടു്. എന്നാൽ ഞാൻ ഇതിനെപ്പററി കഴിയുന്നത്ര അന്വേഷണം ചെയ്തതിൽ ഈ ജനശ്രുതിക്കു ലേശംപോലും അടിസ്ഥാനമില്ല എന്നു എനിക്കു ധാരാളം തെളിവു കിട്ടീട്ടുണ്ടു്. പുത്രന്റെ ദുഷ്പ്രവൃത്തികൾ കൊണ്ടു് മൎമ്മം പിളൎന്നവളും മകന്റെ ദീനം സുഖപ്പെട്ടുമെന്നു ആശ തീരെ കൈവിട്ടവളും ആയ അഹല്യ അയാളുടെ മരണം അയാൾക്കും തനിക്കും രാജ്യത്തിന്നും ഒരുവിധത്തിൽ ഈശ്വരാനുഗ്രഹമാണെന്നുതന്നെ വിവേചനം ചെയ്തിരുന്നു. ഈ വിചാരം അവളുടെ സ്വഭാവത്തിന്നു ഒരു ദൂഷ്യമാകുന്നതിന്നു പകരം ഒരു മഹിമയായിട്ടാണു കരുതേണ്ടതു്".

ങ്ങളിലും, ദേവബ്രാഹ്മണസേവയിലും അഹല്യയ്ക്കു സ്വാഭാവികമായുണ്ടായിരുന്ന അനുരക്തി മുമ്പിലത്തേക്കാൾ വർദ്ധിച്ചുവന്നു. പുത്രന്റേയും പുത്രഭാര്യമാരുടേയും മരണശേഷം കഷ്ടബാഹുല്യമായ രാജ്യകാര്യത്തിൽനിന്നു പിന്മാറി തന്റെ ജീവിതത്തിന്റെ അവശിഷ്ടാംശം മുഴുവനും ഈശ്വരഭജനംചെയ്തു കഴിച്ചുകൂട്ടാൻ അവൾക്ക് ആഗ്രഹമുണ്ടായി. അതിന്നുവേണ്ടി മല്ഹാരറാവുവിന്റെ അടുത്ത ബന്ധുവും, വിശ്വസ്തനും, ആയ തുക്കോജിഹോൾക്കർ എന്ന സേനാധിപനെ രാജ്യകാര്യങ്ങളുടെ സകല ഭാരവും ഏല്പിക്കാൻ അവൾ നിശ്ചയപ്പെടുത്തിയിരുന്നു. എന്നാൽ അവൾ ഈപ്രകാരം ഔദാസീന്യം അവലംബിച്ചിരുന്നെങ്കിൽ അഹല്യയുടെ യഥാർത്ഥമഹത്വം വെളിപ്പെടുകയില്ലായിരുന്നു. അതിന്നുവേണ്ടി ഈശ്വരകല്പിതംകൊണ്ടു മുമ്പു വിചാരിക്കാത്തതായ ഒരു സംഭവം ശാന്തിയെ ആഗ്രഹിച്ചിരുന്ന അഹല്യയുടെ മനസ്സിനെ ക്ഷുബ്ധമാക്കിത്തീർത്തു.

അഹല്യയുടെ ശ്വശുരനായ മല്ഹാറാവുവിന്റെ അധികസമയവും യുദ്ധംകൊണ്ടാണു കഴിഞ്ഞുകൂടിയതു്. അദ്ദേഹം ചിലപ്പോൾ സിന്ധുനദിതീരത്തിലും ചിലപ്പോൾഅയോദ്ധ്യയുടേയും രോഹിലഖണ്ഡത്തിന്റേയും സമീപസ്ഥലങ്ങളിലും ചിലപ്പോൾ രാജ

പുത്താനയുടെ മരുപ്രദേശങ്ങളിലുമായി സംവത്സരത്തിൻെറ അധികഭാഗവും കഴിച്ചിരുന്നു. ഒരു ദിക്കിൽതന്നെ താമസിച്ചു രാജ്യകാൎയ്യങ്ങൾ നടത്താനുള്ള അവസരം അദ്ദേഹത്തിന്നുണ്ടായില്ല. താൻ ദൂരദിക്കിൽ താമസിക്കുമ്പോൾ രാജ്യകാൎയ്യങ്ങൾ നടത്താനായി ഗംഗാധരയശോവന്തൻ എന്നു പേരായ ഒരു ബ്രാഹ്മണനെ അദ്ദേഹം പ്രധാനമന്ത്രിയായി നിശ്ചയിച്ചിരുന്നു. ഗംഗാധരയശോവന്തൻ വലിയ കുടിലനും സ്വാത്ഥപരനും ആയിരുന്നു. മാലേറാവുവിൻെറ മരണശേഷം അഹല്യയെ ദൂരത്തകററി തൻെറ പ്രാധാന്യം സ്ഥാപിക്കാൻവേണ്ടി അയാൾ ഏററവും നിന്ദ്യമായ ഒരു കാൎയ്യത്തിൽ ഏപ്പെട്ടു. അഹല്യയുടെ ചിലവിന്നായി മാസത്തിൽ ഒരു സംഖ്യ നിശ്ചയിച്ചു ഹോല്ക്കർവംശത്തിലുള്ള ഏതെങ്കിലും ഒരു കുട്ടിയെ രാജാവാക്കി വാഴിക്കേണമെന്ന് അയാൾ തീച്ചപ്പെടുത്തി. അഹല്യ അസാമാന്യ ബുദ്ധിശാലിനിയും, ദൃഢസങ്കല്പമുള്ളവളും ആയിരുന്നതുകൊണ്ട് അവൾ രാജ്ഞിയായാൽ തൻെറ പ്രഭുത്വം തീരേ ഇല്ലാതായിപ്പോകുമെന്നും, കല്പനകേട്ടുനടക്കുന്ന ഒരു ഭൃത്യന്നുള്ള സ്വാതന്ത്ര്യമേ തനിക്കുണ്ടായുള്ളൂ എന്നും ഗംഗാധരയശോവന്തൻ മനസ്സിലാക്കിയിരുന്നു. എന്നാൽ അഹല്യ

യെ രാജ്യകാര്യങ്ങളിൽനിന്ന് അകററി ഒരു ബാലനെ രാജാവാക്കി വാഴിക്കാൻ കഴിഞ്ഞാൽ താൻ തന്നേ യഥാർത്ഥത്തിൽ രാജ്യത്തിൻെറ സർവ്വാധികാരിയായിത്തീരുന്നതാണ്. ഒരുവേള ബുദ്ധിമതിയായ അഹല്യ തൻെറ ദുരഭിപ്രായം അറിവാനിടവന്നാൽ, അവർ തൻെറ പ്രസ്താവത്തെ സമ്മതിച്ചില്ലെങ്കിലോ എന്നു ശങ്കിച്ച്, അയാൾ തന്നെപ്പോലെ കുബുദ്ധികളും ധർമ്മജ്ഞാനമില്ലാത്തവരുമായ രണ്ടു മൂന്നുപേരോടുകൂടി ഒരു ദുരാലോചന ചെയ്തു. ഏതൊരു സമുദായത്തിലും സ്വാർത്ഥപരന്മാരും, അധാർമ്മികന്മാരും ആയ ആളുകളെ കാണാതിരിക്കുന്നതല്ല. അല്പദിവസങ്ങൾക്കുള്ളിൽതന്നേ ഗംഗാധരന്നു തൻെറ മനസ്സിന്നൊത്ത ഒരു ചങ്ങാതിയെ കണ്ടുകിട്ടി. ഈ കാലത്തു മഹാരാഷ്ട്രസമുദായത്തിൻെറ നേതാവായിരുന്ന പേഷ്വാ സ്വാതേ വളരെ ധർമ്മിഷ്ഠനും, ദീർഘദർശിയും, നീതിന്യായതല്പരനും ആയിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പിതൃവ്യനായ രഘുനാഥറാവു അല്ലെങ്കിൽ രാഘോബാദാദ ഇതിനെല്ലാം തിരേ വിപരീതമായ സ്വഭാവത്തോടുകൂടിയവനായിരുന്നു. പാപിഷ്ഠനായ രഘുനാഥറാവുവിൻെറ പേർ ചരിത്രം അറിയുന്നവർക്കു പരിചയമുള്ളതാണ്. കുലദൂഷകനായ ഇയ്യാൾക്കുവേണ്ടി

യാണ് ആദ്യത്തെ മഹാരാഷ്ട്രയുദ്ധം ഉണ്ടായതു്. ഇ ദ്ദേഹംതന്നെയാണ സ്വജാതിയുടെ സവ്വനാശത്തി ന്റെ വഴി ആദ്യമായി തുറന്നുവിട്ടതു്. അഹല്യയെ ദുഃഖപരവശയായും, രാജധാനിയിലുള്ള മറ്റെല്ലാവ രെയും നിരാശാപീഡിതന്മാരായും കണ്ടിട്ടു, ഹോൾക്കർ രാജ്യം തന്റെ അധികാരത്തിൻകിഴിലാക്കേണ്ടതാ ണെന്നു ഗംഗാധരൻ രാഘോബാദാദക്കു് ഒരെഴു ത്തയച്ചു. അതിന്റെ സാരം ഇതാണ്. 'ഈ രാജ്യ ത്തിന്നു് ഇപ്പോൾ അവകാശിയില്ലാതായിരിക്കുന്നു. അങ്ങു സുബേദാരുടെ പുത്രസ്ഥാനത്തിലുള്ളവനാ ണെന്നു് എല്ലാവക്കും അറിവുള്ളതാണല്ലോ * അങ്ങു് ഈ അവസരത്തിൽ വേഗം ഇവിടേക്കു വന്നു ഈ രാജ്യവും സമൃദ്ധസമ്പത്തും കൈവശമാക്കണം. ഇവിടെയുള്ളവരെല്ലാം ദുഃഖസമുദ്രത്തിൽ മുങ്ങിക്കിട ക്കുകയാണ്. അങ്ങു് ഈ സമയത്തു് ഇവിടെ എത്തീട്ടില്ലെങ്കിൽ രാജ്യം പിടിച്ചടക്കാൻ ഇതിലും നല്ലതായ ഒരവസരം ഇനി ഒരിക്കലും കിട്ടുന്നതല്ല.'

* രാഘോബാദാദയുടെ മുത്തച്ഛനും ചരിത്ര പ്രസിദ്ധ നമായ ബാലാജിവിശ്വനാഥന്റെ കാലത്തു മല്ഹാരറാവു പേഷ്വാമാരുടെ കീഴിൽ പണിയെടുത്തിരുന്നതു കൊണ്ടു രാ ഘോബ അയാളെ പിതൃവ്യൻ എന്നു വിളിച്ചിരുന്നു. മല്ഹാര റാവുവും രാഘോബയെ തന്റെ സോദരപുത്രനെപ്പോലെ സ്നേഹിച്ചിരുന്നു.

ഈ പ്രസ്താവത്തെ രാഘോബ വളരെ സന്തോഷത്തോടുകൂടി കയ്ക്കൊണ്ടു ഗോപ്യമായി ഹോല്ക്കർ രാജ്യം ആക്രമിക്കാനുള്ള ശ്രമങ്ങൾ ചെയ്തുതുടങ്ങി. അയാൾ ഗംഗാധരനോടുകൂടി ആലോചിച്ചു അഹല്യക്ക് എതിരായി പ്രവൎത്തിച്ചുതുടങ്ങിയ വിവരം ആദ്യമായിട്ടു ശിവാജിഗോപാലനെന്നും റാവുജി മഹാദേവനെന്നും പേരോടുകൂടിയവരും, അഹല്യയുടെ വിശ്വസ്തന്മാരും ആയ രണ്ടു ഉദ്യോഗസ്ഥന്മാർ കേട്ടു. എന്നാൽ അഹല്യയുടെ കഠിനവ്യസനാവസ്ഥയിൽ അവളുടെ അടുക്കൽ പോയി ഈ വിവരം അറിയിക്കാൻ അവൎക്കു ധൈൎയ്യമുണ്ടായില്ല. അവർ മരിച്ചു സുബേദാരുടെ പുത്രിമാരായ ഹരകുബായി, ഉദാബായി എന്നിവരുടെ അടുക്കൽച്ചെന്നു സകല സംഗതികളും വിവരമായി അറിയിച്ചതിന്റെശേഷം ഇങ്ങിനെ പറഞ്ഞു. "തക്കസമയത്തു വേണ്ട പ്രതിവിധികൾ ചെയ്യാത്തപക്ഷം ഇല്ലെങ്കിൽ നിങ്ങൾ പിച്ചക്കാരായിത്തീരും." ഹരകുബായിയും, ഉദാബായിയും അഹല്യയുടെ അടുക്കൽച്ചെന്നു സകല വൎത്തമാനങ്ങളും അഹല്യയെ ധരിപ്പിച്ചു. മററുവല്ലവരുമാണെങ്കിൽ ഈ മാതിരി വൎത്തമാനം കേട്ടാൽ കിംകൎത്തവ്യവിമൂഢന്മാരായിത്തീരുമായിരുന്നു. എന്നാൽ അഹല്യയാവട്ടെ, ഇതുകേട്ട ഉടനേ

പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരേയും വിളിച്ചുവരുത്തി തൻെറ വ്യസനം മറച്ചുവെച്ച് ഓജസ്സോടും ഉറപ്പോടുംകൂടി ഇപ്രകാരംപറഞ്ഞു. "പാപിഷ്ഠന്മാരായ രണ്ടു ബ്രാഹ്മണർ(ഗംഗാധരനും രാഘോബയും) നന്ദികെട്ട പ്രവൃത്തികൾ ചെയ്യാൻതുടങ്ങിയിരിക്കുന്നു. എന്നാൽ ഞാൻ ഒരു സാമാന്യസ്ത്രീയാണെന്ന് ആരും മനസ്സിൽ കരുതേണ്ട. ഞാൻ കുന്തം കയ്യിൽപിടിച്ചു യുദ്ധത്തിന്നു പുറപ്പെട്ടാൽ പേഷ്വയുടെ സിംഹാസനംകൂടി വിറച്ചുപോകും. എൻെറ ശ്വശുരനും സ്വർഗ്ഗസ്ഥനുമായ സുബേദാർ വളരേ കഷ്ടപ്പെട്ടു തൻെറ വാൾകൊണ്ടു ഈ രാജ്യം നേടീട്ടുള്ളതാണ്. നിങ്ങളുടെ ബലംകൊണ്ടു സമ്പാദിച്ചിട്ടുള്ളതല്ല. ശിലേദാരും * സ്വർഗ്ഗസ്ഥനുമായ മഹാരാജാവ് ഏതുവിധം പേഷ്വമാരുടെ സേവനായിരുന്ന് അവരെ സഹായിച്ചിരുന്നുവോ, അതേവിധം നാമും അവരേ സേവിക്കാൻ തിച്ചയാക്കിയിരിക്കുന്നു. ആ വേഴ്ച വേർപെടുത്തണമെന്ന് ആരെങ്കിലും

---

* സ്വന്തം കുതിരയോടുകൂടി അന്യൻെറ കീഴിൽ ആർ യുദ്ധംചെയ്യുന്നുവോ അവരെ 'ശിലേദാർ' എന്നു പറയുന്നു. 'ശിലേദാർ' എന്ന ശബ്ദത്തിന്ന് ഇവിടെ 'യുദ്ധോപജീവി' എന്നാണ് അത്ഥം. മല്ലാരറാവു പേഷ്വമാരുടെ ദിഗ്ജയത്തിലും രാജദ്രോഹം ഒതുക്കുന്നകാര്യങ്ങളിലും പേഷ്വമാരെ സഹായിച്ചിരുന്നു.

ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാം മുകിലന്മാരുടെയോ പറങ്കികളുടേയോ † കീഴിൽ ആയി കാൎയ്യങ്ങൾ നടത്തുന്നതാണ്. അല്ലെങ്കിൽ നല്ലതെന്താണെന്നു നമുക്കു തോന്നുന്നുവോ അതു നാം ചെയ്യും. എന്നാൽ അവർ ആരെങ്കിലും സ്വബോദാരുടെ രാജ്യമോ സമ്പത്തോ കയ്യിലാക്കാൻ ശ്രമിക്കുന്നതായാൽ അവരുടെ പ്രയത്നം സഫലമാവാൻ നാം ഒരിക്കലും സമ്മതിക്കുകയില്ല." ഇങ്ങിനെ തേജോഗൎഭമായ വാക്കുകൾ എല്ലാവരുടേയും മുമ്പിൽവെച്ചു പറഞ്ഞശേഷം അഹല്യ വിശ്വസ്തന്മാരായ ചില ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി മൃദുസ്വരത്തിൽ അവരോടു പറഞ്ഞു. "ഇന്നുതന്നേ ഭോംസലേ, ഗായകവാഡ്, സേനാധിപനായ ദാഭാഡേ മുതലായ മണ്ഡലരാജാക്കന്മാൎക്കു ,സൈന്യസഹായം അപേക്ഷിച്ചുകൊണ്ടു സ്വകാൎയ്യമായി കത്തുകൾ അയക്കണം. തുക്കോജിറാവുഹോൾക്കരെ ഇന്തോറിലേക്കു കൂട്ടിക്കൊണ്ടുവരാനായി ഉദയപുരത്തിലേക്കു ദൂതനെ അയക്കണം. ഇതെല്ലാം മററാരാളും അറിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധവെക്കണം.

---

† പോൎത്തുഗീസുകാർ, പരന്ത്രീസുകാർ, ഇംഗ്ലീഷുകാർ മുതലായ യൂറോപ്യന്മാരേ പറങ്കികൾ എന്നു വിളിച്ചു വന്നിരുന്നു.

മഹാരാഷ്ട്രമണ്ഡലാധിപന്മാക്ക് അഹല്യ അയച്ച എഴുത്തിൻെറ സാരം ഇതാണ്. 'കൈലാസവാസിയായ സുബേദാർ താൻതന്നെ അസ്ഥിവാരം കീറി സ്വന്തംകൈകഠംകൊണ്ടു് കല്ലിട്ട പേഷ്വാസാമ്രാജ്യരൂപമായ ആ വിശാലമാളിക മുമ്പു പണിചെയ്യിച്ചിട്ടുണ്ടായിരുന്നു. ഭാഗ്യദോഷത്താൽ ഈശ്വരൻ ഇപ്പോഠം എനിക്കു വിപരീതമായിരിക്കുന്നു. ഈ സങ്കടാവസ്ഥയിൽ പൂർവ്വോപകാരികളായ ആശ്രിതന്മാരെ ആശ്വസിപ്പിക്കുകയും അവരുടെ രാജ്യരക്ഷചെയ്ത് അവരുടെ സേവ സ്വീകരിക്കുകയും ചെയ്യുന്നതു് പേഷ്വാമാരുടെ കർത്തവ്യമാണ്. എന്നാൽ അപ്രകാരം ചെയ്യാതേ അവർ പാപകരമായ ആഗ്രഹത്തിന്നു മനസ്സിൽ സ്ഥാനംകൊടുത്തു നമ്മുടെ സമ്പത്തു് അവരുടെ സ്വന്തമാക്കിത്തീക്കാൻ യത്നം ചെയ്തുവരുന്നു. എൻെറ ശിരസ്സിൽ എന്തെല്ലാം എഴുതിട്ടുണ്ടോ അതെല്ലാം തീച്ചയായും എനിക്ക് അനുഭവിക്കാതെ കഴിയുന്നതല്ല. എന്നാൽ ഇന്നു് എനിക്ക് നേരിട്ടിട്ടുള്ള സങ്കടങ്ങഠം മറെറാരവസരത്തിൽ നിങ്ങഠംക്കും നേരിടാനിടയുള്ളതാണ്. ഇതെല്ലാം നല്ലപോലെ ആലോചിച്ച് എൻെറ സഹായത്തിന്നു സൈന്യങ്ങളെ അയയ്ക്കുമല്ലോ'.

അഹല്യയ്ക്കു ന്യായമായി കിട്ടിട്ടുള്ള രാജ്യാധി

കാരത്തെ വഞ്ചിച്ചെടുക്കാനായി രാഘോബാദാദ യും, ഗംഗാധരയശോവന്തനുംകൂടി ശ്രമംചെയ്യുന്ന വിവരം എല്ലാവക്കും അറിയാറായി. അപ്പോൾ മഹാരാഷ്ട്രസാമന്തന്മാരിൽ വളരേപേർ അഹല്യയു ടെ പക്ഷത്തിൽച്ചേരാമെന്നു സമ്മതിച്ചു. അഹല്യയു ടെ അപേക്ഷപ്രകാരം ഗായകവാഡ ഇരുപതിനാ യിരം സൈന്യം അവളുടെ സഹായത്തിനു അയ ച്ചുകൊടുത്തു, ജഹ്ഗജിഭോംസലേ സൈന്യസമേതം നമ്മദാതീരത്തുള്ള ഹുസംഗാബാദിൽ താമസിച്ചി രുന്നു. അഹല്യയ്ക്കു കഴിയുന്ന സഹായം ചെയ്തുകൊ ടുക്കാമെന്നു് അദ്ദേഹവും ദൂതൻ മുഖാന്തരം അഹല്യ യ്ക്കു അറിവുകൊടുത്തു. മററുള്ള മണ്ഡലാധിപന്മാ രും സദ്ദാരന്മാരും അഹല്യയെ ആശ്വസിപ്പിച്ചുകൊ ണ്ടു താഴേ പറയുംപ്രകാരം എഴുത്തുകളയച്ചു:—

"മല്ലാരരാവു ഈ രാജ്യത്തിലെ ജനങ്ങൾക്കു് എന്തെല്ലാം ഉപകാരങ്ങളാണു ചെയ്തിട്ടുള്ളതു് എന്ന തിന്നു കണക്കില്ല. അദ്ദേഹത്തിൻെറ ഔദാൎയ്യത്തി ന്നു കടപ്പെടാത്തവർ ഈ ദിക്കുകളിൽ ഉണ്ടോ എന്നു സംശയമാണു്. വേണ്ടിവരുമ്പോൾ ഞങ്ങ ളെല്ലാവരും നിങ്ങളുടെ അടുക്കൽതന്നെ ഉണ്ടെന്നു കരുതിയാലും" ഗംഗാധരൻെറയും രാഘോബയുടേയും ദുമ്മന്ത്രങ്ങളിൽനിന്നു രക്ഷകിട്ടാൻവേണ്ടി അഹല്യ

മാധവറാവുപേഷ്വയ്ക്കും, സുശീലയായ അദ്ദേഹത്തിന്റെ ഭാൎയ്യ രമാബായിക്കും എഴുത്തുകൾ അയച്ചു * അഹല്യയുടെനേരെ രാഘോബ അന്യായം പ്രവൎത്തിക്കുന്ന വിവരം അറിഞ്ഞപ്പോൾ അവർ രണ്ടുപേരും അഹല്യയെ രക്ഷിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്തു. മാധവറാവു അഹല്യയുടെ എഴുത്തിന്നു താഴേ പറയുന്ന മറുപടി അയച്ചു:—

"നിങ്ങളുടെ രാജ്യത്തേയും സമ്പത്തിനേയും സംബന്ധിച്ച് ആരുടെ മനസ്സിൽ ദുരാഗ്രഹം ജനിക്കു

*ഈ സമയം മുതല്ക്കു രമാബായിയും, അഹല്യാഭായിയും തമ്മിൽ അത്യന്തം സ്നേഹമായിത്തീൎന്നു അവർ എല്ലായ്പോഴും പരസ്പരം എഴുത്തുകൾ അയച്ചിരുന്നു. മാധവറാവു കഠിനമായ ക്ഷയരോഗംകൊണ്ടു കിടപ്പിലായപ്പോൾ അഹല്യ അദ്ദേഹത്തെ കാണാൻവേണ്ടി പൂനയിലേയ്ക്കു പോകയുണ്ടായി. ഈ അവസരത്തിൽ കുടുംബസംബന്ധമായും, രാജ്യസംബന്ധമായുമുള്ള പല വിഷയങ്ങളെപ്പററിയും അഹല്യയും രമാബായിയും തമ്മിൽ സംസാരിക്കയുണ്ടായി. രാഘോബയുടേയും അയാളുടെ ഭാൎയ്യയായ ആനന്ദബായിയുടേയും പ്രവൃത്തിനിമിത്തം പേഷ്വാവംശത്തിന്നും കലാശത്തിൽ മഹാരാഷ്ട്രജാതിക്കും വന്നുചേരാൻ പോകുന്ന നാശത്തെപ്പററി രമാബായി അഹല്യയെ പറഞ്ഞു മനസ്സിലാക്കി. ഈ നാശം കാണുന്നതിന്നുമുമ്പായി ഭൎത്താവിന്റെ ഒന്നിച്ചു മരിക്കുകയാണു തന്റെ കൎത്തവ്യം എന്ന അഭിപ്രായം രമാബായി അഹല്യയോടു വ്യക്തമായി പറകയുണ്ടായി.

നുവോ അവന്നു നിങ്ങൾ ലേശം സങ്കോചംകൂടാതെ തക്ക ശിക്ഷ കൊടുത്താലും. അതിന്നു ഞാൻ ഒരിക്കലും വിരോധം ചെയ്യുകയില്ല. നിങ്ങൾ രാജ്യഭാരം കയ്യേററതിനെ ഞാൻ പൂർണ്ണമായി അനുമോദിച്ചിരിക്കുന്നു. അതിൻെറ തെളിവിന്നുവേണ്ടി നിങ്ങളുടെ രണ്ടുദ്യോഗസ്ഥന്മാരെ രാജപ്രതിനിധികളായി എൻെറ രാജസഭയിലേയ്ക്കു് അയച്ചാലും".

തുകോജിറാവുഹോല്ക്കരൻ എഴുത്തുകിട്ടിയ ആറാംദിവസം വൈകുന്നേരം ഉദയപുരത്തിൽനിന്നു ഇന്തോറിൽ വന്നെത്തി. അദ്ദേഹം വന്ന ഉടനേ അഹല്യാഭായി ആദരവോടുകൂടി അദ്ദേഹത്തെ 'അഭ്യംഗസ്നാനം' ചെയ്യിച്ചു്, 'അഭിഷേകവസ്ത്രം' കൊടുത്തു തൻെറ സൈന്യാദ്ധ്യക്ഷൻെറയും കാര്യാദ്ധ്യക്ഷൻെറയും സ്ഥാനം അദ്ദേഹത്തിന്നു കൊടുത്തു. പിന്നെ അന്നു രാത്രി ഒരു യാമം കഴിയുന്നതിന്നുമുമ്പിൽ ഇന്തോറിൻെറ പുറത്തുള്ള 'ഗാഡരാഖേഡി' എന്ന സ്ഥലത്തു കൈനില സ്ഥാപിക്കാനായി കല്പന കൊടുക്കുകയും ചെയ്തു. ഈ സകലകാര്യങ്ങളും ഇത്ര അല്പസമയത്തിൽ നിർവ്വഹിച്ചകാരണം അഹല്യയ്ക്കു് അവയെപ്പററി ആരോടെങ്കിലും ആലോചിക്കാനൊ ശുഭസമയം നിർണ്ണയിക്കാനോ അവസരം കിട്ടിയില്ല. തൻെറ സഹായത്തിന്നായി സേനാപ

തി ദാഭാഡേയും ഗായകവാഡും അയച്ചിരുന്ന സൈന്യങ്ങളുടെ ചിലവിന്നുവേണ്ട പണം രാജഭണ്ഡാരത്തിൽനിന്നു കൊടുത്തു. രാഘോബാദാദയോട് എതൃക്കാൻവേണ്ടി അവരെ ഉപയുക്തസ്ഥാനങ്ങളിൽ നിൎത്താനായി അഹല്യ കല്പനയും കൊടുത്തു. ഒരു കുലസ്ത്രീയായിരുന്നിട്ടും അഹല്യ, ജീവകാലം മുഴുവനും യുദ്ധാഭ്യാസംചെയ്ത ഒരു യോദ്ധാവിനെപ്പോലേ വേഗത്തിലും വ്യവസ്ഥയോടുകൂടിയും ഈ സകല കാൎയ്യങ്ങളും നിൎവ്വഹിച്ചുപോന്നു.

അഹല്യയുടെ അനിഷ്ടകാരിയായ ഗംഗാധരൻ അവളുടെ ദൃഢതകണ്ടിട്ടു സകല വിവരങ്ങളും രാഘോബാദാദയെ അറിയിച്ചു. പതിയും പുത്രനുമില്ലാത്ത ഒരു സ്ത്രീ തനിക്കു വിരോധമായി ഇത്ര ശക്തിയോടുകൂടി പ്രവൎത്തിക്കുമെന്നു രാഘോബ ഒരിക്കലും വിചാരിക്കയുണ്ടായില്ല. വിശേഷിച്ച് അഹല്യ തൻെറ വംശത്തിൻെറ പൂൎവ്വഭൃത്യനായ മല്ഹാരറാവുവിൻെറ പുത്രവധുവായതുകൊണ്ടു രാഘോബയ്ക്കു് അവളുടെ നേരെ അല്പം അലക്ഷ്യഭാവവും ഉണ്ടായിരുന്നു. അതുകൊണ്ട് അഹല്യയുടെ ഗൎവ്വം ശമിപ്പിച്ചു തൻെറ മാനം രക്ഷിക്കേണ്ടതിന്നായി രാഘോബ ആഡംബരത്തോടുകൂടി യുദ്ധത്തിന്നു് ഒരുക്കങ്ങൾ ചെയ്തുതുടങ്ങി.

ഗംഗാധരന്റെ ദുഷ്പ്രവൃത്തികൊണ്ടു് അനേകം പേൎക്കു അയാളുടേപേരിൽ അതൃപ്തിതോന്നിയിരുന്നു. തന്നിമിത്തം മിക്കപേൎക്കും അഹല്യയുടെനേരേ സഹാനുഭൂതിയുണ്ടായി. ഹോല്ക്കരുടെ സൈന്യങ്ങൾ അത്യുത്സാഹത്തോടും, ആനന്ദത്തോടുംകൂടി യുദ്ധത്തിന്നു് ഒരുങ്ങി. അഹല്യ താൻതന്നെ അവരുടെ നേതൃത്വംവഹിച്ചു പോൎക്കളത്തിൽ മുന്നിട്ടുനിന്നു. ബാണങ്ങൾ നിറഞ്ഞ തൂണിരവും, വില്ലും ധരിച്ചു് അവൾ ആനപ്പുറത്തു കയറിയിരുന്നു. അവളുടെ ദൃഢപ്രതിജ്ഞയും, വീരാംഗനായോഗ്യമായ സാഹസവും കണ്ടു ശത്രുക്കളും ബന്ധുക്കളും ഒരുപോലെ ആശ്ചൎയ്യപ്പെട്ടു. രാഘോബയുടെ സോദരപുത്രനായ മാധവറാവു പേഷ്വക്കു് അഹല്യ, രാഘോബയുടെ നടപടിയെപ്പററി മുമ്പുതന്നേ എഴുതിയയച്ചിട്ടുണ്ടായിരുന്നു. ഈ അവസരത്തിൽ അവൾ രാഘോബയോടു താഴേ പറയുംപ്രകാരം പറയാനായി ഒരു ദൂതനെ അയച്ചു. "അങ്ങു വീരപുരുഷനാണു്. ഞാൻ ഒരു അബലയാണു്. എന്നോടു യുദ്ധംചെയ്തു ജയിച്ചാൽതന്നേ അങ്ങേക്കു് അതു വലിയ മാനമാവുകയില്ല. എന്നാൽ അങ്ങു തോററുപോയാൽ അതു് അങ്ങേക്കു വലിയ കുറച്ചിലായിത്തീരും. ഈ യുദ്ധംകൊണ്ടു് അങ്ങേക്കു് എന്താണു ലാഭം?" അഹല്യയുടെ യുദ്ധസന്നാഹവും,

MUL
034875

കൂസലില്ലായ്മയും കണ്ടിട്ടു രാഘോബയ്ക്ക് ഈ വാക്കു കളുടെ അൎത്ഥം നല്ലവണ്ണം മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ തന്റെ മാനരക്ഷയ്ക്കുവേണ്ടി, പെട്ടെന്നു യുദ്ധത്തിൽനിന്നു പിൻവലിക്കാൻ അയാൾക്കു നിൎവ്വാഹമുണ്ടായില്ല. അയാൾ ഗംഗാധരയശോവന്തനോടുകൂടി അമ്പതിനായിരം സൈന്യം ശേഖരിച്ച് ഇന്തോരിനെ ആക്രമിക്കാൻവേണ്ടി സിപ്രാനദിയുടെ ദക്ഷിണതീരത്തിൽച്ചെന്നുചേൎന്നു. ഈ വിവരംകേട്ട ഉടനെ തുകോജിറാവുഹോൾക്കർ അഹല്യാഭായിയെ നമസ്കരിച്ചു രാഘോബയുടെ ആക്രമണം തടുക്കാൻവേണ്ടി സൈന്യങ്ങളോടുകൂടി യാത്രചെയ്തു. അയാൾ രാത്രി മുഴുവനും ഇടവിടാതെ സഞ്ചരിച്ചു സൂൎയ്യോദയത്തിനു മുമ്പായി സിപ്രാനദീതീരത്തിലുള്ള ഉജ്ജയിനിയുടെ അടുത്തുള്ള ഒരു ഗിരിപഥത്തിലെത്തി അവിടേ വിശ്രമിച്ചു. പിറേറദിവസം രാഘോബയുടെ സൈന്യങ്ങൾ ആഡംബരത്തോടുകൂടി സിപ്രാനദി കടക്കാൻ ശ്രമംചെയ്തുതുടങ്ങി. അതു കണ്ടിട്ടു തുകോജിറാവു രാഘോബയോടു. താഴേചേൎക്കുംപ്രകാരം പറയാൻ ഒരാളെ അയച്ചു. "സിപ്രാനദി കടന്നുകഴിഞ്ഞാൽ ഉടനെ വാളും കയ്യിലെടുത്തു ഞാൻ നിങ്ങളുടെ മുമ്പിൽ എത്തും. മേൽകീഴ് ആലോചിച്ചു മുമ്പോട്ടുവന്നാൽ മതി."

തുക്കോജി പറഞ്ഞയച്ച സഗർവ്വമായ ഈ വാക്കുകൾ കേട്ടപ്പോൾ രാഘോബയ്ക്കു ഭയമായി. അഹല്യയുടെ യുദ്ധസന്നാഹവും, സാഹസവും കണ്ടിട്ട് അയാളുടെ 'വീരശ്രീ' കെട്ടുകൂട്ടത്തിലായിത്തീന്നു. അഹല്യയെ വശത്താക്കാൻ എത്രത്തോളം എളുപ്പമാണെന്ന് അയാൾ മുമ്പു വിചാരിച്ചിരുന്നുവോ, ഇപ്പോൾ അതു് അത്രത്തോളം അസാദ്ധ്യമാണെന്ന് അയാൾക്കു തോന്നിത്തുടങ്ങി. വിശേഷിച്ച്, ഈ കാര്യത്തിൽ മാധവറാവുപേഷ്വയുടെ സമ്മതവും ഉണ്ടായിരുന്നില്ല. രാഘോബയുടെ കാര്യത്തിന്ന് ഉത്തരവാദി അയാൾതന്നെയാണെന്നു മാധവറാവു സൂചിപ്പിച്ചിരുന്നു. അതുകൊണ്ട് അഹല്യക്ക് എതിരായി പ്രവത്തിക്കാൻ അയാൾക്കു പിന്നെ ധൈര്യമുണ്ടായില്ല. മല്ഹാരറാവു തനിക്കു ചെയ്തു ഉപകാരങ്ങൾ ഓത്തു് അയാൾക്കു തൻെറ നടപടിയെപ്പററി അല്പം പശ്ചാത്താപം ഉണ്ടായി. എന്നാൽ തൻെറ പാപോദ്ദേശം മറയ്ക്കാൻവേണ്ടി രാഘോബ കപടപൂർവ്വം തുക്കോജിറാവുവിനോടു താഴേപറയുംപ്രകാരം പറയാനായി ഒരാളെ അയച്ചു. "മാലേറാവുബാബ മരിച്ചവിവരം കേട്ടിട്ടു പുത്രദുഃഖത്തിൽ മുങ്ങിയ അഹല്യാഭായിയെ ആശ്വസിപ്പിക്കാൻ വേണ്ടിയാണു ഞാൻ ഇവിടേയ്ക്കു വന്നിരിക്കുന്നതു്. നിങ്ങൾ

വിപരീതം ധരിച്ച നിരത്ഥമായ യുദ്ധസന്നാഹം കൂട്ടിയതു് എന്തിന്നാണ്?" ചാതുൎയ്യത്തോടുകൂടിയ രാഘോബയുടെ വാക്കുകൾ കേട്ടിട്ടു തുകോജിറാവു ഇങ്ങിനെ മറുപടി പറഞ്ഞയച്ചു. "കൃപകൊണ്ടു പരവശനായിട്ടു് അഹല്യയെ ആശ്വസിപ്പിക്കാനാണ് അങ്ങു വന്നതെങ്കിൽ ഇത്ര സൈന്യങ്ങളോടും സാമന്തന്മാരോടും കൂടി വരേണ്ടുന്ന ആവശ്യം എന്താണ്?" ഈ വാക്കുകളിൽനിന്നു തുകോജിയുടെ മനസ്സിലെ സംശയം നീങ്ങിപ്പോയിട്ടില്ലെന്നു രാഘോബക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അപ്പോൾ അയാൾ ഒരു മേനാവിൽ കയറി പത്തുപന്ത്രണ്ടു പ്രധാന യോദ്ധാക്കളെമാത്രം അംഗരക്ഷകന്മാരാക്കിക്കൊണ്ടു ഹോൾക്കരുടെ കൈനിലയിലേക്കു ചെന്നു. തുകോജിയും അദ്ദേഹത്തെ എതിരേററു കൂട്ടിക്കൊണ്ടു വരാനായി കൈനിലയിൽനിന്നു കാൽനടയായി പുറത്തേക്കു വരികയും, യഥാവിധി രാഘോബയുടെ കാൽക്കൽ നമസ്കരിക്കുകയും ചെയ്തു. പിന്നെ ഇരുവരും മാലേറാവുവിൻെറ മരണത്തെപ്പററി ദുഃഖിച്ചു.

ആ ദിവസംതന്നേ രാഘോബ തൻെറ സൈന്യങ്ങളേയും സാമന്തന്മാരേയും, ഉജ്ജയിനിയിൽ താമസിപ്പിച്ച് അല്പം ചില അനുചരന്മാരോടുകൂടി തുകോജിയൊന്നിച്ച് ഇന്തോറിൽപ്പോയി അഹല്യാ

ഭായിയെക്കണ്ടു. അഹല്ല്യാഭായി തന്റെ പ്രാസാദത്തിന്നടുത്തുള്ള ഒരു മാളിക രാഘോബയ്ക്കു താമസിക്കാനായി തയ്യാറാക്കിവെച്ചിരുന്നു. രാഘോബ അവിടെ ഒരുമാസക്കാലം താമസിച്ചു. ഈ ഒരു മാസത്തിന്നുള്ളിൽ നാലഞ്ചുതവണ "സെവ്യസേവകന്മാരുടെ കർത്തവ്യത്തേയും സംബന്ധത്തേയും" കുറിച്ച് അഹല്ല്യയും രാഘോബയും തമ്മിൽ സംഭാഷണം ഉണ്ടായി. എന്നാൽ മൽഹാരറാവുവിന്റെ കാലം മുതല്ക്കുതന്നേ രാജ്യസംബന്ധമായ പല വിഷയങ്ങളിലും നല്ല അറിവു സമ്പാദിച്ചിരുന്നതുകൊണ്ടും, ഇടവിടാതെ ധർമ്മാനുഷ്ഠാനം ചെയ്തു അതിൽനിന്നുണ്ടായ പുണ്യം നിമിത്തം അസാധാരണമായ ശക്തി സമ്പാദിച്ചിരുന്നതുകൊണ്ടും തർക്കങ്ങളിൽ അവളെ എളുപ്പത്തിൽ തോല്പിക്കാൻ ആർക്കും സാധിച്ചില്ല. "പുണ്യജ്യോതിർവ്വിമണ്ഡിത"യായ അഹല്ല്യയോടു തർക്കത്തിൽ ജയിക്കാൻ കഴിയാതെ രാഘോബ തുകോജിക്കു വസ്ത്രാലങ്കാരാദികൾ സമ്മാനിച്ചു തന്റെ ശിബിരത്തിലേയ്ക്കു മടങ്ങിപ്പോയി *

* നാഥനില്ലാതായിത്തീർന്ന ഹോല്ക്കരരാജ്യത്തിന്റെ ഭാവിവ്യവസ്ഥയെപ്പററി രാഘോബയും അഹല്ല്യയും തമ്മിൽ സംസാരമുണ്ടായി എന്നും ഹോല്ക്കരരാജ്യത്തിന്റെ അഭ്യന്തര കാര്യത്തിൽ പേഷ്വമാരുടെ സഹായം അത്യാവശ്യമാ

അഹല്യ എത്രതന്നെ ബുദ്ധിയുള്ളവളും, കാൎയ്യം അറിയുന്നവളും ആയിരുന്നാലും അവൾ ഒരു സ്ത്രീയാണെന്നും, ഒരു സമൎത്ഥനായ പുരുഷന്റെ കയ്യിൽ രാജ്യഭാരംഏല്പിക്കാത്തപക്ഷം നാലുപുറവുമുള്ള ശത്രുരാജാക്കന്മാരിൽനിന്നു മല്ഹാരരാവുവിന്റെ രാജ്യം രക്ഷിക്കാൻ അസാദ്ധ്യമാണെന്നും, അതുകൊണ്ടാണു തങ്ങൾ അഹല്യയുടെ കാൎയ്യത്തിൽ ഏൎപ്പെട്ടതു് എന്നും ഗംഗാധരനും രാഘോബയും തങ്ങളുടെ ദുരുദ്ദേശം മറച്ചുവെയ്ക്കാൻവേണ്ടി സാധാരണജനങ്ങളെ പറഞ്ഞുധരിപ്പിച്ചു. കാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിൽ തനിക്കു സാമൎത്ഥ്യമുണ്ടെങ്കിലും താൻ ഒരു സ്ത്രീയാണെന്നും, സ്ത്രീജനോചിതകാൎയ്യങ്ങൾ മാത്രമേ സ്ത്രീകൾക്കു നല്ലവണ്ണം നടത്താൻ കഴികയുള്ളു എന്നും, അഹല്യയ്ക്കുതന്നേ ബോദ്ധ്യമുണ്ടായിരുന്നു. രാജ്യകാൎയ്യങ്ങൾ നല്ലവണ്ണം നടത്തുന്നതിന്നുവേണ്ടി

ണെന്നു് അഹല്യയെ സമ്മതിപ്പിക്കാൻ രാഘോബ വളരെ പ്രയത്നം ചെയ്തു എന്നും ബഖരകരന്മാരുടെ പ്രബന്ധങ്ങളിൽനിന്നു് അറിയാൻ കഴിയുന്നുണ്ടു. എന്നാൽ ബുദ്ധിശാലിനിയും ദീൎഘദൎശിനിയും ആയ അഹല്യ അയാളുടെ ദുരുദ്ദേശം മനസ്സിലാക്കി അയാളുടെ പ്രസ്താവത്തെ ഒട്ടുംതന്നെ സമ്മതിച്ചില്ല. അവൾ തന്റെ പ്രതിഭാബലംകൊണ്ടു് അയാളുടെ സകല യുക്തികളും ഖണ്ഡിച്ചു. രാഘോബ ഭഗ്നാശനായി മറ്റൊരു ഉപായവും കാണാതെ സ്വരാജ്യത്തിലേയ്ക്കു തിരിച്ചുപോയി.

യോഗ്യനായ *ഒരു പുരുഷൻെറ സഹായം സ്വീകരിക്കാൻ അഹല്യക്കു വിമുഖതയുണ്ടായിരുന്നില്ല. എങ്കിലും രാഘോബയും,ഗംഗാധരനും തൻെറ കാൎയ്യങ്ങളിൽ അനാവശ്യമായും വിപരീതബുദ്ധിയോടുകൂടിയും ഏൎപ്പെട്ടതുകൊണ്ടാണു് അഹല്യക്കു് ആപേക്ഷമുണ്ടായതു്. അതുകൊണ്ടാണു് അവൾ അവൎക്കു് എതിരായിനിന്നു യുദ്ധത്തിന്നു് ഒരുക്കംകൂട്ടിയതു്. യുദ്ധസന്നാഹം അവസാനിച്ചപ്പോൾ താൻതന്നേ സേ

---

* രാഘോബ അഹല്യയുമായുണ്ടായ സംഭാഷണത്തിൽ ഒരു കുട്ടിയെ ദത്തെടുക്കണമെന്നു് അഹല്യയെ നിൎബ്ബന്ധിച്ചിരുന്നു എന്നു വേറൊരു ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്. എന്നാൽ അഹല്യ അതിന്നു സമ്മതിക്കാതെ താഴെപറയുംപ്രകാരം ഉത്തരം പറഞ്ഞു. "നന്നെ കുട്ടിയായ ഒരുവനെ ദത്തെടുത്താൽ അവന്നു പ്രായപൂൎത്തിവരുമ്പോൾ അവൻെറ സ്വഭാവം എങ്ങിനെയായിരിക്കുമെന്നും, അവന്നു് എത്രത്തോളം കാൎയ്യസാമൎത്ഥ്യമുണ്ടാവുമെന്നും എങ്ങിനെ നിശ്ചയിക്കാൻ കഴിയും? അതുകൊണ്ടു രാജ്യഭാരത്തിന്നു സാമൎത്ഥ്യമുള്ള ഏതെങ്കിലും ഒരു യോഗ്യപുരുഷനെ രാജ്യഭാരം ഏല്പിച്ചുകൊടുക്കുന്നതാണു് അധികം നല്ലതു് എന്നു് എനിക്കു തോന്നുന്നു." അതുകൊണ്ടാണു് അഹല്യ പ്രായപൂൎത്തിവന്ന തുകോജിയെ പുത്രസ്ഥാനീയനാക്കി അയാളുടെ കൈയ്യിൽ രാജ്യഭാരം ഏല്പിച്ചുകൊടുത്തതു്. അഹല്യയുടെ ഈ നിശ്ചയംനിമിത്തം ഒരു കുട്ടിയെ രാജാവാക്കി വാഴിച്ചു തനിക്കു സൎവ്വാദ്ധ്യക്ഷം വഹിക്കാമെന്നുള്ള ഗംഗാധരൻെറ ദുരുദ്ദേശം നിഷ്ഫലമായിബ്ഭവിച്ചു.

നാപതിയും, കാൎയ്യാദ്ധ്യക്ഷനും ആയി നിശ്ചയിച്ചിരുന്ന തുകോജിറാവുഹോല്ക്കരെ രാജ്യകാൎയ്യത്തിൻെറ ഭാരം ഏല്പിക്കാൻ അഹല്യ തീൎച്ചയാക്കി. സന്ധി, വിഗ്രഹം, യുദ്ധം തുടങ്ങിയ കഠിനകാൎയ്യങ്ങളുടെ ഭാരം അവൾ തുകോജിയുടെ കയ്യിൽ സമൎപ്പിച്ചു. എന്നാൽ ദേവപൂജ, ബ്രാഹ്മണസേവ, അതിഥിരക്ഷണം മുതലായ സാത്വികകാൎയ്യങ്ങൾ അഹല്യ താൻതന്നേ നിൎവ്വഹിച്ചു. ഒരു പ്രകാരത്തിൽ അഹല്യയുടെ ഹൃദയം എത്ര കോമളമായിരുന്നുവോ, മറൊരുപ്രകാരത്തിൽ അവളുടെ ലൌകികബുദ്ധിയും അത്ര തീക്ഷ്ണമായിരുന്നു. അഭിമാനിയായ രാഘോബയെ തൻെറ ഭവനത്തിലേയ്ക്കു ക്ഷണിച്ചുവരുത്തി അവൾ അയാളെ വളരെ ആദരവോടുകൂടി സല്ക്കരിച്ചതുകൊണ്ടു രാഘോബയ്ക്കു് അഹല്യയുടെ നേരെയുണ്ടായിരുന്ന വിരോധമെല്ലാം നിങ്ങിപ്പോയി. ശത്രുരനെ വളരെക്കാലം സേവിച്ചവനായിരുന്നതുകൊണ്ടു ചതിയ്ക്കാനൊരുമ്പെട്ട ഗംഗാധരൻെറയും അപരാധം ക്ഷമിച്ചു് അഹല്യ അയാളെ മുമ്പിലത്തെ ജോലിയിൽതന്നേ നിയമിച്ചിരുന്നു. തൻെറ നന്ദിയില്ലാത്ത നടപടിയേയും, അഹല്യയുടെ സദയമായ നടപടിയേയും ഓൎത്തു ഗംഗാധരൻ അനുതപിച്ചു സംസാരത്തെ ഉപേക്ഷിച്ചു. ഒരുവേള്ള തൻെറ

ഇഷ്ടപ്രകാരം താൻ കാര്യാദ്ധ്യക്ഷനായി നിശ്ചയിച്ച തുകോജിയെ അയാഠം ബഹുമാനിച്ചില്ലെങ്കിലോ എന്നു ശങ്കിച്ച് അഹല്യ അയാളെ രാഘോബയുടെ കൂടെ മഹാരാഷ്ട്രരാജധാനിയായ പൂനയിൽ അധിവസിക്കുന്ന പേഷ്വയുടെ അടുക്കൽ പറഞ്ഞയച്ചു. മുഗഠംചക്രവർത്തികളുടെ യഥാർത്ഥപ്രഭുത്വത്തിന്നു ന്യൂനത ഭവിച്ചിരുന്നുവെങ്കിലും, സ്ഥാനീയശാസനകർത്താക്കന്മാർ എങ്ങിനെ അവരെത്തന്നെ ഭാരതചക്രവർത്തികളായി ബഹുമാനിച്ചുവന്നിരുന്നുവോ അതുപോലെത്തന്നെ സിന്ധ്യ, ഹോൾക്കർ, ഭോംസലേ മുതലായ മഹാരാഷ്ട്രസാമന്തന്മാരും വാസ്തവത്തിൽ സ്വതന്ത്രന്മാരായിരുന്നുവെങ്കിലും പേഷ്വയെത്തന്നെ മഹാരാഷ്ട്രന്മാരുടെ നേതാവായി ആദരിച്ചിരുന്നു. മാധവറാവുപേഷ്വ തുകോജിയുടെ നിശ്ചയത്തെ അനുമോദിച്ചുകൊണ്ട് അയാഠംക്കു വിലപിടിച്ച ഉടുപ്പുകളും തീട്ടൂരവും കൊടുത്തു. അതിനാൽ അഹല്യയുടെ നിശ്ചയത്തെപ്പററി ആക്ഷേപത്തിന്നും കാരണമുണ്ടായിരുന്നില്ല. രക്തപാതവും പ്രാണിവധവും ചെയ്യാതേ രാജ്ഞിയായ അഹല്യ ഈ വിധത്തിൽ ശത്രുക്കളെ ഒതുക്കുകയും ഹോൾക്കരരാജ്യത്തെ നിലനിർത്തുകയുംചെയ്തു.

രാഘോബ ഇന്തോരിൽനിന്നു പൂനയിലേയ്ക്കു

പോയശേഷം അഹല്യാഭായി തന്റെ സഹായത്തിനുവേണ്ടി വന്നവരായ ഭോംസലേ, ഗായകവാഡ് മുതലായ മഹാരാഷ്ട്രസർദ്ദാരന്മാരെയും അവരുടെ ഒന്നിച്ചു വന്ന ആയിരത്തിഅഞ്ഞൂറോളം പ്രമാണികളേയും സ്വഗൃഹത്തിലേക്കു ക്ഷണിച്ചുവരുത്തി ചതുർവ്വിധമായി ഭക്ഷണം കഴിപ്പിച്ച് അവരം എല്ലാവക്കും അവസ്ഥാനുസാരം വസ്ത്രാലങ്കാരങ്ങരം സമ്മാനിച്ചശേഷം തന്റെ കൃതജ്ഞത വെളിപ്പെടുത്തി സ്നേഹവദ്ധകങ്ങളായ വാക്കുകളെക്കൊണ്ട് അവരെ സന്തോഷിപ്പിച്ചുംകൊണ്ടു പറഞ്ഞു. "ഈ സങ്കടാവസ്ഥയിൽ നിങ്ങരം അനുഗ്രഹിച്ച് എന്നെ സഹായിച്ച് ഉപകാരം ചെയ്തുകൊണ്ടാണു ഞാൻ എല്ലാവിധത്തിലും രക്ഷപ്രാപിച്ചതു്. ഞാൻ എന്നെന്നേക്കും നന്ദിയുള്ളവളായി നിങ്ങരം ചെയ്തു ഉപകാരത്തെ സ്മരിക്കുന്നതാണ്." അഹല്യയുടെ ഈ വിധത്തിലുള്ള ബഹുമാനപൂർവ്വമായ സൽക്കാരം സ്വീകരിച്ചതിൻെറശേഷം മഹാരാഷ്ട്രസാമന്തന്മാർ തങ്ങളുടെ രാജ്യങ്ങളിലേക്കു മടങ്ങിപ്പോയി.

ഈ സന്ദർഭത്തിൽ അഹല്യ പ്രദശിപ്പിച്ച മനോബലം, ബുദ്ധിവൈഭവം, വിനയം, കൃതജ്ഞത മുതലായ ഗുണങ്ങരം കണ്ടു ജയപുരം, യോധപുരം, ഉദയപുരം, ബുന്ദി മുതലായ പ്രദേശങ്ങളിലെ രാജാക്ക

ന്മാർ ആശ്ചയ്യപ്പെട്ടു. അവർ അഹല്യയുടെ മിത്രലാഭത്തിനുവേണ്ടിയും, അവൾ രാജ്യഭാരം കയ്യേററവിവരം കേട്ടതിലുള്ള സന്തോഷം കാണിയ്ക്കാൻ വേണ്ടിയും അവൾക്കു പലവിധത്തിലുള്ള കാഴ്ച.ദ്രവ്യങ്ങൾ അയച്ചുകൊടുത്തു. അതിന്നുപകരം അഹല്യാഭായി അവക്ക് ഉപയുക്തമായ കാഴ്ചദ്രവ്യങ്ങൾ അയച്ചുകൊടുത്തു് അവരെ ബഹുമാനിച്ചു.

മാധവറാവുവിൻെറ കല്പനപ്രകാരം അഹല്യാഭായി തൻെറ ദിവാനായ നാരായണഗണേശനേയും ശിവാജിഗോപാലൻ എന്നുപേരായ മറെറാരു ഉദ്യോഗസ്ഥനേയും തുകോജിറാവുവൊന്നിച്ചു പൂനയിലേയ്ക്കു് അയച്ചു. അവർ പേഷ്വയുടെ സഭയിലെത്തിയപ്പോൾ പേഷ്വ അഹല്യാഭായിയേയും, തുകോജിറാവുവിനേയും വളരെ പ്രശംസിച്ചു. ഹോൾക്കരരാജ്യത്തിലേയ്ക്കു പേഷ്വയുടെ ഒരു രാജപ്രതിനിധിയെ നിശ്ചയിച്ച് അയയ്ക്കേണ്ട പ്രസ്താവം വന്നപ്പോൾ പേഷ്വ അവരോടു പറഞ്ഞു. "ഇവിടേനിന്നു് ആരേയെങ്കിലും പ്രതിനിധിയായി അയയ്ക്കുന്നതായാൽ അയാളുടേയും നിങ്ങളുടേയും മനസ്സും അഭിപ്രായങ്ങളും തമ്മിൽ യോജിപ്പുവരേണ്ടതിന്നു ചുരുങ്ങിയതു് ഒരു കൊല്ലം വേണ്ടിവരും. ഇതിന്നുപകരം അഹല്യയ്ക്കു ബോദ്ധ്യവും വിശ്വാസവുമുള്ള ഒരു ഉദ്യോഗസ്ഥ

നെ എന്റെ പ്രതിനിധിയുടെ നിലയിൽ നിശ്ചയി ക്കേണമെന്നറിയിച്ചാൽ ഞാൻ അയാൾക്കു തിട്ടൂരം കൊടുക്കാം. അങ്ങിനെയായാൽ ഇരുഭാഗക്കാരുടേ യും കാര്യത്തിന്നു ഗുണമുണ്ടാവുന്നതാണ്". പിന്നെ അഹല്യാഭായിയുടെ നിർദ്ദേശമനുസരിച്ചു പേഷ്വ ന ല്ലദിവസം നോക്കി നാരായണഗണേശനെത്തന്നേ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു തിട്ടൂരം കൊടുത്തു. ഈ സംഗതിയിൽനിന്ന് അഹല്യാഭാ യിയുടെ നേരെ മാധവറാവുവിന്ന് എത്രത്തോളം വിശ്വാസവും ശ്രദ്ധയുംഉണ്ടായിരുന്നു എന്നു ധാരാളം വെളിപ്പെടുന്നുണ്ട്.

അഹല്യ ഏതൊരവസ്ഥയിൽ ഈ സകല ഏർപ്പാടുകളും ചെയ്തുവോ അതിനെപ്പററി ആലോ ചിക്കുമ്പോൾ അഹല്യയുടെ മനോദാർഢ്യത്തെ പ്പററി വളരെ പ്രശംസിക്കാതെ കഴിയുന്നതല്ല. ഏക മാത്രപുത്രന്റെ ശോചനീയമായ മരണംകൊണ്ടു അവളുടെ ഹൃദയം തകർന്നിരുന്നു. തത്സമയത്താണ് ഈ സകല രാജനൈതികമായ ചുഴലിക്കാററിലക പ്പെട്ടു് അവൾക്കു കാര്യങ്ങൾ നടത്തേണ്ടിവന്നതു്. അവൾക്കു വേറെ ഒരു പുത്രൻ ഉണ്ടായിരുന്നില്ല. ശാസ്ത്രപ്രകാരം അവളുടെ മകൾക്കു മുത്തച്ഛന്റെ രാജ്യത്തിന്നു് അവകാശമുണ്ടായിരുന്നില്ല. അഹല്യ

രാജ്ഞിയായിരുന്നു എങ്കിലും ഒരു താപസിയെ പ്പോലെ കഠിനമായ വൈരാഗ്യത്തോടുകൂടി അവഠം ദിവസം കഴിച്ചു. പ്രഭുത്വം, കീത്തി, ഭോഗസുഖം എന്നീ മൂന്നു കായ്യത്തിന്നുവേണ്ടിയാണു മനുഷ്യർ സാധാരണയായിട്ടു രാജ്യംകിട്ടാൻ ആഗ്രഹിക്കുന്നതു്. എന്നാൽ സംസാരത്തിൽ ആസക്തിയില്ലാതിരുന്ന അഹല്യയ്ക്കു് ഈ മൂന്നിലും ലേശം ആഗ്രഹമുണ്ടായിരുന്നില്ല. അവഠം ദത്തുപുത്രനെ സ്വീകരിച്ചു രാജ്യകായ്യത്തിൽനിന്നു പിൻവലിച്ചിരുന്നെങ്കിൽ രാഘോബാദാദയും ഗംഗാധരയശോവന്തനും അവഠംക്കു കൊടുക്കാമെന്നു് ഏററിരുന്ന സ്വത്തുക്കഠംകൊണ്ടു അവഠംക്കു സുഖമായും ബഹുമാനത്തോടുകൂടിയും കാലക്ഷേപം ചെയ്യാൻ കഴിയുമായിരുന്നു. അഹല്യയുടെ പ്രകൃതിയും, സ്വതേ അതികോമളമായിരുന്നതുകൊണ്ടു യാതൊരു തക്കവും പറയാതെ അവർ കൊടുക്കുന്ന സ്വത്തു് അനുഭവിച്ചു ധമ്മനിഷ്ഠയോടുകൂടി കാലം കഴിച്ചുകൂട്ടുന്നതാണു നല്ലതെന്നു അഹല്യയ്ക്കും തോന്നാതിരുന്നില്ല. എന്നാൽ ആത്മാഭിമാനത്തേയും, ന്യായത്തേയും,സത്യത്തേയും രക്ഷിക്കാൻവേണ്ടിയാണു് അഹല്യ, ദുഃഖപരവശയായിരുന്നിട്ടുംകൂടി അധമ്മം പ്രവത്തിക്കുന്നവക്കു് എതിരായിനിന്നു, തീക്ഷ്ണബുദ്ധികളായ രാജനീതി

ജ്ഞന്മാരുടെ കൌശലത്തോടും വീരാംഗനോചിതമായ പരാക്രമത്തോടുംകൂടി ശത്രുക്കളെ വശീകരിച്ചു. എന്നാൽ തൻെറ പ്രഭുശക്തി എപ്പോഴം പരീക്ഷിക്കപ്പെടുകയും, സ്ഥിരപ്രതിഷ്ഠിതമാവുകയും ചെയ്യുവോ അപ്പോഴ്തന്നെ അവഠം തപസ്വിനിജനോചിതമായ വൈരാഗ്യത്തോടുകൂടി അതിനെ അന്യൻെറ കയ്യിൽ സമപ്പിച്ചു. ഒരു ഭാഗത്തു നാരീസുലഭമായ കോമളതയും, മറെറാരു ഭാഗത്തു പുരുഷോചിതമായ കാഠിന്യവും,അവളുടെ പ്രകൃതിയിൽ എത്ര മനോഹരമായ വിധത്തിൽ കൂടിക്കലൎന്നു കാണപ്പെടുന്നുവോ, ചരിത്രപ്രസിദ്ധകളായ ദുർല്ലഭം ചില സ്ത്രീകളിൽ മാത്രമേ അങ്ങിനെയുള്ള സമ്മേളനം കാണപ്പെടുന്നുള്ളു. അഹല്യയുടെ ഓരോ കാൎയ്യത്തെപ്പററി ആലോചിക്കുമ്പോഴം അത്ഭുതം തോന്നാതിരിക്കയില്ല. അവളുടെ രാജശക്തി അവഠം എങ്ങിനെ നിലനിൎത്തി എന്നു വായനക്കാൎക്കു മനസ്സിലായല്ലോ. ആ ശക്തി അവഠം എങ്ങിനെ ഉപയോഗിച്ചുവന്നു എന്നതിനെപ്പററി ഇനി നമുക്കു പൎയ്യാലോചന ചെയ്യാം.

# രണ്ടാം അദ്ധ്യായം.

ആവശ്യമുള്ളപ്പോഠം പുരുഷോചിതമായ സാഹസത്തോടും, ദൃഢതയോടുംകൂടി അഹല്യ തൻെറ ന്യായമായ അധികാരത്തെ രക്ഷിക്കാൻ തയ്യാറുണ്ടായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഭോഗസുഖത്തിന്നോ,പ്രഭുത്വത്തിന്നോ അവഠംക്കു് ആഗ്രഹം ഉണ്ടായിരുന്നില്ല. രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടി തൻെറ സഹായത്തിന്നു് ഒരു പുരുഷൻ ആവശ്യമാണെന്നു നിശ്ചയിച്ചു് അവഠം രാജ്യസംബന്ധമായി പുരുഷൻ ചെയ്യേണ്ട കാൎയ്യങ്ങളെല്ലാം തുകോജിയെ ഏല്പിച്ചു. സ്ത്രീജനോചിതമായ ലഘുഭാരത്തെ അഹല്യ താൻതന്നെ സ്വീകരിച്ചു. തുകോജി സാഹസിയും, മനസ്സുറപ്പുള്ളവനും കൎമ്മശൂരനും ആയിരുന്നു. അഹല്യയുടെ നേരെ അയാഠംക്കു ഗാഢമായ ഭക്തിയും, ബഹുമാനവും ഉണ്ടായരുന്നു. അഹല്യയ്ക്കും അയാളുടെ പേരിൽ ആന്തരമായ വിശ്വാസം ഉണ്ടായിരുന്നു. സന്ധി, വിഗ്രഹം, രാജ്യത്തിൻെറ സമാധാനരക്ഷ മുതലായ കാൎയ്യങ്ങഠം തുകോജി നടത്തിയിരുന്നു. അയാളുടെ സഹായം നിമിത്തം,അഹല്യ ബുദ്ധിമുട്ടുകൂടാതെ പ്രജകളുടെ നന്മയിലും ധൎമ്മാനുശീലനത്തിലും ശ്രദ്ധവെച്ചു. രാജശ

ക്തിയുടെ വിഭാഗംകൊണ്ടു തമ്മിൽ തമ്മിൽ വന്നു ചേരാവുന്ന സ്പദ്ധ അഹല്യയും തുകോജിയും തമ്മിൽ ഒരിക്കലും ഉണ്ടായില്ല. അഹല്യക്കു പ്രഭുത്വത്തിന്നു ലേശം ആഗ്രഹം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവൾ ഒട്ടും കുണ്ഠിതംകൂടാതെ തുകോജിയുടെ കയ്യിൽ രാജ്യഭാരം ഏല്പിച്ചിരുന്നു. അഹല്യയെപ്പോലെയുള്ള ഒരു രാജ്ഞിയുടെ അഭിപ്രായമനുസരിച്ചു കാൎയ്യങ്ങൾ നടത്തുന്നതു തനിക്കു നല്ലതാണെന്നു തുകോജിയും മനസ്സിലാക്കിയിരുന്നു. അതു നിമിത്തം സകല വിഷയങ്ങളിലും കഴിയുന്നേടത്തോളം അയാൾ അഹല്യയുടെ ആജ്ഞപ്രകാരം നടന്നിരുന്നു. അഹല്യയേക്കാൾ വയസ്സു മൂത്തവനായിരുന്നു എങ്കിലും, തുകോജി അവളെ അമ്മ എന്നാണു വിളിച്ചുവന്നതു്. അഹല്യയുടെ മരണശേഷം അയാൾ തന്നെയാണു മല്ഹാരറാവുവിൻെറ സിംഹാസനത്തെ ആരോഹണം ചെയ്തതും. തുകോജിയുടെ വംശധരന്മാർ ഇപ്പോഴും ഇന്ദോരരാജ്യം ഭരിച്ചുവരുന്നു. തങ്ങളുടെ ആദിപുരുഷൻ അഹല്യക്കു ബോദ്ധ്യമുള്ളവനും അവളുടെ പ്രീതിഭാജനവും ആയിരുന്നു എന്നുള്ള സംഗതിയാണു തുകോജിയുടെ സൎവ്വപ്രധാനമായ മഹിമ എന്നു് ഇന്നും അവർ കരുതിപ്പോരുന്നുണ്ടു്.

ഒരു സ്ത്രീയായിരുന്നിട്ടും അഹല്യ എത്ര ഉറ

പ്പോടും സാമത്ഥ്യത്തോടും കൂടി തന്റെ വലുതായ ഭാരത്തെ വഹിച്ചുപോന്നിരുന്നു എന്നതിനെപ്പററി ആലോചിക്കുമ്പോഠം അത്ഭുതം തോന്നാതിരിക്കില്ല. ഹോല്ക്കരരാജ്യത്തിന്റെ ആഭ്യന്തരമായ ഉന്നതിക്കും, വ്യവസ്ഥയ്ക്കും കാരണം അഹല്യയുടെ പരിശ്രമം തന്നെയായിരുന്നു. രാജകുടുംബംവകയായുള്ള അനവധി സ്വത്തുക്കഠം അഹല്യയുടെ അധീനത്തിൽ തന്നെയായിരുന്നു. രാജ്യത്തിന്റെ ആയവ്യയങ്ങഠം അവഠം സൂക്ഷ്മമായി പരിശോധിച്ചിരുന്നു. അവളുടെ സുവ്യവസ്ഥയുടെ ഗുണംകൊണ്ടു ഹോല്ക്കരരാജ്യം അക്കാലത്തുള്ള രാജ്യങ്ങളിൽ വെച്ചു സവ്വഥാ സമ്പൽസമൃദ്ധമായിത്തീന്നു. പ്രജകളുടെ സുഖവും, സമാധാനവും ആയിരുന്നു അഹല്യയുടെ ജീവിതത്തിന്റെ പ്രധാനമായലക്ഷ്യം. തന്റെ ശക്തികൊണ്ടും, സാമത്ഥ്യംകൊണ്ടും എന്തെല്ലാം ചെയ്യാമായിരുന്നുവോ, തന്റെ പ്രജകളുടെ നന്മയ്ക്കുവേണ്ടി അതെല്ലാം ചെയ്വാൻ അവഠം ഒരിക്കലും വീഴ്ചവരുത്തിയില്ല. ഇക്കാലത്തും നമ്മുടെ രാജ്യത്തിൽ (പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ) സ്ത്രീകഠംക്കു പുറത്തിറങ്ങി സഞ്ചരിക്കാൻ പാടില്ല എന്നുള്ള ഒരു ഏപ്പാടുണ്ട് (കേരളത്തിലെ അന്തജ്ജനങ്ങളുടെ നടപടി ഏതാനും ഈ ഏപ്പാടിനെ അനുസരിച്ചുതന്നെയാണ്.)

മുസൽമാൻമാരുടെ വരവിന്നുമുമ്പു ഭാരതവൎഷത്തിൽ ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നില്ല. മുസൽമാന്മാർ ഭാരതത്തിലെ മററജാതിക്കാരെ ജയിച്ചതുപോലെ മഹാരാഷ്ട്രന്മാരെ മുഴുവനും ജയിച്ചിരുന്നില്ല. അതു നിമിത്തം മുസൽമാന്മാരുടെ രാജനീതിയും, സമുദായാചാരങ്ങളും മററുള്ള സമുദായങ്ങളിലെന്നപോലെ മഹാരാഷ്ട്രസമുദായത്തിൽ കടന്നുകൂടിയിരുന്നതുമില്ല. അഹല്യ എല്ലാവൎക്കും കാണത്തക്കവിധത്തിൽ രാജസഭയിൽ ചെന്നിരുന്നു രാജ്യകാൎയ്യങ്ങൾ നടത്തിവന്നിരുന്നു. അവളുടെ ഏററവും ദരിദ്ര്യനായ പ്രജയ്ക്കുകൂടി അവളുടെ അടുക്കൽ ചെന്നു തൻെറ സുഖദുഃഖങ്ങൾ അവളെ അറിയിക്കാൻ സാധിച്ചിരുന്നു. രാജ്യഭാരം ഏററഉടനേ അഹല്യ തൻെറ രാജ്യത്തുള്ള സകല ഭൂമികളേയും അളപ്പിച്ച് അവയുടെ നികുതി പിരിക്കേണ്ടതിന്നു ചില നല്ല നിയമങ്ങൾ ഏൎപ്പെടുത്തി. മുതലെടുപ്പു വൎദ്ധിപ്പിക്കാൻവേണ്ടി അനേകം രാജാക്കന്മാർ ചതി, ബലം, കൌശലം മുതലായവ പ്രയോഗിച്ചു പ്രജകളുടെ ഭൂസ്വത്തുക്കൾ സ്വന്തമാക്കിത്തീൎക്കാറുണ്ടായിരുന്നു. എന്നാൽ അഹല്യയുടെ പ്രജകൾ പൈതൃകമായി അനുഭവിച്ചുവന്നിരുന്ന സ്വത്തുക്കളെ ഒരിക്കലെങ്കിലും തൻെറസ്വന്തം സ്വത്താക്കിത്തീൎക്കാൻ അഹല്യ ശ്രമിച്ചിട്ടില്ല.

പ്രജകളുടെ സകല വിധത്തിലുള്ള സങ്കടങ്ങളും അഹല്യ സ്വന്തം ചെവികൾകൊണ്ടു കേട്ടിരുന്നു. സങ്കടക്കാരുടെ സങ്കടങ്ങൾ എത്ര സാമാന്യമായിരുന്നാലും വേണ്ടില്ല, അവയുടെ സൂക്ഷ്മം നല്ലവണ്ണം അന്വേഷിച്ചറിയാതേ അഹല്യ ഒരിക്കലും മറുപടി കൊടുക്കാറുണ്ടായിരുന്നില്ല. അവളുടെ കർത്തവ്യബോധം അത്ര പ്രബലമായിരുന്നു. മദ്ധ്യഭാരതത്തിൻെറ ചരിത്രകാരനായ സർ ജോൺമാല്ക്കോം ഈ സംഗതിയെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഹോല്ക്കരവംശക്കാരുടെ സമീപസ്ഥന്മാരോട് അന്വേഷിച്ചാൽ ഒരു സമയം അവർ പക്ഷപാതംകൊണ്ട് അഹല്യയെപ്പററി അതിപ്രശംസ ചെയ്യുക്കാം എന്നു ശങ്കിച്ചു ഞാൻ യഥാസാദ്ധ്യം ഹോല്ക്കരവംശക്കാരുമായി യാതൊരു ബന്ധവും ഇല്ലാത്ത ആളുകളോടു അന്വേഷണം ചെയ്തു. ഞാൻ എത്രത്തോളം അന്വേഷണം ചെയ്തുവോ അത്രത്തോളം അഹല്യയുടെ നേരെ എനിക്കുള്ള ശ്രദ്ധയും ബഹുമാനവുംവർദ്ധിക്കുകയാണ് ഉണ്ടായത് എന്നു ഞാൻ സസന്തോഷം പറഞ്ഞുകൊള്ളുന്നു. *

---

* Although equiries have been made among all ranks and classes, nothing has been discovered to diminish the enlogiums or rather blessings, which are poured forth whenever her name is mentioned. 'The more indeed is enquiry pursued, the more admiration is excited.'

Malcolm's Centrrl India and Malwa page 145.

രാജ്യകാൎയ്യങ്ങളിൽനിന്നു അവസരം കിട്ടിയാൽ പിന്നെയുള്ള സമയം മുഴുവനും അഹല്യ ധൎമ്മാനുശീലനത്തിലും, സൽപ്രവൃത്തികൾകൊണ്ടും കഴിച്ചുകൂട്ടിയിരുന്നു. ഐഹികപരമായ അവളുടെ ഓരോ പ്രവൃത്തികളിലും ഗാഢമായ ധൎമ്മവിശ്വാസം വേരൂന്നിക്കിടന്നിരുന്നു. 'ഈശ്വരൻ എനിക്കു തന്നിട്ടുള്ള ശക്തിയും യോഗ്യതയും സദ്വ്യയം ചെയ്വാൻ ഞാൻ അദ്ദേഹത്തിന്നു കടപ്പെട്ടവളാണ്' എന്ന് അഹല്യ പറയാറുണ്ട്. കുററക്കാരനെ ശിക്ഷിക്കുമ്പോൾ അഹല്യയുടെ നിസൎഗ്ഗകോമളമായ ഹൃദയത്തിൽ വേദനതോന്നിയിരുന്നു. രാജ്യശാസനം ചെയ്യേണമെങ്കിൽ ഈ മാതിരി കോമളഹൃദയം പററില്ലെന്നും, ദുഷ്ടനിഗ്രഹവും ശിഷ്ടരക്ഷയും ചെയ്യാതെ രാജ്യത്തിന്നു് രക്ഷയുണ്ടാവുന്നതല്ലെന്നും അവളുടെ മന്ത്രിമാർ അവളോടു പറഞ്ഞിരുന്നു. മന്ത്രിമാരുടെ വാക്കുകൾ ശരിയാണെന്നു അഹല്യയ്ക്കു തന്നെത്താൻ ബോദ്ധ്യമുണ്ടായിരുന്നു. എന്നിട്ടും അവളുടെ മനസ്സിന്റെ ആൎദ്രതകൊണ്ടു സകല സമയത്തും അഹല്യയ്ക്കു മന്ത്രിമാരുടെ ഉപദേശപ്രകാരം കാൎയ്യങ്ങൾ നടത്താൻ സാധിച്ചിരുന്നില്ല. ആരെയെങ്കിലും മരണശിക്ഷയ്ക്കു വിധിക്കുന്നതിന്നുമുമ്പായി അവൾ ഇങ്ങിനെ പറയാറുണ്ടായിരുന്നു. 'നമ്മളും മരണധൎമ്മ

ത്താടുകൂടിയ ജീവികളാണ്. സർവ്വശക്തിമാനായ ഈശ്വരൻെറ സൃഷ്ടികളായ ഏതൊരു പ്രാണിയേയും കൊല്ലുന്നതിന്നുമുമ്പിൽ നാം വളരെ സൂക്ഷ്മമായി ആലോചിച്ചു പ്രവൃത്തിക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്'.

സാധാരണ സ്ത്രീകൾ നിസ്സാരകാര്യങ്ങൾ ചെയ്തും നിസ്സാരസംഗതികളെപ്പററി സംസാരിച്ചും വളരെ സമയം വൃഥാ കഴിച്ചുകൂട്ടുന്നു. അഹല്യ ഒരിക്കലെങ്കിലും അപ്രകാരം ചെയ്യില്ല. വെറുതെ സമയം കളയുന്നതു് അവളുടെ പ്രകൃതിക്കു വിരുദ്ധമായിരുന്നു. അഹല്യയുടെ ദിനചര്യയെപ്പററി എഴുതിവെച്ചിട്ടുള്ള ഒരു കരടുപകർപ്പിൽനിന്ന് അവൾ എങ്ങിനെ കാലക്ഷേപം ചെയ്തിരുന്നു എന്നു നമുക്കു അറിയാവുന്നതാണ്. അഹല്യ ദിവസേന സൂര്യോദയത്തിന്നുമുമ്പ് എണീട്ടിരുന്നു. പ്രാതഃകൃത്യങ്ങൾ അവസാനിപ്പിച്ചു സന്ധ്യാവന്ദനം ചെയ്തശേഷം രാമായണം മഹാഭാരതം മുതലായ പുരാണശ്രവണം ചെയ്തിരുന്നു. പുരാണവായന സമയത്തു് അവിടെ അനവധി സാധുക്കൾ വന്നിരുന്നു. അഹല്യ സ്വന്തം കൈകൾകൊണ്ടു് അവക്കു ഭിക്ഷകൊടുക്കുകയും,ക്ഷണിച്ചുവരുത്തിയ ബ്രാഹ്മണക്കും വിദ്വാന്മാക്കും മൃഷ്ടാന്നം കൊടുത്തശേഷം താൻ കുറഞ്ഞൊന്നു

ഭക്ഷിക്കുകയും ചെയ്യുിരുന്നു. ഭക്ഷണപദാൎത്ഥങ്ങളെ സംബന്ധിച്ചേടത്തോളം അവൾ ബ്രാഹ്മണരെ അനുകരിച്ചിരുന്നു. ഹോൾക്കരവംശം മഹാരാഷ്ട്രന്മാരുടെ ഇടയിൽ ഏതൊരു ജാതിയിൽ ഉൾപ്പെട്ടിരുന്നുവോ, ആ ജാതിയിലെ വിധവമാക്കു മത്സ്യമാംസങ്ങൾ ഭക്ഷിപ്പാൻ വിരോധമുണ്ടായിരുന്നില്ല. എങ്കിലും അഹല്യ ഒരിക്കലും മത്സ്യമാംസങ്ങൾ ഭക്ഷിച്ചിട്ടില്ല. എന്നു മാത്രമല്ല വൈധവ്യം വന്നതിന്നുശേഷം അവൾ യാതൊരു മധുരപദാൎത്ഥങ്ങളും ഭക്ഷിച്ചിട്ടില്ല എന്നുകൂടി ഒരു ജനശ്രുതിയുണ്ട്. ഭക്ഷണം കഴിഞ്ഞു് അല്പനേരം വിശ്രമിച്ചശേഷം അഹല്യ രാജസഭയിൽ പോയിരുന്നു സന്ധ്യവരെ നിയമിതരീതിയിൽ രാജ്യകാൎയ്യങ്ങൾ നടത്തിവന്നിരുന്നു. ഉച്ചതിരിഞ്ഞു സഭപിരിഞ്ഞാൽ പിന്നെ മൂന്നുമണിവരെ ഈശ്വരാരാധന പ്രാൎത്ഥന ഇത്യാദികൾകൊണ്ടു കാലം കഴിച്ചിരുന്നു. അതിന്നുംശേഷം പിന്നേയും രാജ്യകാൎയ്യാദികളിൽ ഏൎപ്പെട്ടിരുന്നു. ഇപ്രകാരം ദിനകൃത്യങ്ങൾ മുഴുവനും നിൎവ്വഹിച്ചതിൻെറശേഷം രാത്രി പത്തു മണിയോടുകൂടി അഹല്യ ഉറങ്ങാൻ പോയിരുന്നു. ദേവപൂജ, ഉപവാസം, രാജ്യകാൎയ്യം എന്നീ മൂന്നു വിഷയങ്ങളിൽ അഹല്യ ഒരിക്കലും ആലസ്യമോ ഉദാസീനതയോ കാണിച്ചിരുന്നില്ല. മഹാരാ

ഷ്ട്രദേശത്തു് ഏതെല്ലാം പ്രകാരത്തിലുള്ള ഉത്സവങ്ങളും ധൎമ്മാനുഷ്ഠാനങ്ങളും കൊണ്ടാടിയിരുന്നുവോ അവയെല്ലാം അഹല്യ ശ്രദ്ധയോടുകൂടി നടത്തിവന്നു. അനേകംപേർ സമുദായനടപടികൾ കോട്ടം തട്ടാതിരിക്കാൻവേണ്ടിമാത്രമാണ പുരാണശ്രവണം, പൂജ മുതലായതു ചെയ്തുവരുന്നതു്. എന്നാൽ അഹല്യ അപ്രകാരമല്ല ചെയ്തിരുന്നതു്. അവൾ നിറഞ്ഞ ഭക്തിയോടും വിശ്വാസത്തോടും കൂടിയാണ ധൎമ്മം അനുഷ്ഠിച്ചതു്. ഈശ്വരപൂജ മാത്രമാണ ധൎമ്മാനുഷ്ഠാനം എന്നു അഹല്യ വിവേചനം ചെയ്തിരുന്നില്ല. ദിനന്മാരേയും ദരിദ്രന്മാരേയും ശുശ്രൂഷിക്കുക, ഗുണവാന്മാരെ ബഹുമാനിക്കുക, കുളം, കിണർ മുതലായവ കുഴിപ്പിച്ചു മനുഷ്യൎക്കുംനാല്ക്കാലികൾക്കും മററും ജലസൌകൎയ്യം നൽകുക, സന്ധി, വിഗ്രഹം തുടങ്ങിയ രാജ്യകാൎയ്യങ്ങളെല്ലാം ന്യായാനുസൃതമായി നിൎവ്വഹിക്കുക എന്നിങ്ങിനേയുള്ള സകലകാൎയ്യങ്ങളും ധൎമ്മാനുമോദിതമാണെന്നു് അഹല്യ വിശ്വസിച്ചിരുന്നു. ധൎമ്മത്തെ അനുസരിച്ചു ലൌകികകാൎയ്യങ്ങൾ നടത്താൻ പ്രയാസമാണെന്നും, ലൌകികകാൎയ്യങ്ങളിൽ ഏൎപ്പെട്ടാൽ ധൎമ്മം അനുഷ്ഠിക്കാൻ ഞെരുക്കമാണെന്നു ചിലർ വിചാരിക്കുന്നുണ്ടു്. എന്നാൽ ഈ വിചാരം തിരെ തെററാണു്. ലൌകികകാൎയ്യങ്ങ

ളിൽ ഏപ്പെട്ടാൽ ചില സമയങ്ങളിലും, ചില ചില വിഷയങ്ങളിലും ധൎമ്മാനുഷ്ഠാനത്തിന്നു വിഘ്നം വരുമെന്നുള്ളതു വാസ്തവമാണു്. എന്നാൽ എതൊരുത്തൻ ലൌകികകാൎയ്യങ്ങളിൽ ജാഗ്രതയോടുകൂടി ഏപ്പെട്ടിട്ടും ഈശ്വരസ്മരണയോടുകൂടി ഇരിക്കുന്നുവോ അവൻ യഥാൎത്ഥധാൎമ്മികനാണു്. അവൻ സംസാരരൂപമായ പോക്കളത്തിൽ വിജയം നേടുന്നു. അഹല്യയുടെ പ്രകൃതിയിൽ ദേവദുർല്ലഭമായ ഈ ഗുണം ഉള്ളതുകൊണ്ടാണു നാം അവളെ രമണീകുലത്തിൻെറ ആദൎശമായി കരുതിപ്പോരുന്നതു്. വ്രതം, പൂജ, ഉപവാസം മുതലായ ധൎമ്മാനുഷ്ഠാനങ്ങളിൽ അവൾ ഒരിക്കലും ഉദാസീനയായിരുന്നില്ല. ലൌകികകാൎയ്യങ്ങളെപ്പററി സൂക്ഷ്മമായി ആലോചനചെയ്യുന്നതിൽ, ഏററവും സമൎത്ഥനായ ഒരുവന്നുകൂടി അഹല്യയെ തോല്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഭോഗസുഖങ്ങളിൽ ആഗ്രഹംകൂടാതെ അവൾ എങ്ങിനെ രാജ്യഭാരം നടത്തിയിരുന്നുവോ, അങ്ങിനെയുള്ള ഒരു ദൃഷ്ടാന്തം ചരിത്രത്തിൽ നന്നേ ദുർല്ലഭമായിട്ടേ കാണുകയുള്ളു.

രാജ്യകാൎയ്യങ്ങൾ ശരിയായി നടത്താൻ എപ്പോഴും ഞെരുക്കമാണു്. എന്നാൽ കാലഭേദംകൊണ്ടും, അവസ്ഥയുടെ വ്യത്യാസംകൊണ്ടും അതു്

അധികം ദുഘ്ടമായിത്തീരുന്നുണ്ട്. അഹല്യയുടെ മഹത്വം നല്ലവണ്ണം മനസ്സിലാക്കണമെങ്കിൽ അവൾ ജീവിച്ചിരുന്ന കാലത്തെപ്പററി പൎയ്യാലോചന ചെയ്യുന്നതു് അത്യാവശ്യമാണ്. ഇക്കാലത്തു ഭാരതവൎഷത്തിൽ കാണപ്പെടുന്ന ശാന്തിയും, സമാധാനവും അഹല്യയുടെ കാലത്തുണ്ടായിരുന്നില്ല. ബ്രിട്ടിഷുശാസനത്തെ ഭയപ്പെട്ടു നാട്ടുരാജാക്കന്മാൎക്കു തമ്മിൽ തമ്മിൽ ആക്രമിച്ചു യുദ്ധംചെയ്യാൻ ധൈൎയ്യമില്ല. മഞ്ഞുകൊണ്ടു തളൎന്ന പാമ്പിനെപ്പോലെ അവൎക്കു ശാന്തസ്വഭാവം അവലംബിക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ അഹല്യയുടെ കാലത്തു ഭാരതവൎഷത്തിൻെറ—വിശേഷിച്ചു മദ്ധ്യഭാരതത്തിൻെറ അവസ്ഥ തീരെ മറിച്ചായിരുന്നു. നിരന്തരം കലഹിച്ചുകൊണ്ടിരിക്കുന്ന കാട്ടുമൃഗങ്ങളോടുകൂടിയ ആഫ്രിക്കയിലെ ഘോരവനങ്ങളോട് അന്നത്തെ ഭാരതവൎഷത്തെ സാമ്യപ്പെടുത്തുന്നതായാൽ അതു് അസംഗതമാവില്ലെന്നാണു തോന്നുന്നതു്. ഒരു ദിക്കിൽ കൊള്ളക്കൊരുങ്ങിയവരും, ദുൎദ്ദാന്തന്മാരുമായ മഹാരാഷ്ട്രന്മാർ; മറെറാരുദിക്കിൽ ജാഠന്മാർ, രോഹിലന്മാർ, പിണ്ഡാരികൾ മുതലായ നാനാജാതിക്കാരും നാനാമതക്കാരും ആയ സൈന്യസമൂഹങ്ങൾ; ഈ കൂട്ടക്കാരുടെ ഉപദ്രവംകൊണ്ടു മദ്ധ്യഭാരതം ഛിന്നഭിന്നമായി

ത്തിന്നിരുന്നു. ഈ അവസ്ഥയിൽ അഹല്യെക്കു തന്റെ രാജ്യത്തിൽ സമാധാനവും, ശാന്തിയും, വ്യവസ്ഥയോടുകൂടിയ രാജ്യഭരണവും സ്ഥാപിക്കാൻ കഴിഞ്ഞതു് ആലോചിക്കുമ്പോൾ അവൾക്കു് അസാധാരണ മഹത്വം ഉണ്ടായിരുന്നു എന്നു പറയാതെ നിവൃത്തിയില്ല. അവളുടെ രാജ്യഭാരത്തിന്റെ ഗുണാധിക്യംകൊണ്ടും, അവളുടെ പേരിന്റെ വൈഭവംകൊണ്ടും, അവളുടെ അയൽവാസികളും യുദ്ധതല്പരന്മാരും ആയിരുന്ന രാജാക്കന്മാരിൽ ഒരാൾക്കെങ്കിലും അവളുടെ രാജ്യം ആക്രമിക്കാനുള്ള ധൈര്യം ഉണ്ടായില്ല. ഒരിക്കൽമാത്രം ഉദയപുരത്തിലെ റാണ അഹല്യെക്കു് എതിരായി യുദ്ധംചെയ്തു. എന്നാൽ അഹല്യയുടെ സേനാപതി റാണയെ തോല്പിക്കുകയും, അദ്ദേഹം ഉടനേതന്നേ സന്ധിചെയ്യേണമെന്നു് അപേക്ഷിക്കുകയും ചെയ്തു. അഹല്യയുടെ രാജസഭയിൽ വിദേശീയരാജാക്കന്മാരുടെ ദൂതന്മാരായി വളരെ പേർ ഉണ്ടായിരുന്നു. അവരെല്ലാവരും അഹല്യയുടെ മഹത്വത്തെ ഭിന്നാഭിപ്രായംകൂടാതെ പുകഴ്ത്തിയിരുന്നു. അഹല്യയുടെ പ്രതിനിധികൾ പൂന, ഹൈദ്രാബാദ്, ശ്രീരംഗപട്ടണം, നാഗപുരം, കല്ക്കത്താ മുതലായി അക്കാലത്തുള്ള പ്രധാനപ്പെട്ട രാജധാനികളിൽ താമസിച്ചിരുന്നു.

അഹല്യയുടെ രാജ്യഭരണകാലത്തു സന്ധി, വിഗ്രഹം മുതലായതിൻെറ ഭാരം തുകോജിയുടെ കയ്യിൽ ഏല്പിക്കപ്പെട്ടിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തുകോജി ഏതെല്ലാം യുദ്ധങ്ങളിൽ വിജയംനേടി കീൎത്തി സമ്പാദിച്ചിരുന്നു എന്ന് ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. അഹല്യയുടെ ശാസനകാലം യുദ്ധവിഗ്രഹാദികൾകൊണ്ടു പ്രസിദ്ധപ്പെട്ടതല്ല. പ്രജകളുടെ നന്മക്കുവേണ്ടി അവൾ എന്തെല്ലാംപ്രവൎത്തിച്ചിരുന്നുവോ, അതുകൊണ്ടാണ് അവളുടെ പേർ പ്രാതഃസ്മരണീയമായിത്തീൎന്നിട്ടുള്ളത്. തൻെറ ശാസനയിലുൾപ്പെട്ട പ്രദേശങ്ങളുടെ സമാധാനരക്ഷക്കും വ്യവസ്ഥക്കുംവേണ്ടി, അവൾ സ്വല്പംമാത്രം സൈന്യങ്ങളെ നിൎത്തിയിരുന്നു. എന്നാൽ അവളുടെ ഏൎപ്പാടുകളുടെ ഗുണംകൊണ്ട് ഈ സ്വല്പസൈന്യങ്ങളുടെ സഹായംകൊണ്ടുതന്നെ അവൾക്കു വിഷമഘട്ടങ്ങളിൽകൂടി സ്വരാജ്യരക്ഷ ചെയ്വാൻ സാധിച്ചിരുന്നു. തൻെറ രാജ്യത്തിൻെറ സമാധാനത്തിന്നു ഭംഗം വരാതിരിക്കാൻ വേണ്ടി അവൾ തക്കസ്ഥലങ്ങളിൽ സൈന്യങ്ങളെ നിൎത്താൻ ശ്രദ്ധക്കുറവുകാണിച്ചിരുന്നില്ല. എന്നാൽ ഭാഗ്യംകൊണ്ടു സമാധാനരക്ഷക്കുവേണ്ടി അഹല്യക്കു സൈന്യബലത്തെ അധികം ആശ്രയിക്കേണ്ടിവന്നില്ല.

അവളുടെ പേരും ധൎമ്മഭാവവും വമ്പിച്ച സൈന്യങ്ങളേക്കാൾ അവൾക്കു സഹായമായിത്തീൎന്നിരുന്നു. നമ്മുടെ ശാസ്ത്രകൎത്താക്കന്മാർ "ഭീമം" "കാന്തം" എന്നീ ഗുണങ്ങളുടെ സമ്മേളനത്തേയാണു യഥാൎത്ഥ രാജലക്ഷണമായി നിൎദ്ദേശിച്ചിട്ടുള്ളതു്. അഹല്യയുടെ ചരിത്രത്തിൽ ഇതു ധാരാളം കാണപ്പെട്ടിട്ടുണ്ടു്. സുശീലന്മാരും ശാന്തപ്രകൃതികളും ആയ പ്രജകളെ അവൾ സ്നേഹപൂൎവ്വമായ നടപടികൊണ്ടു എങ്ങിനെ തൃപ്തിപ്പെടുത്തിയോ, അപ്രകാരംതന്നെ ഉഗ്രപ്രകൃതികളും വികൃതികളും ആയവൎക്കു കഠിനശിക്ഷകൊടുപ്പാനും അവൾക്കുകൂസലുണ്ടായിരുന്നില്ല. പ്രജകളുടേനേരേയെന്നപോലെ, അവൾ ആശ്രിതജനങ്ങളുടേനേരെയും പ്രയോജനം അനുസരിച്ചു തക്കതായ കാഠിന്യവും ശാന്തതയും കാണിച്ചിരുന്നു. ഉഗ്രനും ചഞ്ചലനും ആയ യജമാനന്റെ കീഴിൽ പണി എടുക്കുന്നതുപോലെ അത്ര കഷ്ടതരമായ കാൎയ്യം ഒരു ഭൃത്യനു വേറേ ഒന്നുംതന്നെയില്ല. എന്നാൽ അഹല്യ തന്റെ ആശ്രിതന്മാരുടേനേരെ വളരെ സ്നേഹത്തോടുകൂടി പെരുമാറിയിരുന്നതുകൊണ്ടും, അവൾക്കു കൎത്തവ്യനിഷ്ഠയിലും നീതിന്യായത്തിലും അത്രഅധികം ആദരവുണ്ടായിരുന്നതുകൊണ്ടും അവൾ വളരേക്കാലം രാജ്യംഭരിച്ചിരുന്നുവെങ്കിലും

അവൾ ഒരിക്കലെങ്കിലും മന്ത്രിയേ മാററിയില്ല, മററുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിലും ഒരിക്കലും യാതൊരുമാററവും ചെയ്തില്ല.

അഹല്യ സിംഹാസനാരോഹണം ചെയ്യുന്നതിന്നുമുമ്പ് ഇന്ദോർ ഒരു സാമാന്യമായ ഗ്രാമംമാത്രമായിരുന്നു. അവളുടെ കാലത്താണ് ഇന്ദോർ സമൃദ്ധിയോടുകൂടിയ ഒരു നഗരമായി പരിണമിച്ചതു്. അവളുടെ ശാസനയുടെ ഗുണംകൊണ്ടും, നല്ലനടപടികൊണ്ടും ആകർഷിക്കപ്പെട്ടവരായിട്ട ദേശദേശാന്തരങ്ങളിൽനിന്ന് അനേകം കച്ചവടക്കാർ അവിടെവന്നു താമസം തുടങ്ങി. നഗരവാസികളെ ആരെങ്കിലും വല്ല ഉപദ്രവവും ചെയ്താൽ അവൻ എത്ര ഉന്നതപദവിയിലിരിക്കുന്നവനായാലും വേണ്ടില്ല, അഹല്യ അവൻെറ കുററത്തെ ഒരിക്കലും ക്ഷമിച്ചിരുന്നില്ല. ഒരിക്കൽ ലോഭംകൊണ്ടും, അന്നു നടപ്പുണ്ടായിരുന്ന നിയമം അനുസരിച്ചും സന്താനമില്ലാതെ മരിച്ചുപോയ ഒരു കച്ചവടക്കാരൻെറ സ്വത്തു കയ്ക്കലാക്കാൻ ശ്രമിച്ചതായി ഒരു ജനശ്രുതിയുണ്ട്. അഹല്യ അപ്പോൾ ഇന്ദോരിൽ ഉണ്ടായിരുന്നില്ല. അവൾ മഹേശ്വരക്ഷേത്രത്തിൽ താമസിക്കുകയായിരുന്നു. കച്ചവടക്കാരൻെറ ഭാര്യ അവളുടെ അടുക്കൽച്ചെന്നു തൻെറ സ്ഥിതിയെ അറിയിച്ചപ്പോൾ

അഹല്യ അതെല്ലാം ശ്രദ്ധവെച്ചു കേട്ടതിന്നുശേഷം അവൾക്കു വിലപിടിച്ച വസ്തുങ്ങൾ സമ്മാനംകൊടുത്തു് അവളെ പറഞ്ഞയച്ചു. പിന്നെ, ഈ മാതിരി ഉപദ്രവങ്ങൾ ചെയ്യരുതെന്നു വിലക്കി തുകോജിക്കു് ഒരു കല്പന അയച്ചു. അഹല്യയുടെ കല്പനയെ നിരസിക്കുവാൻ തുകോജിക്കു ധൈൎയ്യമുണ്ടായില്ല. കച്ചവടക്കാരന്റെ ഭാൎയ്യയുടെ ഹൃദയം കൃതജ്ഞതകൊണ്ടു നിറഞ്ഞു. ഈ മാതിരി നീതിന്യായതല്പരതകണ്ടു് ഉന്ദോർനിവാസികൾ അഹല്യയെ മുക്തകണ്ഠം പുകഴ്ത്തിത്തുടങ്ങി.

ഹോല്ക്കരവംശത്തിന്റെ ആശ്രിതന്മാരായ സാമന്തന്മാരുമായി അഹല്യ സ്നേഹത്തോടുകൂടി പെരുമാറിയിരുന്നു. അവളുടെ രാജ്യഭരണത്തിന്നു മുമ്പു് അവരോടു കപ്പം വാങ്ങുന്നതിന്നു് ഒരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല. ഇരുപക്ഷക്കാരുടേയും ഇഷ്ടംപോലെയും, സൌകൎയ്യംപോലെയും കപ്പം വാങ്ങുകയും കൊടുക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു് ഇരുകക്ഷികൾക്കും വൃഥാ സമയം കളയേണ്ടിവരികയും, തൎക്കങ്ങൾ നിമിത്തം ചിലപ്പോൾ തൃപ്തികേടുണ്ടാവുകയും ചെയ്തിരുന്നു. ഈ അസൌകൎയ്യങ്ങൾ ഇല്ലാതാക്കിത്തീൎക്കാൻ വേണ്ടി അഹല്യ സാമന്തന്മാൎക്കു സന്തോഷം ജനിക്കത്തക്കവിധത്തിൽ ഒരു വ്യവസ്ഥചെയ്തു. രാജ്യ

ത്തിൻെറ ഐശ്വയ്യവദ്ധനയ്ക്കുവേണ്ടിയും മംഗള ത്തിനുവേണ്ടിയും എന്തു് ഏർപ്പാടുചെയ്യാനും അ വൾക്കു വൈമുഖ്യം ഉണ്ടായിരുന്നില്ല. കച്ചവടക്കാർ, കൃഷിക്കാർ, പണവ്യാപാരികൾ മുതലായവരെ നല്ല സ്ഥിതിയിലായിക്കാണുമ്പോൾ അവൾക്കുണ്ടാ വുന്ന ആനന്ദത്തിന്നു് അതിരില്ല. തൻെറ ഉദ്യോ ഗസ്ഥന്മാർ പ്രജകളെ ഒരുവിധത്തിലും ഉപദ്രവിക്കാ തിരിക്കുന്നതിന്നുവേണ്ടി അവൾ പ്രത്യേകം ദൃഷ്ടിവെ ച്ചിരുന്നു. കോശകാര്യാദ്ധ്യക്ഷംവഹിച്ചിരുന്ന ഖണ്ഡേ റാവുവിന്നു് അവൾ ഇപ്രകാരം എഴുതിയിരുന്നു. "തക്കസമയത്തു് കപ്പവും നികുതിയും പിരിക്കേ ണ്ടതു് ആവശ്യംതന്നേ. എങ്കിലും പ്രജകൾക്കു സുഖവും ക്ഷേമവും വരുത്താൻ നിങ്ങൾക്കു സാധിച്ചു എന്നു കേൾക്കുന്നതിലാണു് എനിക്കു് അധികം സന്തോഷം എന്നു നിങ്ങൾ പ്രത്യേകം ഓർമ്മവെ ക്കണം."

തങ്ങളെ ആശ്രയിച്ചിരുന്ന പ്രജകളുടെ സർവ്വ സ്വവും അപഹരിച്ചെടുപ്പാൻ കൂസലില്ലാതിരുന്ന അനേകം രാജാക്കന്മാർ അഹല്യയുടെ കാലത്തുണ്ടാ യിരുന്നു. ഒരുവേള തങ്ങളുടെ കയ്യിൽ പണം ഉണ്ടെന്നു രാജാവു് അറിഞ്ഞാൽ അതെല്ലാം അപ ഹരിച്ചുകൊണ്ടുപോയെങ്കിലോ എന്നു ഭയപ്പെട്ടു പ്രജ

കളിൽ അനേകംപേർ തങ്ങൾ കഷ്ടപ്പെട്ടു സമ്പാദിച്ച പണം മണ്ണിൽ കുഴിച്ചിടുകയും, കിണററിലിടുകയും ചെയ്തിരുന്നു. പണം ഇഷ്ടംപോലെ ചിലവിടാനോ അതുകൊണ്ടു സുഖമായി കാലംകഴിപ്പാനോ അവക്കു ധൈയ്യം ഉണ്ടായില്ല. പലരാജാക്കന്മാരുടെ രാജ്യങ്ങളിലും മാളിക വെണ്മാടം മുതലായതു നിമ്മിക്കാനും, ഡോലി പല്ലക്കു മുതലായ വാഹനങ്ങളിൽ കയറാനും പ്രജകൾക്കു പാടില്ലായിരുന്നു. ഇങ്ങിനെയുള്ള കാലത്തു അഹല്യ തന്റെ പ്രജകളുടെ നേരേ മാതൃവാത്സല്യത്തോടുകൂടിയും, ബന്ധുവിന്റെ നിലയിൽ അനുകൂലത്തോടുകൂടിയും, ധമ്മാദ്ധ്യക്ഷനെപ്പോലെ പക്ഷപാതരഹിതമായും അനുവത്തിച്ചുവന്നതു് ആലോചിക്കുമ്പോൾ അവളുടെ മഹത്വം ധാരാളം വെളിപ്പെടുന്നുണ്ടു്. തന്റെ പ്രജകളിൽ ആരെങ്കിലും സ്വന്തം പ്രയത്നംകൊണ്ടും പരിശ്രമം കൊണ്ടും ഉന്നതി പ്രാപിച്ചതായി കേട്ടാൽ അഹല്യ അവന്റെ നേരേ ഇരട്ടിയായി തന്റെ സന്തോഷം പ്രകാശിപ്പിച്ചിരുന്നു. സകല വിഷയങ്ങളിലും അവളുടെ ദൃഷ്ടി പതിഞ്ഞിരുന്നു. ദേശദേശാന്തരങ്ങളിലുള്ള ഭാഗവതന്മാർ, വിദ്വാന്മാർ, ശില്പികൾ മുതലായവരെ ഇന്ദോരിലേയ്ക്കു ക്ഷണിച്ചുവരുത്തി അവൾ അവക്കു സമ്മാനങ്ങൾ കൊടുത്തു അവരേ പ്രോത്സാ

ഹിപ്പിച്ചിരുന്നു. പ്രജകൾ കഷ്ടപ്പെട്ടു സമ്പാദിച്ചു ധനത്തിന്നു അഹല്ല്യയ്ക്കു ലേശം ആഗ്രഹമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, അവർ സ്വന്തം മനസ്സോടു കൂടി കൊടുത്ത പണംകൂടി അവൾ സ്വീകരിച്ചില്ല. ഒരിക്കൽ അവളുടെ രാജ്യത്തിൽ ഒരുദിക്കിൽ ധനികനായ ഒരു വ്യാപാരി സന്താനമില്ലാതെ മരിച്ചുപോയി. അഹല്ല്യയുടെ ഒരു ഉദ്യോഗസ്ഥൻ വ്യാപാരിയുടെ ഭാര്യയുടെ അടുക്കൽച്ചെന്നു മൂന്നുലക്ഷം ഉറുപ്പിക കൈക്കൂലി ചോദിക്കുകയും, അതു കൊടുക്കാത്തപക്ഷം വ്യാപാരിയുടെ സകലസമ്പത്തും രാജഭണ്ഡാരത്തിലേയ്ക്കു ഒതുക്കുമെന്നു പറഞ്ഞു അവളെ ഭയപ്പെടുത്തുകയും ചെയ്തു. വ്യാപാരിയുടെ ഭാര്യ സ്വജനങ്ങളുമായി ആലോചിച്ചു ഒരു ദത്തുപുത്രനേ സ്വീകരിച്ചിരുന്നു. എന്നാൽ കൈക്കൂലി ചോദിച്ച ഉദ്യോഗസ്ഥൻ ദത്തുപുത്രനെ വ്യാപാരിയുടെ അവകാശിയായി സ്വീകരിച്ചില്ല. വ്യാപാരിയുടെ ഭാര്യ ഗത്യന്തരമില്ലാതേ അഹല്ല്യയെ ശരണംപ്രാപിച്ചു. അഹല്ല്യ സകല വിവരങ്ങളുംകേട്ടശേഷം കൈക്കൂലി ചോദിച്ച ഉദ്യോഗസ്ഥനേ ഉടനേ നാടുകടത്താൻ കല്പന കൊടുക്കുകയും വ്യാപാരിയുടെ ഭാര്യ എടുത്തുകുട്ടിയെ ദത്തെടുത്തിരുന്നുവോ ആ കുട്ടിയേ, മാതൃസ്നേഹത്തോടുകൂടി തന്റെ മടിയിലിരുത്തി വിശേഷ

പ്പെട്ട വസ്ത്രാലങ്കാരങ്ങളും ബഹുമാനസൂചകമായ ഒരു ഡോലിയും സമ്മാനംകൊടുത്തു് അവരെ യാത്ര അയക്കുകയും ചെയ്തു. വ്യാപാരിയുടെ ഭായ്യക്കു തന്റെ കൃതജ്ഞത സൂചിപ്പിക്കാൻവേണ്ടി വളരെ വിലപിടിച്ച കാഴ്ചദ്രവ്യങ്ങൾ അഹല്യക്കു കൊടുക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ആ പ്രസ്താവം കേൾക്കാൻകൂടി അഹല്യ ഒരുക്കമുണ്ടായിരുന്നില്ല.

പിന്നെ ഒരിക്കൽ അവളുടെ പ്രജകളുടെ ഇടയിൽ ധനാഢ്യന്മാരായ രണ്ടു സഹോദരന്മാർ സന്താനമില്ലാതെ മരിച്ചുപോയി. അവക്കു് അനവധി സ്വത്തുക്കളുണ്ടായിരുന്നു. അവകാശികൾ ആരും ഉണ്ടായിരുന്നതുമില്ല. ജ്യേഷ്ഠഭ്രാതാവിന്റെ ഭായ്യ ഒരു കുട്ടിയെ ദത്തെടുക്കാതേ, ഭത്താവിന്റേയും ഭത്തൃസോദരന്റേയും സ്വത്തു മുഴുവനും അഹല്യക്കു കൊടുക്കാനായി അവളുടെ അടുക്കൽ പോയി. ഇങ്ങിനെ സ്വേച്ഛപ്രകാരം കൊടുത്ത സ്വത്തിനെ അഹല്യ സ്വീകരിച്ചിരുന്നെങ്കിൽ ആരും അഹല്യയെ കുററം പറകയില്ലായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ നിസ്വാത്ഥഹൃദയയായിരുന്ന അഹല്യ വിധവയുടെ സമ്പത്തു സ്വീകരിപ്പാൻ കൂട്ടാക്കിയില്ല. വിധവ വീണ്ടും വീണ്ടും

നിർബ്ബന്ധിച്ചപ്പോൾ അഹല്യ അവളോടു പറഞ്ഞു. "നിങ്ങൾക്കു സ്വന്തമായിട്ട് ഈ സ്വത്തുക്കൾകൊണ്ടു യാതൊരു ആവശ്യവുമില്ലെങ്കിൽ പരലോകംപ്രാപിച്ച ഭർത്താവിൻെറ ഓർമ്മയ്ക്കായി ദേവകാര്യത്തിലും സാധാരണ ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയും ഈ സ്വത്തുക്കൾ ഉപയോഗിക്കുവിൻ! അങ്ങിനെ ചെയ്താലാണ് എനിയ്ക്കു സന്തോഷം." അഹല്യയുടെ ഉപദേശപ്രകാരം വിധവ തൻെറ സമ്പത്തിനെ ജനങ്ങൾക്കു ഹിതകരമായ പല വിഷയങ്ങളിലും ക്ഷേത്രനിർമ്മാണത്തിലും ചിലവുചെയ്തു. അഹല്യയുടെ ഉദ്ദേശം ഫലിച്ചു. അഹല്യയുടെ നീതിന്യായതല്പരതയേയും നിസ്വാർത്ഥതയേയും കുറിച്ചു ഈ മാതിരി അനേകം കേട്ടുകേൾവിയുണ്ട്. ദത്തെടുക്കാൻ സമ്മതിക്കുമ്പോൾ പ്രജകളുടെ പക്കൽനിന്നു സ്വത്തിൻെറ പത്തിനു രണ്ടവകാശം വാങ്ങിവരുന്നതു് ഈ രാജ്യത്തിൽ പണ്ടെയ്ക്കുപണ്ടേയുള്ള ഒരു നടപടിയാണ്. എന്നാൽ ഈ മാതിരി അവകാശം വാങ്ങുന്നതു് അധർമ്മമായ ഒരു കാര്യമായിട്ടാണ് അഹല്യ വിചാരിച്ചിരുന്നതു്. ഒരിക്കൽ ധനവാനായ ഒരു വ്യാപാരിയുടെ മരണശേഷം അയാളുടെ വിധവ ദത്തെടുക്കാനുള്ള സമ്മതംകിട്ടാൻവേണ്ടി അഹല്യയ്ക്കു വളരേ പണം കാഴ്ചവെക്കാൻ ആഗ്രഹിച്ചിരുന്നു.

ഈ മാതിരി സ്വേച്ഛപ്രകാരം തരുന്ന കാഴ്ചവാങ്ങി അവൾക്കു ദത്തെടുക്കാൻ സമ്മതം കൊടുക്കേണ്ടതാണെന്ന് അഹല്യയുടെ ഉദ്യോഗസ്ഥന്മാർ അവളോട് ഉപദേശിച്ചു. കാഴ്ച വാങ്ങുന്നതിന്ന് അനുകൂലമായിട്ട് അവർ താഴേപറയുന്ന യുക്തി കാണിച്ചുകൊടുത്തു. "വ്യാപാരിയുടെ ഭാൎയ്യക്ക് അനവധി സ്വത്തുണ്ട്. അതുകൊണ്ടു ദത്തെടുക്കാനുള്ള സമ്മതം കിട്ടാൻ അവൾ രാജാവിന്നുള്ള അവകാശം കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവളാണ്." ഉദ്യോഗസ്ഥന്മാരുടെ ഉപദേശവും യുക്തിയും കേട്ടശേഷം അഹല്യ പറഞ്ഞു. "അപേക്ഷക്കാരിക്കു ദത്തെടുക്കാൻ അനുവാദം കൊടുക്കുന്നതു ശാസ്ത്രപ്രകാരം നമ്മുടെ മുറയാണ്. എന്നാൽ അതിന്നുവേണ്ടി അവളുടെ പക്കൽനിന്നു കാഴ്ചയായി എന്തെങ്കിലും വാങ്ങുന്നതു ധൎമ്മസംഗതമാണെന്ന് എനിക്കു തോന്നുന്നില്ല. അവളുടെ ഭൎത്താവു കഷ്ടപ്പെട്ടു സ്വത്തു സമ്പാദിച്ചു. ഭൎത്താവു സമ്പാദിച്ച സ്വത്തു രക്ഷിക്കാൻവേണ്ടിയാണു വിധവ ദത്തിന്നുസമ്മതം കിട്ടാൻ അപേക്ഷിക്കുന്നതു്. ശാസ്ത്രകൎത്താക്കന്മാർതന്നേ അവൾക്ക് ആ അധികാരം കൊടുത്തിട്ടുണ്ട്. എന്നാൽ നാം രാജാവും ശക്തിയുള്ളവരും ആണ്. നമ്മുടെ സമ്മതംകൂടാതെ ദത്തെടുത്താൽ ഒരു സമയം നാം ശാസ്ത്ര

മൎയ്യാദയെ അധിലംഘിച്ച് അവളുടെ കാൎയ്യത്തിന്നു പ്രതിബന്ധമായിനിന്നാലോ എന്നു ഭയപ്പെട്ടിട്ടാണ് അവൾ നമ്മുടെ സമ്മതത്തിന്ന് അപേക്ഷിക്കുന്നതു്. അതുകൊണ്ടു് ഇങ്ങിനെ പറഞ്ഞ് അവൾക്ക് അഭയം കൊടുക്കുന്നതാണ് ഉചിതം. 'ശാസ്ത്രസമ്മതമായ കാൎയ്യം ചെയ്യാൻ നിങ്ങൾക്കു പൂൎണ്ണമായ അധികാരമുണ്ടു്. അതിന്നു ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. നിങ്ങൾ ഇഷ്ടംപോലെ ദത്തുപുത്രനെ സ്വീകരിച്ചു, ഭൎത്താവിൻെറ സ്വത്തു് അനുഭവിച്ചാലും' അവൾക്ക് ഇപ്രകാരം സമ്മതം കൊടുക്കാൻ ധൎമ്മശാസ്ത്രപ്രകാരം നാം ബാദ്ധ്യസ്ഥന്മാരാണ്. ഈ സമ്മതം കൊടുക്കുന്നതിന്നുവേണ്ടി നാം അവളോടു കാഴ്ചവാങ്ങാൻ ശ്രമിക്കുന്നതായാൽ അവൾ ഗത്യന്തരമില്ലാതെ അതു നമുക്കു തരും എന്നതു വാസ്തവംതന്നേ. എന്നാൽ ഈവിധത്തിൽ മേടിച്ച പണവും, കട്ട മുതലും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. അഥവാ ഇതു തട്ടിപ്പറിച്ച മുതലാണെന്നു പറയുന്നതായാലും അസംഗതമായി വരുന്നതല്ല." വ്യാപാരിയുടെ ഭാൎയ്യയോടു യാതൊരു കാഴ്ചയും വാങ്ങാതേ അവളുടെ ഹരജിക്കു മറുപടിയായി താഴേ പറയുന്ന സാരം അടങ്ങിയ ഒരു സമ്മതപത്രം അയച്ചുകൊടുക്കുക. "നിങ്ങൾക്ക് ഒരു ദത്തുപുത്രനെ

സ്വീകരിക്കാൻ ആഗ്രഹമുണ്ടെന്നു കേട്ടു നാം ഏററവും സന്തോഷിക്കുന്നു. നിങ്ങളുടെ ഭർത്താവിൻെറ സ്വത്തിന്നു നിങ്ങൾതന്നേയാണു ന്യായമായ അവകാശി. മുമ്പിലത്തെപ്പോലെ നിങ്ങളുടെ ഭർത്താവിൻെറ പേരും മാനവും രക്ഷിച്ചുകൊണ്ടു് നിങ്ങൾ ഭർത്താവു സമ്പാദിച്ച സ്വത്തു് അനുഭവിക്കുന്നു എന്നു കേൾക്കുന്നതു് എനിക്കു ഏററവും സന്തോഷമാണു്. നിങ്ങൾ യാതൊരു കാൎയ്യവും തരേണ്ടുന്ന ആവശ്യമില്ല. ഈശ്വരകാരുണ്യംകൊണ്ടു് ഈ മാതിരി കാൎയ്യവാങ്ങി രാജഭണ്ഡാരത്തിലെ പണം വൎദ്ധിപ്പിക്കേണ്ട ആവിശ്യം ഇതുവരേ വന്നിട്ടില്ല.'' അഹല്യയുടെ കല്പനപ്രകാരം ഉദ്യോഗസ്ഥന്മാർ മേൽവിവരിച്ച താല്പൎയ്യപ്രകാരം വിധവയ്ക്കു് ഒരു അനുമതിപത്രം എഴുതി അയച്ചുകൊടുത്തു. പഠിപ്പില്ലാത്തവരും, അന്ധവിശ്വാസത്തോടുകൂടിയവരും ആയ ഹിന്തുരാജാക്കന്മാരുടെ കീഴിലായിരുന്ന പ്രജകൾക്കു സുഖവും സമാധാനവും ഉണ്ടായിരുന്നില്ല എന്നു വൈദേശികചരിത്രകാരന്മാരുടെ ഇടയിൽ എന്നു വേണ്ട നമ്മുടെ രാജ്യത്തിലെ ചില ചരിത്രകാരന്മാരുടെ ഇടയിലും ഒരു ധാരണയുണ്ടു്. ഞങ്ങൾ ഇങ്ങിനെയുള്ളവരോടു് അഹല്യയെപ്പോലെയുള്ള ഒരു ഹിന്തുരാജ്ഞിയുടെ ശാസനകാലത്തെപ്പററി പൎയ്യാലോചനചെയ്യുവാൻ അപേക്ഷിക്കുന്നു.

രാജ്യകാൎയ്യത്തെ സംബന്ധിച്ച് അഹല്യ ഒരിടത്ത് എങ്ങിനെ മാധുൎയ്യം പ്രദൎശിപ്പിച്ചിരുന്നുവോ, അങ്ങിനെതന്നേ മറെറാരിടത്ത് അവശ്യം വേണ്ടിവന്നാൽ കാഠിന്യവും പ്രയോഗിച്ചിരുന്നു. അവളുടെ രാജ്യത്തിൽ അധിവസിച്ചിരുന്ന ഭീലന്മാരെ ഒതുക്കുന്നതിൽ അഹല്യ വേണ്ടുവോളം ഉഗ്രതയും, മനോദാൎഢ്യവും പ്രകടിപ്പിച്ചിരുന്നു. ഭീലന്മാർ അഹല്യയുടെ രാജ്യത്തിൻെറ പല ഭാഗങ്ങളിലും, മാളവരാജ്യത്തിൻെറ അടുത്തുള്ള പ്രദേശങ്ങളിലും താമസിച്ചിരുന്നു. അവരുടെ ഉപദ്രവംകൊണ്ടു വഴിയാത്രക്കാൎക്കു തങ്ങളുടെ പണവുംകൊണ്ടു് ഒരു ഗ്രാമത്തിൽനിന്നു മറെറാരു ഗ്രാമത്തിലേക്കു പോകാൻ നിവ്വാഹമില്ലായിരുന്നു. ബ്രിട്ടീഷുരാജ്യഭാരത്തിൻ കീഴിലും ഈ ഭീലന്മാൎക്കു് ഇപ്പോഴും നല്ലവണ്ണം അടക്കവും ഒതുക്കവും വന്നിട്ടില്ല. അതിനാൽ അഹല്യയുടെ കാലത്ത് അവരുടെ ഉപദ്രവം എത്രത്തോളം പ്രബലമായിരുന്നു എന്നു് എളുപ്പത്തിൽ ഊഹിക്കാൻ കഴിയുന്നതാണ്. അഹല്യ ആദ്യം അവരുടെനേരേ അവൾക്കു സ്വാഭാവികമായ ദയാദാക്ഷിണ്യം പ്രയോഗിച്ചു ഭീലന്മാരെ വശത്താക്കാൻ ശ്രമിച്ചുനോക്കി. എന്നാൽ അവർ ദയാദാക്ഷിണ്യംകൊണ്ടു് ഒതുങ്ങുന്നവരല്ലെന്നു് അഹല്യക്കു ബോദ്ധ്യ

മായപ്പോഠം അവക്കു് അതികഠിനമായ ശിക്ഷകൊടുത്തു് അവരേ ഒതുക്കേണമെന്നു് അവഠം കല്പനകൊടുത്തു. അനേകം ഭിലത്തലവന്മാർ നിഹതന്മാരാവുകയും, അനേകം ഭിലഗ്രാമങ്ങഠം നശിക്കുകയും ചെയ്തു. അപ്പോഠം ഭിലന്മാക്കു തന്റേടം വരികയും അഹല്യ പറയുംപോലെ നടന്നുകൊള്ളാമെന്നു് അവർ സമ്മതിക്കുകയും ചെയ്തു. അവർ ഒതാററു് അഹല്യയെ ശരണംപ്രാപിച്ചപ്പോഠം അവഠം അവരുടെനേരേ ദയകാണിക്കാതിരുന്നില്ല. കവച്ചയും നായാട്ടും ചെയ്തു് ഉപജീവനം കഴിക്കുന്നതിനേക്കാഠം കൃഷിയും കച്ചവടവും ചെയ്തു കാലക്ഷേപം ചെയ്യുന്നതാണു് അധികം നല്ലതെന്നു് അവഠം അവക്കു മനസ്സിലാക്കിക്കൊടുത്തു. ഓരോ വഴിയാത്രക്കാരും ഭിലന്മാർ താമസിക്കുന്ന സ്ഥലങ്ങളിൽക്കൂടി കടന്നുപോകുമ്പോഠം അവക്കു സ്വല്പമായ ഒരു ചുങ്കം കൊടുക്കണമെന്നു ഭിലന്മാരുടെ ഇടയിൽ വളരേക്കാലമായിട്ടു് ഒരു നടപ്പുണ്ടായിരുന്നു.* അഹല്യ അവരുടെ ഈ അധികാരത്തെ എടുത്തുകളഞ്ഞില്ല. എന്നാൽ ആ

---

* ഈ ചുങ്കത്തിന്നു 'ഭിലകഡി' എന്ന പേരാണു പറഞ്ഞുവന്നിരുന്നതു്. ചുങ്കത്തിന്റെ തോതു് ഓരോ സ്ഥലത്തു് ഓരോ പ്രകാരമായിരുന്നു. ഒരു കാളച്ചുമടിന്നുള്ള ചുങ്കം സാധാരണയായിട്ടു് അരപ്പൈസ്സയിൽ അധികരിക്കാറില്ല.

അധികാരത്തെ സ്ഥിരപ്പെടുത്തിക്കൊടുത്തതോടുകൂടി ഓരോ ഭിലത്തലവന്മാരും അവരുടെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളിൽകൂടെ പോകുന്ന വഴിപോക്കരുടെ ധനരക്ഷയ്ക്കും പ്രാണരക്ഷയ്ക്കും ബാദ്ധ്യസ്ഥന്മാരായിരിക്കണം എന്ന നിയമംകൂടി അഹല്യ ഏർപ്പെടുത്തി. ഇങ്ങിനെ ഒരേസമയത്തു കഠോരമായും മൃദുവായുമുള്ള അഹല്യയുടെ നടപടികൊണ്ടു ദുർദ്ദാന്തന്മാരായ ഭിലന്മാർ ക്രമേണ അവൾക്കു കീഴടങ്ങി.

അഹല്യ ഭാരതവർഷത്തിലെ വളരെ ദൂരപ്രദേശങ്ങളിലുള്ള രാജാക്കന്മാരുമായി എഴുത്തുകുത്തുകൾ നടത്തിയിരുന്നു. മററു രാജ്യങ്ങളിലുള്ള പ്രജകളുടെ അവസ്ഥ മനസ്സിലാക്കി അവരേപ്പോലെ തൻെറ പ്രജകൾക്കും സുഖവും സമൃദ്ധിയും ഉണ്ടാക്കിത്തിക്കാൻവേണ്ടി അഹല്യ എല്ലായ്പ്പോഴും ശ്രദ്ധവെച്ചിരുന്നു. ഹോൾക്കരരാജ്യത്തിൻെറ നാനാസ്ഥാനങ്ങളിലും അവൾ അനവധി കോട്ടകൾ കെട്ടിച്ചു. ഗതാഗതത്തിൻെറ സൌകര്യത്തിന്നുവേണ്ടി അവൾ വിന്ധ്യപർവ്വതത്തിൻെറ മുകളിൽകൂടി ഒരു വഴിവെട്ടിച്ചു. വഴിപോകുന്ന ദിക്കിൽ പർവ്വതം പ്രായേണ കുത്തനേയായിരുന്നതുകൊണ്ടു് അഹല്യയ്ക്കു വളരെ പണം ചിലവഴിക്കേണ്ടിവന്നു. ഹോൾക്കരരാജ്യത്തിൻെറ പല ഭാഗങ്ങളിലും അവൾ ക്ഷേത്രങ്ങൾ, വഴിയമ്പല

ങ്ങൾ, കിണറുകൾ മുതലായവ നിൎമ്മിച്ചു. മല്ഹാര റാവു മരിക്കുന്ന സമയം വളരേ പണം രാജ്യഭണ്ഡാരത്തിലുണ്ടായിരുന്നു. അഹല്യ അതിൻെറ അവകാശിയായി വന്നപ്പോൾ അതിൽ തക്കതായ ഒരു ഭാഗം ദാനം, അതിഥിസേവ, ദേവപൂജ മുതലായ സല്ക്കാൎയ്യങ്ങൾക്കായി ഉഴിഞ്ഞുവെച്ചു. പലവിധത്തിലുമുള്ള ധൎമ്മങ്ങൾക്കുവേണ്ടി അവൾ ഇരുപതുകോടി ഉറുപ്പികയോളം ചിലവാക്കിട്ടുണ്ടെന്ന് അവളുടെ ഒരു ചരിത്രകാരൻ പറഞ്ഞിട്ടുണ്ട്. രാജ്യഭണ്ഡാരത്തിൽനിന്ന് എടുത്ത പണം ഒരു ദിക്കിൽ കൂട്ടിവെച്ച് അതിൻെറ മേൽ അഞ്ജലിപ്രമാണം ഗംഗാജലം ഒഴിച്ചു കുറേ തുളസിയും ഇട്ടു രാജപുരോഹിതനെക്കൊണ്ടു മന്ത്രം ചൊല്ലിപ്പിക്കുന്ന ഒരു നിയമം അവൾ വെച്ചിരുന്നു. അതു മുതല്ക്ക് ആ പണം ധൎമ്മകാൎയ്യങ്ങൾക്കു മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ഒരു കാലത്തും അതിൽനിന്നു ഒരു പൈപോലും മററുകാൎയ്യങ്ങൾക്കു ചിലവുചെയ്വാൻ പാടില്ലായിരുന്നു. ഏതുപണം ഏതുദ്ദേശത്തിന്നുവേണ്ടി ചിലവുചെയ്വാൻ നിശ്ചയിച്ചിരുന്നുവോ അഹല്യ ആ പണം അതിന്നുവേണ്ടി മാത്രമേ ചിലവുചെയ്തിരുന്നുള്ളു. താൻ പരദുഃഖകാതരയും, ദാനശീലയും ആയിരുന്നുവെങ്കിലും രാജ്യകാൎയ്യങ്ങൾക്കുവേണ്ടി തീൎച്ചപ്പെടുത്തി

വെച്ചിട്ടുള്ള പണം അവൾ ദാനധർമ്മങ്ങൾക്കുവേണ്ടി ഒരിക്കലും ഉപയോഗിച്ചില്ല. ഈ വിധത്തിലുള്ള സുവ്യവസ്ഥകൊണ്ടാണ് അവളുടെ ശാസനകാലം എല്ലാ വിഷയങ്ങളിലും മംഗളമയമായിത്തീന്നതു്. അവൾ തൻെറ രാജ്യത്തിൻെറ ഉന്നതിക്കുവേണ്ടി എന്തെല്ലാം ചെയ്തിട്ടുണ്ടായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവളുടെ ദയയും ദാതൃത്വവും കേവലം ഹോൾക്കരരാജ്യത്തിൻെറ ഉള്ളിൽ ആബദ്ധമായിരുന്നില്ല. സ്വദേശിയാവട്ടേ വിദേശിയാവട്ടേ, ആത്തന്മാരും അനാഥന്മാരും ആയവക്ക് അവളുടെ അതിഥിശാലയുടെ ദ്വാരം എപ്പോഴും ഉന്മുക്തമായിരുന്നു. ക്രിസ്ത്വാബ്ദം 1795-ാമാണ്ടിലുണ്ടായ കഠിനദുർഭിക്ഷംകൊണ്ടു കുഴങ്ങി ഉത്തരഭാരതത്തിൽനിന്നു ലക്ഷോപിലക്ഷം ജനങ്ങൾ തങ്ങളുടെ സ്വന്തരാജ്യംവിട്ടു പല സ്ഥലങ്ങളിലും പോകേണ്ടതായിവന്നു. അപ്പോൾ അഹല്യ അവരെ കയ്യയച്ചു സഹായം ചെയ്തിരുന്നു. ഭാരതവഷത്തിൽ ഹിന്ദുധമ്മപ്രകാരം പുണ്യസ്ഥലങ്ങൾ എന്നു പ്രസിദ്ധികേട്ട മിക്കസ്ഥലങ്ങളിലും അവളുടെ കിത്തിസ്തംഭങ്ങൾ ഇപ്പോഴും കാണപ്പെടുന്നുണ്ടു്. ഗയയിലും, കാശിയിലും ഉള്ള രണ്ടു ദേവാലയങ്ങൾഅഹല്യയുടെ പണംകൊണ്ടു് ഉണ്ടാക്കപ്പെട്ടതും പരിഷ്കരി

ക്കപ്പെട്ടതും ആണ്. പുരുഷോത്തമക്ഷേത്രത്തിലേയ്ക്കു ഗതാഗതത്തിനുവേണ്ടി അവൾ പ്രശസ്തമായ ഒരു രാജമാർഗ്ഗം പണിചെയ്യിച്ചിട്ടുണ്ടായിരുന്നു. അതു കേടുവന്നു മോശസ്ഥിതിയിലായിട്ടുണ്ടെങ്കിലും ഇപ്പോഴും അനേകായിരം വഴിയാത്രക്കാരുടെ ക്ലേശത്തെ നിവാരണം ചെയ്യുന്നുണ്ടു. *

ഭാരതവർഷത്തിലെ പ്രധാനപ്പെട്ട പല തീർത്ഥക്ഷേത്രങ്ങളിലും അഹല്യയുടെ കീർത്തി ഇന്നും നിലനിന്നുപോരുന്നുണ്ടു്. ഈ സകല പ്രധാനക്ഷേത്രങ്ങൾകൂടാതെ അപ്രസിദ്ധങ്ങളായ അനേകം ക്ഷേത്രങ്ങൾക്കുവേണ്ടിയും അവൾ അർത്ഥസഹായം ചെയ്തിരുന്നു. ദക്ഷിണദിക്കിലുള്ള അനേകം ക്ഷേത്രങ്ങളിലെ ശ്രീകോവിലും ദേവവിഗ്രഹങ്ങളും നിത്യത അവളുടെ ചിലവിന്മേൽ കൊണ്ടുവരപ്പെട്ട ഗംഗാജലം കൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്നുണ്ടു്. അനേകായിരംനാഴിക ദൂരത്തുനിന്നു് ഇപ്രകാരം ദിവസേന

* ക്രിസ്ത്വാബ്ദം 1818-ാമാണ്ടിൽ കാപ്ടൻ സ്ററവട്ട് എന്നാൾ ഹിമവാനിലുള്ള കേദാരനാഥക്ഷേത്രം സന്ദർശിക്കാൻ പോയിരുന്നു. അക്കാലത്തും അവിടെ അഹല്യയുടെ പേര് ആദരിച്ചുവന്നിരുന്നു എന്നു് അദ്ദേഹം പറഞ്ഞിരിക്കുന്നു. സുമാറ 3000 അടി ഉയരമുള്ളതും മനുഷ്യവാസം ഇല്ലാത്തതുമായ സ്ഥലത്തു തീർത്ഥയാത്രക്കാൎക്കു വിശ്രമിക്കാൻവേണ്ടി അഹല്യ ഒരു ധർമ്മശാലയും ഒരു കുണ്ഡവും നിർമ്മിച്ചിട്ടുണ്ടായിരുന്നു.

ഗംഗാജലം കൊണ്ടുവരിക്കാൻ അവൎക്കു എത്ര അധികം പണം ചിലവിടേണ്ടിവന്നിരുന്നു എന്നു എളുപ്പത്തിൽ ഊഹിക്കാവുന്നതാണു്. ഈ കാൎയ്യത്തിനുവേണ്ടി അനേകം ആളുകൾ നിയമിക്കപ്പെട്ടിരുന്നു. സ്വധൎമ്മത്തിൽ ഗാഢമായ അനുരക്തിയും ആന്തരമായ വിശ്വാസവും ഉണ്ടായിരുന്നതുകൊണ്ടാണു് അവർ ഇത്രയധികം പണം ചിലവുചെയ്തു ഈ കാൎയ്യം നടത്തിവന്നതു്. തന്റെ ഇഷ്ടദേവതയേ ഭക്തിപൂൎവ്വം സേവിച്ചു സന്തോഷിപ്പിച്ചു പ്രജകൾക്കു നന്മവരുത്തണം എന്നു അവർ സൎവ്വസമയവും ആഗ്രഹിച്ചിരുന്നു. അവർ അക്കാലത്തു നാട്ടിൽ നടപ്പുള്ള ധൎമ്മവിശ്വാസപ്രകാരമുള്ള അനുഷ്ഠാനങ്ങൾ എതുപ്രകാരം ചെയ്തിരുന്നുവോ അപ്രകാരംതന്നെ അവർ സാൎവ്വജനിനഭാവത്തോടുകൂടി ഭൂചരങ്ങളും ഖേചരങ്ങളും ആയ സകലവിധത്തിലുള്ള പ്രാണികളുടേയും നന്മയ്ക്കുവേണ്ടി അഹോരാത്രം ശ്രമിച്ചിരുന്നു. അവർ ദിനംപ്രതി സാധാരണ, ദരിദ്രന്മാൎക്കു ഭക്ഷണം കൊടുത്തിരുന്നു. ഓരോ വിശേഷദിവസങ്ങളിൽ ചണ്ഡാലൻ തുടങ്ങിയുള്ള നീചജാതിക്കാൎക്കു അവർ കയ്യുംകണക്കുമില്ലാതേ ഭക്ഷണപദാൎത്ഥങ്ങൾ കൊടുത്തിരുന്നു. തണുപ്പുകാലത്തു ദാരിദ്ര്യംകൊണ്ടു വലയുന്ന വൃദ്ധന്മാൎക്കും വൃദ്ധകൾക്കും

അവൾ കമ്പിളി മുതലായ പുതപ്പുകൾ കൊടുത്തിരുന്നു. നട്ടുവേനലിൽ ദാഹിച്ചു വലയുന്ന വഴിയാത്രക്കാൎക്കു വെള്ളം കൊടുക്കാൻവേണ്ടി രാജമാൎഗ്ഗത്തിന്റെ പല സ്ഥാനങ്ങളിലും തണുത്ത വെള്ളം നിറച്ചു കുടങ്ങളോടുകൂടി അനേകം ആളുകളെ അവൾ നിൎത്തിയിരുന്നു. മഹേശ്വരപ്രദേശനിവാസികളായ കൃഷിക്കാരുടെ കന്നുകാലികൾ ക്ഷീണിച്ചു തളരുമ്പോൾ അവയ്ക്കു വെള്ളം കൊടുക്കാനായി രാജഭൃത്യന്മാർ വലിയ പാത്രങ്ങളിൽ വെള്ളംനിറച്ചു നിന്നുകൊണ്ടിരുന്നതു് ആ കൃഷിക്കാൎക്കു പലപ്പോഴും കാണാൻ കഴിഞ്ഞിരുന്നു. അവൾ തന്റെ സ്വന്തം ഒരു വയലിൽ പക്ഷികൾക്കു ഭക്ഷിക്കത്തക്കതായ അനേകം സസ്യങ്ങൾ നിറച്ചുവെച്ചിരുന്നു. നാനാദിക്കുകളിൽനിന്നും ആട്ടിപ്പുറപ്പിയ്ക്കപ്പെട്ട പക്ഷികൾ അവിടെ വന്നു നിൎബ്ബാധമായി ഭക്ഷണം കഴിച്ചിരുന്നു. മത്സ്യങ്ങൾക്കു തിന്നാൻവേണ്ടി മലർപ്പൊടി, ഗോതമ്പ്,തവിടു മുതലായവ നൎമ്മദാനദിയിൽ ഇടുവിച്ചിരുന്നു. തീൎത്ഥയാത്ര ചെയ്യുമ്പോൾ അവൾ നാനാവിധവൃക്ഷങ്ങളുടെ വിത്തുകൾ കയ്യിലെടുത്തു വൃക്ഷങ്ങളില്ലാത്ത ദിക്കുകളിലും, രാജമാൎഗ്ഗത്തിന്റെ ഇരുഭാഗങ്ങളിലും ആവിത്തുകൾ കുത്തിയിടുവിച്ചിരുന്നു അവ മുളച്ചുണ്ടാകുന്ന വൃക്ഷങ്ങളുടെ തണലിൽ വെ

യിൽകൊണ്ടു ക്ഷീണിച്ച വഴിപോക്കർ വിശ്രമിയ്ക്കണമെന്നും, വിശപ്പും ദാഹവും കൊണ്ടു വലയുന്നവർ അവയുടെ ഫലങ്ങൾ ഭക്ഷിച്ചു തൃപ്തിയടയണമെന്നും, പക്ഷികൾ അവയുടെ കൊമ്പുകളിൽ കൂടുകൾ കെട്ടിപ്പാർക്കണമെന്നുമായിരുന്നു അവളുടെ ഉദ്ദേശം. ഈ മാതിരി സാവ്വജനീനമായ ദയ ലോകത്തിലെ സ്ത്രീപുരുഷന്മാരുടെ ഇടയിൽ അത്യല്പമായിട്ടേ കാണപ്പെടുന്നുള്ളു. ഏതൊരു പ്രദേശത്തിലും ഏതൊരു സമുദായത്തിലും ഈ മാതിരി ദയയുള്ള സ്ത്രീ ജനിയ്ക്കുന്നുവോ അതു ധന്യമാണ്. ഭാരതവഷത്തിലെ പൌരാണികരമണികളുടെ ചരിത്രം കേവലം കവികല്പനയല്ലെന്നുള്ളതിന്നു് അഹല്യയെപ്പോലെ ചരിത്രപ്രസിദ്ധയായ ഒരുമഹതിയുടെ ജീവിതംതന്നേയാണ് ഉത്തമമായ പ്രമാണം.

അഹല്യ ഏതൊരുകാലത്തു രാജ്യം ഭരിച്ചിരുന്നുവോ, അക്കാലത്തു ഭാരതവഷത്തിൽ അവളേക്കാൾ പ്രതാപവും ഐശ്വയ്യവുമുള്ള രാജാക്കന്മാർ ഇല്ലാതിരുന്നില്ല. പേഷ്വാ, നൈസാം,മൈസൂർരാജാവ്, അയോദ്ധ്യയിലെ നവാബ്, സിന്ധ്യ മുതലായി അവളോടു കിടപിടിയ്ക്കുന്നവരും, അവളേക്കാൾ പ്രതാപമുള്ളവരും ആയ അനേകം രാജാക്കന്മാർ അക്കാലത്തു ഭാരതവഷത്തിൽ രാജ്യം ഭരിച്ചിരുന്നു. ഏ

ന്നാൽ, സൽപ്രവൃത്തികളിലും ലോകശുശ്രൂഷയിലും അവർ അവളോട്ട കിടപിടിക്കുന്ന കാൎയ്യം ദൂരെപ്പോകട്ടേ! അവരുടെ പേരും, അഹല്യയുടെ പേരും ഒന്നിച്ച് ഒരുദിവസം പറയാൻകൂടി പാടില്ലെന്നാണു വിചാരിക്കേണ്ടതു്. ഈശ്വരപ്രേരിതമായ വൃഷ്ടിധാരപോലെ അഹല്യയുടെ കരുണ സകല ജീവികളിലും, സകല ദിക്കുകളിലും നിപതിച്ചു ലോകത്തെ ശീതളമാക്കിത്തീൎത്തു. പുണ്യകൎമ്മങ്ങൾക്കുവേണ്ടി ഇത്രയധികം ചിലവു ചെയ്യാനുള്ള പണം അവൾക്ക് എവിടെനിന്നാണു കിട്ടിയിരുന്നതു് എന്നതിനെപ്പററി അറിയാൻ വായനക്കാൎക്കു താല്പൎയ്യമുണ്ടായിരിക്കും. അവളുടെ വരവു മററുള്ള രാജാക്കന്മാരുടെ വരവിനേക്കാൾ അധികമുണ്ടായിരുന്നില്ലെങ്കിലും, അവളുടെ ചിലവു മററുള്ളവരുടേതിനേക്കാൾ എത്രയോ ചുരുക്കമായിരുന്നു. സാധാരണ രാജാക്കന്മാർ അവരുടെ വിലാസങ്ങൾക്കും,ഭോഗസുഖങ്ങൾക്കും വേണ്ടി അനവധി പണം ചിലവിട്ടു കയ്യിൽ കിട്ടുന്നതെല്ലാം നശിപ്പിക്കുന്നു. തന്നിമിത്തം പ്രജകളുടെ നന്മക്കു വേണ്ടി പണം ചിലവിടാൻ അവൎക്കു സാധിക്കുന്നില്ല. എന്നാൽ അഹല്യക്കു സ്വന്തമായിട്ടു ചിലവൊന്നും ഉണ്ടായിരുന്നില്ലെന്നുതന്നേ പറയാം. ഒരുപിടി ഉണക്കലരികൊണ്ടു തൃപ്തിപ്പെട്ടിരുന്ന അഹ

ല്യ്ക്കു പുണ്യകമ്മങ്ങളിൽപണം ചിലവിടാൻ എന്തു പ്രതിബന്ധമാണുള്ളതു്? രാജപദവിക്കു വേണ്ടത്തക്കതായ സകല ബാഹ്യാഡംബരങ്ങളും തുകോജിക്കുണ്ടായിരുന്നു. എന്നാൽ അഹല്യ ഒരു താപസിയെപ്പോലെയാണ് ജീവിച്ചിരുന്നതു്. അതുകൊണ്ടു പുണ്യകമ്മങ്ങളിൽ പണം ചിലവിടാൻ അവൾക്കു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഇനി വേറെ ഒരു കാരണം കൂടിയുണ്ടു്. മിക്കരാജാക്കന്മാരുടെയും സവ്വസ്വത്തും സൈന്യങ്ങളെ പരിപാലിക്കാൻ ചിലവായിരുന്നു. എന്നാൽ അഹല്യ സൈന്യങ്ങൾക്കുവേണ്ടി മിതവ്യയമേ ചെയ്തിരുന്നുള്ളു. വളരെ ചുരുങ്ങിയ സൈന്യംകൊണ്ടു തൻെറ രാജ്യത്തിൻെറ സമാധാനരക്ഷ ചെയ്യാനും പുറംശത്രുക്കളിൽനിന്നു തൻെറ രാജ്യം രക്ഷിക്കാനും അഹല്യയ്ക്കു സാധിച്ചിട്ടുണ്ടായിരുന്നു. സൈന്യങ്ങൾക്കുവേണ്ടി അധികം ചിലവിടാതേ നല്ല കായ്യങ്ങളിൽ പണം ചിലവിട്ടതുകൊണ്ടു വിചാരിക്കാതെയുള്ള ഒരു ശുഭഫലവും ഉണ്ടായിത്തീൎന്നു. അധികം സൈന്യങ്ങളെ നിൎത്തുന്നതായാൽ ഒരുവേള ആ സൈന്യബലത്തെ തങ്ങൾക്കു വിരുദ്ധമായി ഉപയോഗിച്ചാലോ എന്നുള്ള ശങ്കകൊണ്ടു അയൽവാസികളുടെ മനസ്സിൽ എല്ലാപ്പോഴും അവിശ്വാസവും സംശയവും ജനിക്കുന്നു.

എന്നാൽ അഹല്യയുടെ സൈന്യസംഖ്യ ചുരുക്കമായിരുന്നതുകൊണ്ടു് അവൾ ആരോടും കലഹിക്കാൻ ഒരുങ്ങുന്നവളല്ലെന്നു് എല്ലാവക്കും വിശ്വാസമുണ്ടായിരുന്നു. അവൾ ശക്തിഹീനയായിരുന്നു എന്നോ, ആത്മരക്ഷ ചെയ്യാൻ സാമത്ഥ്യമില്ലാത്തവളായിരുന്നു എന്നോ അവളുടെ പ്രവൃത്തികളിൽനിന്നു് ആക്കും ഒരിക്കലും വിചാരിക്കാൻ ഇടയുണ്ടായിരുന്നില്ല. അതുകൊണ്ടു കഴിയുന്നിടത്തോളം ആരും അവളോടു മത്സരിക്കാൻ ആഗ്രഹിച്ചിരുന്നില്ല. ഇതുകൊണ്ടാണു് അഹല്യയുടെ രാജ്യത്തിൽ അത്ര വളരെക്കാലം സമാധാനവും ക്ഷേമവും ഉണ്ടായിക്കൊണ്ടിരുന്നതു്. ഇടവിടാതെ യുദ്ധത്തിന്നു കോപ്പിട്ടുകൊണ്ടിരുന്നാൽ ഈ മാതിരി സമാധാനം ഒരിക്കലും ഉണ്ടാവുന്നതല്ല. കേവലം ലൌകികമായ ലാഭനഷ്ടങ്ങളെപ്പററി ആലോചിക്കുന്നതായാൽക്കൂടി തൻെറ രാജ്യത്തിൻെറ സമാധാനരക്ഷയ്ക്കുവേണ്ടി അഹല്യ ഏതൊരുപായത്തെ അവലംബിച്ചിരുന്നുവോ അതു് ഏററവും ഉൽകൃഷ്ടമായിട്ടുള്ളതാണെന്നു് അവശ്യം സമ്മതിച്ചേ കഴിയൂ. അവളുടെ കീഴിൽ ഒരു വലിയ ഉദ്യോഗം ഭരിച്ചിരുന്ന ഒരു ബ്രാഹ്മണൻ അഹല്യയെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അഹല്യയുടെ വാഴ്ചയുടെ അവസാനകാലത്തു് ഒരു വലി

യ കാര്യം സംബന്ധിച്ച് അവൾ എന്നെ പൂനയിലേയ്ക്കു അയച്ചു. അവളുടെ നാമോച്ചാരണമാത്രത്തിൽ ജനങ്ങളുടെ ഹൃദയത്തിൽ ഗാഢമായ ഭക്തി ഉദിച്ചിരുന്നു എന്ന് എനിക്കു നല്ലപോലെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവളുടെ അയൽരാജാക്കന്മാരിൽ മിക്കവരും അവളുടെ രാജ്യത്തെ ആക്രമിച്ചില്ലെന്നു മാത്രമല്ല, അന്യന്മാരുടെ ആക്രമണത്തിൽനിന്ന് അവളെ രക്ഷിക്കാതിരിക്കുന്നതു് ഒരു പാപമാണെന്നുകൂടി അവർ വിചാരിച്ചിരുന്നു. അവളുടെ സ്വജാതിക്കാർ മാത്രമല്ല, ഹിന്തുക്കളും മുസൽമാന്മാരും മററു സകല ജാതിക്കാരും അവളെ ആന്തരമായ ഭക്തിയോടുകൂടി ആദരിച്ചിരുന്നു. ഹൈദ്രാബാദിലെ മുസൽമാൻരാജാവായ നൈസാം, ദുർദ്ദാന്തനും ഹിന്തുധർമ്മത്തിന്റെ ബദ്ധവൈരിയും മൈസൂരിലെ രാജാവുമായ ടിപ്പുസുൽത്താൻ, പൂനയിലെ ബ്രാഹ്മണരാജാവായ പേഷ്വ ഇവരെല്ലാം ഒരുപോലെ അഹല്യയ്ക്കു ദീർഘായുസ്സും ക്ഷേമവും നല്കണമെന്നു ഈശ്വരനെ പ്രാർത്ഥിച്ചിരുന്നു

അഹല്യ എങ്ങിനെ തറെ ഭരാജ്യം ഭരിച്ചുവന്നുവെന്നതിനെപ്പററി ഇതുവരെ നമുക്കു അറിയാൻ കഴിഞ്ഞുവല്ലോ. ഇനി അവളുടെ ഗൃഹജീവിതത്തിന്റെയും, ജീവിതത്തിന്റെ അവസാനഭാഗത്തിന്റെയും ചരിത്രത്തെ വർണ്ണിക്കാം.

ഒരു ധമ്മസംഗീതത്തിൽ ഈശ്വരനെ സംബന്ധിച്ച താഴെ പറയുംപ്രകാരം പറഞ്ഞിട്ടുണ്ട്.

കരുണാനിധിയായ ഭഗവാൻ കല്പിച്ചുകൂട്ടി ഒരുവനു സർവ്വനാശം വരുത്തുന്നു എന്നുള്ള ദോഷം അദ്ദേഹത്തിൻെറ മേൽ ആരോപിക്കാൻ പാടില്ല. ആർ ഭഗവൽകൃപവേണമെന്നു ആഗ്രഹിക്കുന്നുവോ, അവർ സംസാരസുഖത്തിന്നുവേണ്ടി അധികം പ്രയത്നിക്കുന്നില്ല എന്നുമാത്രമല്ല ചില സമയങ്ങളിൽ തങ്ങളുടെ സർവ്വസ്വവും നശിച്ചുകാണാൻ അവർ സന്നദ്ധന്മാരുമാണ്. ഈശ്വരലീലയുടെ മമ്മം അറിയാനുള്ള ശക്തി മനുഷ്യന് ഇല്ല. എന്നാൽ ഭഗവൽഭക്തന്മാരുടെ ഇടയിൽ ആരെങ്കിലും നല്ലവണ്ണം സംസാരസുഖം അനുഭവിച്ചതായി വളരെ ദുല്ലഭമായിട്ടു കാണുന്നുള്ളു. സംസാരത്തിലെ രോഗശോകങ്ങളായ അഗ്നികുണ്ഡത്തിൽ വീണ്ടും വീണ്ടും ഇട്ടു ഭഗവാൻ അവരെ ശുദ്ധിചെയ്യുന്നതായി ധാരാളം കാണാറുണ്ട്. ലോകത്തിലെ സകല ദിക്കുകളിലുമുള്ള ഭഗവൽഭക്തന്മാരുടെ ജീവിതം ഈ തത്വത്തെ വെളിപ്പെടുത്തുന്നുണ്ട്.. കരുണാമൂത്തിയായ അഹല്യയുടെ ജീവിതം ആലോചിക്കുന്നതായാൽ ഭഗവാൻ തൻെറ ദാസീദാസന്മാരെ എത്ര കഠിനമായി പരീക്ഷിക്കുന്നുണ്ടെന്നു സ്പഷ്ടമാവുന്നതാണ്.

അഹല്യയുടെ പ്രഥമജീവിതത്തിൽ അവറം അനുഭവിച്ച കഠിനദുഃഖങ്ങളെപ്പററി നാം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവളുടെ ജീവിതാവസാനത്തിലും ഈശ്വരൻ അഹല്യയെ എന്തെല്ലാം കഠിനദുഃഖങ്ങറം അനുഭവിപ്പിച്ചു എന്നുള്ളതിനെപ്പററി ഇനിയത്തെ അദ്ധ്യായത്തിൽ പര്യാലോചനചെയ്യാം.

# മൂന്നാം അദ്ധ്യായം.

അഹല്യയുടെ ഏകപുത്രനായ മാലേറാവു എത്ര ശോചനീയമായ അവസ്ഥയിലാണു മരിച്ചുപോയതു് എന്നു നാം മുമ്പേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മാലേറാവുവിൻെറ മരണശേഷം അഹല്യയുടെ മകളായ മുക്താബായിയാണു് അഹല്യയെ ആശ്വസിപ്പിച്ചിരുന്നതു്. വിവാഹംചെയ്തശേഷം മുക്താബായി ഭർത്തൃഗൃഹത്തിൽ താമസിച്ചിരുന്നു. എന്നാൽ തനിക്കു വേറേ മക്കളില്ലാതിരുന്നതുകൊണ്ടു് അഹല്യ മുക്തയുടെ ഒരു പുത്രനെ തൻെറ അടുക്കൽ താമസിപ്പിച്ചു് അവനെ പുത്രവാത്സല്യത്തോടുകൂടി രക്ഷിച്ചുവന്നു. ഈ കുട്ടിയെ തൻെറ ഒന്നിച്ചു താമസിപ്പിച്ചു് അഹല്യ പുത്രദുഃഖം ഒരു വിധത്തിൽ മറന്നു കളഞ്ഞു. എന്നാൽ മുക്തയുടെ പുത്രൻ യൌവനം പ്രാപിച്ച ഉടനെ മരിച്ചുപോയി. അതിൽപിന്നെ, ഒരു കൊല്ലം കഴിയുന്നതിന്നു മുമ്പായി പുത്രശോകത്തിൽ മുങ്ങിയിരുന്ന മുക്ത വിധവയായിത്തീൎന്നു. ഈശ്വരകല്പിതം ആൎക്കു തടുക്കാൻ കഴിയും? പുത്രൻെറ മരണശേഷം ജാമാതാവിൻെറയും മകളുടെ മകൻെറയും മുഖദൎശനം ചെയ്തു് അഹല്യ ഒരുമാതിരി മനസ്സമാധാനത്തോടുകൂടികാലംകഴിച്ചിരുന്നു. വാൎദ്ധക്യദശ

യിൽ മേല്ക്കുമേൽ ഈ മാതിരി ആപത്തുകൾ നേരിട്ട പ്പോൾ അവളുടെ കോമളഹൃദയം തകൎന്നുപോയി. എന്നാൽ ഇതുകൊണ്ടും അവളുടെ ദുഃഖത്തിന്നു് അവസാനം വന്നില്ല. പതിവ്രതയായ മുക്ത തന്റെ ഭൎത്താവിന്റെ ചിതയിൽ ചാടി മരിക്കാൻ തീൎച്ചയാക്കി. ഈ ഭയങ്കരമായ സങ്കല്പത്തിൽനിന്നു പുത്രിയെ പിൻവലിപ്പിക്കാൻ അഹല്യ ഭഗീരഥപ്രയത്നം ചെയ്തുനോക്കി. പുത്രിയുടെ മുമ്പിൽ ഭൂമിയിൽ കിടന്നുരുണ്ടു് ആ വയസ്സുകാലത്തു തന്നെ ഉപേക്ഷിച്ചുപോകരുതെന്നു് അവൾ വീണ്ടും വീണ്ടും പുത്രിയോടു് അപേക്ഷിച്ചു. എന്നാൽ പതിപുത്രശോകകാതരയായ മുക്ത അമ്മയുടെ അപേക്ഷയെ കൈക്കൊണ്ടില്ല. അവൾ വളരെ സ്നേഹത്തോടും ഉറപ്പോടുംകൂടി പറഞ്ഞു. "അമ്മേ! അമ്മ ഇനി എത്ര ദിവസം ജീവിച്ചിരിക്കും? രണ്ടു നാലു കൊല്ലത്തിനുള്ളിൽ അമ്മയുടെ പവിത്രമായ ജീവിതം അവസാനിക്കും. എന്നാൽ എനിക്കു ഇനിയും വളരെക്കാലം ജീവിച്ചിരിക്കേണ്ടിവരും. അമ്മയുടെ കാലശേഷം ഭൎത്തൃപുത്രവിരഹിതയായ എന്റെ അവസ്ഥ എന്തായിരിക്കുമെന്നു് ഒന്നു് ആലോചിച്ചുനോക്കൂ. പിന്നെ ഞാൻ ജീവിച്ചിരിക്കുന്നതു ഭൂമിക്കു ഭാരത്തിന്നുമാത്രമാണു്. ഇപ്പോൾ ഞാൻ ബഹുമാനത്തോടുകൂടി ഭൎത്താവി

ൻെറ ചിതയിൽ ചാടി മരിച്ചാൽ എനിക്കുണ്ടാവു ന്ന സമാധാനവും സന്തോഷവും പിന്നെ ഒരിക്കൽ ഉണ്ടാവാൻ വഴിയുണ്ടോ? അമ്മേ! നിങ്ങൾ ഒരിക്ക ലും എന്നെ തടയരുത്." മുക്ത തൻെറ സങ്കല്പത്തിൽ നിന്നു ലേശംപോലും പിൻവലിക്കില്ലെന്നു കണ്ട പ്പോൾ അഹല്യ മകളുടെ ഇഷ്ടപ്രകാരം ചെയ്യാൻ സമ്മതിക്കുകയും അവളുടെ ഉടന്തടിച്ചാട്ടം സ്വന്തം കണ്ണുകൊണ്ടു കാണാൻ തീച്ചയാക്കുകയും ചെയ്തു. എല്ലാം ഒരുങ്ങിയപ്പോൾ അനുയാത്രക്കാർ ഒന്നിച്ച് അഹല്യ ശ്മശാനസ്ഥലത്തു എത്തിച്ചേർന്നു. പുണ്യസ ലിലയായ നമ്മദയുടെ തീരത്തു ചിതകൂട്ടി. തീ ആ ളിക്കത്തിത്തുടങ്ങി. അഹല്യയുടെ അപ്പോഴത്തെ ചിത്തവൃത്തികളെ വർണ്ണിച്ചു മനസ്സിലാക്കാൻ ഞരു ക്കമാണ്. ഏതൊരുവളുടെ മനസ്സു സകല ജീവ ജാലങ്ങളുടേയും ക്ലേശത്തിൽ അലിഞ്ഞുപോയിരുന്നു വോ അവൾ ഇപ്പോൾ തൻെറ പ്രാണനേക്കാൾ അ ധികം സ്നേഹിച്ചിരുന്ന മകളെ ചിതയിൽ സമപ്പണം ചെയ്യാനായി വന്നിരിക്കുന്നു. അവളുടെ മനോഭാ വം വാക്കുകൾകൊണ്ടു വെളിപ്പെടുത്തുന്നത് അസാ ദ്ധ്യമാണ്. ധമ്മവിശ്വാസംകൊണ്ടും കത്തവ്യനിഷ്ഠ കൊണ്ടും മനുഷ്യൻെറ ഹൃദയത്തിന്നു എത്രത്തോളം ബലം ഉണ്ടാവാമോ അഹല്യയുടെ മനസ്സിന്നു അത്ര

ത്തോളം ബലമുണ്ടായിരുന്നു. തള്ളിത്തിങ്ങിവരുന്ന മാതൃസ്നേഹം, ജ്ഞാനം യുക്തി ധർമ്മവിശ്വാസം ഇവയേയെല്ലാം തോല്പിച്ചു. ആദ്യംമുതല്ക്കുതന്നേ മർമ്മവേദനകൊണ്ട് അഹല്യയുടെ ഹൃദയം വെന്തുരുകിയിരുന്നു എങ്കിലും അവൾ കുറച്ചുനേരം ചിതയുടെ അധികം ദൂരത്തല്ലാത്ത ഒരു ദിക്കിൽ ധൈര്യത്തോടുകൂടി ഹൃദയം പിളക്കുന്ന ആ കാഴ്ച കണ്ടുകൊണ്ടു നിന്നിരുന്നു. എന്നാൽ എപ്പോൾ സുകുമാരമായ മുക്തയുടെ ദേഹത്തിൽ തീതട്ടി മുക്തയുടെ കാതരമായ ആർത്തനാദം അവളുടെ ചെവിയിൽപെട്ടുവോ അപ്പോൾ അഹല്യയ്ക്കു് അവിടെത്തന്നെ നില്ക്കാൻ സാധിച്ചില്ല. മുക്തയുടെ മുറവിളി കേൾക്കാതിരിക്കാൻവേണ്ടി അനുയാത്രക്കാർ ആളിക്കത്തുന്ന ചിതയുടെ നാലുഭാഗവും ചെന്നുനിന്നു് ആർത്തുവിളിക്കുകയും വാദ്യഘോഷംകൊണ്ടു നാലുദിക്കും മുഴക്കുകയും ചെയ്തു. സന്താനവത്സലയായ അഹല്യയുടെ ധൈര്യമെല്ലാം ദൂരെപ്പോയി. ഭ്രാന്തത്തിയെപ്പോലെ അവൾ ആ ജനത്തിരക്കിൽക്കൂടി ഓടിച്ചെന്നു പുത്രിയുടെ ചിതയിൽ ചാടാൻ ഒരുമ്പെട്ടു. അവളുടെ കീഴിൽ പണി എടുത്തിരുന്ന രണ്ടു ബ്രാഹ്മണർ അവളുടെ രണ്ടുകയ്യും പിടിച്ചിരുന്നതുകൊണ്ടു് അവൾക്കു ചിതയിൽ ചാടാൻ സാധിച്ചില്ല. അവൾ തന്റെ

കൈകഠം കടിച്ചുതുടങ്ങി. കാണെക്കാണെ മുക്തയു ടേയും അവളുടെ ഭർത്താവിൻേറയും ദേഹം ഭസ്മാവ ശേഷമായിത്തീൎന്നു. അഹല്യ നൎമ്മദാജലത്തിൽ അവരുടെ ഉദകക്രിയകഠം അവസാനിപ്പിച്ചു ഗൃഹ ത്തിലേക്കു തിരിച്ചുവന്നു. അഹല്യയുടെ ദുഃഖാധി ക്യംനിമിത്തം മൂന്നു ദിവസം കഴിയുന്നവരെ അവഠം ക്കു ജലപാനം കഴിക്കാൻ സാധിച്ചില്ല. ക്രമത്തിൽ അവളുടെ മനസ്സിന്നു ഒരു വിധം സമാധാനം വന്നു. അവഠം തൻേറ ജാമാതാവിൻേറയും മകളുടേയും സ്മാരകമായി ഏററവും രമണീയമായ ഒരു സ്മൃതിമന്ദി രം പണിചെയ്യിച്ചു തൻേറ വ്യസനം ഒരു വിധം ഒതുക്കി. *

ഇങ്ങിനെ അഹല്യ മുപ്പതുകൊല്ലം രാജ്യഭാരം ചെയ്തു. അവളുടെ ശാസനകാലത്തു സാധാരണ

---

* സർജോൺമാല്ക്കം ഇപ്രകാരം എഴുതിട്ടുണ്ട്. "മാതൃ സ്നേഹത്തിൻേറ ഉദാഹരണസ്വരൂപമായ ആ സ്മൃതിമന്ദിരത്തേ ക്കാഠം മനോഹരമായ സ്മൃതിമന്ദിരങ്ങഠം ഭാരതവൎഷത്തിൽ വളരെ ചുരുക്കമേ ഉള്ളൂ. അഹല്യയുടെ ഒരു പ്രധാന ഉദ്യോ ഗസ്ഥനും പഴക്കമുള്ളവനും ആയ ഒരാളുടെ ഒന്നിച്ചു് അവളു ടെ മകഠം ചിതയിൽചാടിയ സ്ഥലത്തു ഞാൻ പോകയുണ്ടാ യി. മുക്തയുടെ ചിതകൂട്ടിയിരുന്ന സ്ഥലവും മൎമ്മം പിളൎക്കുന്ന ആ കാഴ്ച കാണാൻവേണ്ടി അഹല്യ നിന്നിരുന്ന സ്ഥലവും മേ ൽപറഞ്ഞ ഉദ്യോഗസ്ഥൻ എനിക്കു കാണിച്ചുതന്നു".

ചരിത്രങ്ങളിൽ വൎണ്ണിക്കപ്പെടുന്ന സംഭവങ്ങൾ അധികം ഉണ്ടായിട്ടില്ല. ശാന്തമായും ആഡംബരങ്ങളൊന്നുംകൂടാതേയും അവളുടെ ജീവിതകാലം കഴിഞ്ഞുപോയിരുന്നു. അതിനാൽ ചരിത്രകാരന്മാൎക്ക് യുദ്ധം വിഗ്രഹം മുതലായ ഘടനകളുടെ അഭാവംനിമിത്തം അവളുടെ ജീവിതത്തെക്കുറിച്ച് വൎണ്ണനായോഗ്യമായ ഉപാദാനങ്ങൾ അധികമൊന്നും കിട്ടിയില്ല. ഈശ്വരന്റെ ഇച്ഛപ്രകാരം ആത്മസമൎപ്പണപൂൎവ്വം കൎത്തവ്യസമ്പാദനം, ജീവികളുടെ നേരെ കരുണ, ആശ്രിതന്മാരിൽ ദയാദാക്ഷിണ്യം ഇത്യാദികളുടെ പുനരാവൎത്തികൊണ്ടുതന്നേ അവൾ തന്റെ ജീവിതശിഷ്ടം കഴിച്ചുകൂട്ടി. മിതാഹാരം ശീലിച്ചുവരുന്നവരായ ഹിന്തുവിധവകൾ സാധാരണയായി ദീൎഘകാലം ജീവിച്ചിരിക്കുന്നുണ്ട്. എന്നാൽ അഹല്യയ്ക്കു തിരെ മറിച്ചാണു സംഭവിച്ചതു്. രാജ്യകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിന്നുവേണ്ടി അവൾക്കു കഠിനപ്രയത്നങ്ങൾ ചെയ്യേണ്ടിവന്നു. എന്നാൽ ദേഹരക്ഷയിൽ അവൾ ലേശംപോലും ദൃഷ്ടിവെച്ചതുമില്ല. ശരീരത്തിന്നു സുഖമില്ലെങ്കിൽകൂടി അവൾ വ്രതം ഉപവാസം മുതലായതു് അനുഷ്ഠിക്കാതിരുന്നില്ല. ശാരീരികനിയമങ്ങളെ ലംഘിച്ചതിന്റെ ഫലമായിട്ടു മരണം സാധാരണയിലധികം വേഗത്തിൽ അവളുടെ

അടുക്കൽ വന്നെത്തി. തൻെറ പ്രജകഠം തന്നെ കാ ണേണമെന്നാഗ്രഹിക്കുമ്പോഠം ദേഹസുഖമില്ലെങ്കിൽ കൂടി അവഠം അന്തപ്പുരത്തിൽനിന്നു രാജസഭയിൽ ചെന്നിരുന്നു. എന്നാൽ ക്രമത്തിൽ അവളുടെ ദേഹം ക്ഷീണിച്ച് അവഠംക്ക് എണിക്കാൻകൂടി വയ്യാതായിത്തീൎന്നു. തൻെറ ആയുസ്സ് അവസാനി ക്കാറായി എന്നു മനസ്സിലാക്കി അവഠം പരലോകഗ തിക്കുവേണ്ടി പൂൎവ്വാധികം യത്നങ്ങഠം ചെയ്തു. മുമ്പു തന്നേ അവഠം "മുക്തിദ്വാര"മായ അന്നസത്രം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഈ അവസരത്തിൽ ദിനം പ്രതി ബ്രാഹ്മണരുടെ സഹസ്രഭോജനത്തിന്നും അന്ധ ന്മാക്കും ആതുരന്മാക്കും വസ്ത്രദാനംചെയ്യാനും വേണ്ട എപ്പാടുകഠം ചെയ്തു. തൻെറ മരണദിവസം പന്തി രായിരം ബ്രാഹ്മണക്കു ഭക്ഷണം കൊടുക്കേണമെന്ന് അവഠം കല്പനകൊടുത്തു. ഇപ്രകാരം തൻെറ ജീവി തംമുഴുവനും അന്യന്മാക്ക് ഉപകാരത്തിന്നായി ഉഴി ഞ്ഞുവെച്ചു. മാതൃസ്നേഹത്തോടുകൂടി പ്രജകളെ പരി പാലിച്ചു ക്രിസ്ത്വാബ്ദം 1795-ാമണ്ടിൽ ശ്രാവണമാസ ത്തിലെ കൃഷ്ണപക്ഷത്തിലെ ചതുൎദ്ദശിനാഠം അറുപതാ മത്തെ വയസ്സിൽ അഹല്യ പരലോകം പ്രാപിച്ചു. ഇതുകാലം ഹോല്ക്കരഗൃഹത്തെ പ്രകാശിപ്പിച്ചുകൊ ണ്ടിരുന്ന ഉജ്ജ്വലദീപം കെട്ടുപോയി. ഇന്ദോരന

ഗരത്തെ പരിശുദ്ധമാക്കിത്തീൎത്തിരുന്ന ദേവിവിഗ്രഹം ഉടഞ്ഞുപോയി. ഹിന്തുവിധവകൾക്കു ജീവനിൽ കൊതി ഒരിക്കലും ഉണ്ടാവുന്നതല്ല. അതിന്നും പുറമെ ഭൎത്താവു, പുത്രൻ, പുത്രി, പുത്രിയുടെ ഭൎത്താവു, പുത്രിയുടെ പുത്രൻ ഇവരെക്കുറിച്ചുള്ള വ്യസനം കൊണ്ടു് അഹല്യയുടെ ദേഹവും മനസ്സും ഒരുപോലെ തകൎന്നുപോയിരുന്നു. അതുകൊണ്ടു മരണം ഏററവും ശാന്തിപ്രദമായിട്ടാണു് അഹല്യയ്ക്കു തോന്നിയതു്. നശ്വരവും ധൂളിമയവും ആയ അഹല്യയുടെ ദേഹം ഭൂമിയുടെ ധൂളിയോടുകൂടിച്ചേൎന്നു. എന്നാൽ പ്രപഞ്ചകാൎയ്യങ്ങളിൽ അവൾ ഏതൊരുദൃഷ്ടാന്തം കാണിച്ചിട്ടുണ്ടോ അതു് അവളുടെ സ്വദേശക്കാരായ ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാരുടെ മനസ്സിൽ ധൎമ്മഭാവത്തേയും പരിശുദ്ധതയേയും വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

അഹല്യയുടെ പ്രകൃതിയുടേയും അവൾ നടത്തിയ കാൎയ്യങ്ങളുടേയും ഗുണദോഷം ആലോചിക്കുന്നതിന്നുമുമ്പായി അവളുടെ ആകൃതിയെക്കുറിച്ചു കുറഞ്ഞൊന്നു പറയുന്നതു് ആവശ്യമാണു്. അവളുടെ നിറം തങ്കസദൃശമായിരുന്നു. അവളുടെ ദേഹം മെലിഞ്ഞതായിരുന്നു. അവൾ ഒരു സുന്ദരിയായിരുന്നു എന്നു പറയാൻ പാടില്ല. രൂപഗുണമുണ്ടെങ്കിലും

ശീലഗുണമില്ലാത്ത രാഘോബയുടെ ഭാര്യ ആനന്ദിബായി ലോകർ ആസകലം അഹല്യയെ സ്തുതിക്കുന്നതു കേട്ട് അവളുടെ നേരെ ഏററവും ഈഷ്യയുള്ളവളായിത്തീൻ. നിർഭാഗ്യവശാൽ മിക്ക സ്ത്രീകൾക്കും മാനസികസൌന്ദൎയ്യത്തേക്കാൾ ശാരീരികസൌന്ദൎയ്യത്തിലാണ് അധികം ശ്രദ്ധയും താല്പൎയ്യവും കാണുന്നത്. അഹല്യ കാഴ്ചയിൽ എങ്ങിനെയിരിക്കുന്നുവെന്നറിവാനായി ആനന്ദീബായി ഒരിക്കൽ തൻെറ ഒരു ദാസിയെ അഹല്യയുടെ അടുക്കൽ പറഞ്ഞയച്ചു. ദാസി മടങ്ങിവന്ന് ആനന്ദിയോട് ഇപ്രകാരം പറഞ്ഞു;—"കാഴ്ചയിൽ അഹല്യ ഒരു സുന്ദരിയല്ല. എന്നാൽ എന്തെന്നില്ലാത്ത ഒരു സ്വൎഗ്ഗീയതേജസ്സ് അവളുടെ മുഖത്തിൽ എപ്പോഴും വിളയാടുന്നുണ്ട്." സൌന്ദൎയ്യംകൊണ്ടു ഗൎവ്വിഷ്ഠയായ ആനന്ദിക്ക് ഈ വിവരം കേട്ടപ്പോൾ സന്തോഷമായി. "അവൾ സുന്ദരിയല്ല. എനിക്ക് അതേ കേൾക്കേണ്ടതുള്ളൂ" എന്ന് ആനന്ദി ദാസിയോടു പറഞ്ഞു. കഷ്ടം! ലോകത്തിലെ അനേകം സ്ത്രീകളും സൌന്ദൎയ്യം യൌവനം ഇവയിൽ ഭ്രമിച്ച് ഈവിധം ആത്മവഞ്ചനയിൽപ്പെട്ടു തൃപ്തിപ്പെടുന്നു.

അഹല്യയുടെ പ്രകൃതി ഏതുവിധമായിരുന്നു എന്നതിനെപ്പററി മുമ്പുതന്നേ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

ന്ാരീജനോചിതമായ കോമളതയും രാജ്യകാൎയ്യോചി തമായ കാഠിന്യവും അഹല്യയുടെ പ്രകൃതിയിൽ എങ്ങിനെ സമ്മേളിച്ചിരുന്നുവോ അങ്ങിനെയുള്ള സമ്മേളനം ഭൂമിയിൽ രണ്ടോ നാലോ സ്ത്രീകളുടെ പ്രകൃതിയിൽമാത്രമേ കാണപ്പെടുന്നുള്ളൂ. അവൾ എപ്പോഴും പ്രസന്നയായിരുന്നു. ദുല്ലഭം ചിലസമയ ങ്ങളിൽമാത്രമേ അവൾക്കു കോപം വന്നിരുന്നുള്ളൂ. അവൾക്ക് ആരുടെ നേരെയെങ്കിലും വിരക്തിതോ ന്നിയാൽ അവളുടെ ഏററവും വിശ്വസ്തനായ ആൾക്കുകൂടി അവനെപ്പററി ശിപാശിചെയ്യാൻ ധൈൎയ്യമുണ്ടായിരുന്നില്ല. ഉപദ്രവം ചെയ്യുന്നവ നോ നിയമലംഘനം ചെയ്യുന്നവനോ എത്ര യോ ഗ്യനും ഉന്നതപദവിയിലിരിക്കുന്നവനും ആയാലും വേണ്ടില്ല, അഹല്യ അവനെ തക്കശിക്ഷകൊടുക്കാ തെ വിട്ടിരുന്നില്ല. മററുള്ളവരുടെ കഥ ഇരിക്കട്ടേ; തുകോജിറാവു ഹോല്ക്കർതന്നേ വല്ല തെററും ചെ യ്താൽ അഹല്യ അദ്ദേഹത്തെ വെറുതേ വിട്ടിരുന്നി ല്ല. അഹല്യ തൻെറ പ്രതിനിധിയായി ശിവാജി ഗോപാലനെ പൂനയിലെ രാജസദസ്സിലേയ്ക്ക് അ യച്ചിട്ടുണ്ടായിരുന്നു. അയാളുടെ കാൎയ്യപ്രാപ്തി കണ്ടു സന്തോഷിച്ച് അയാളേ തൻെറ കീഴിൽ ഒരു ഉദ്യോ ഗസ്ഥനാക്കി നിശ്ചയിച്ചാൽകൊള്ളാമെന്നു മാധവ

റാവു പേഷ്വായ്ക്കു് ആഗ്രഹമുണ്ടായി. പേഷ്വായുടെ അഭിപ്രായം മനസ്സിലായപ്പോൾ തുകോജിറാവു ശിവാജിഗോപാലനു പേഷ്വായുടെ കീഴിൽ ഉദ്യോഗസ്ഥനായിരിക്കാൻ സമ്മതം കൊടുത്തു. ശിവാജിഗോപാലനാവട്ടേ സന്തോഷത്തോടുകൂടി ഈ മാററത്തിന്നു സമ്മതിച്ചു. എന്നാൽ രണ്ടാളിൽ ഒരാളെങ്കിലും അഹല്യയുടെ സമ്മതം ചോദിച്ചില്ല. കുറച്ചുദിവസംകഴിഞ്ഞു തുകോജിറാവുവും നാരായണഗണേശനും ഇന്ദോരിൽ മടങ്ങിവന്നപ്പോൾ ശിവാജിഗോപാലൻ പേഷ്വായുടെ കീഴിൽ ഉദ്യോഗം സ്വീകരിച്ച വിവരം അവരിൽനിന്നു് അഹല്യയ്ക്കു മനസ്സിലായി. തൻെറ പ്രഭുവിൻെറ അനുവാദംകൂടാതെ അദ്ദേഹത്തിൻെറ കീഴിലുള്ള ജോലി ഉപേക്ഷിച്ചു് അന്യൻെറ കീഴിൽ ജോലി സ്വീകരിക്കുന്നതു് ഒരു കീഴുദ്യോഗസ്ഥനു ചെയ്യാൻ പാടില്ലാത്തതാണു് എന്നു പറയേണ്ടതില്ലല്ലോ. അഹല്യ തുകോജിയെ കണ്ടപ്പോൾ അയാളോടു പറഞ്ഞു. ഈ രാജ്യം, ധനം, സമ്പത്തു് ഇവയുമായി എനിക്കു യാതൊരു ബന്ധവുമില്ലെന്നു നിങ്ങളുടെ നടപടികൊണ്ടു ധാരാളം വെളിപ്പെടുന്നുണ്ടു്. അല്ലെങ്കിൽ ശിവാജിഗോപാലൻെറ നിശ്ചയത്തെപ്പററി എൻെറ സമ്മതം വാങ്ങേണ്ടതാണെന്നു നിങ്ങൾ

ക്കു തോന്നാതിരിക്കാൻ കാരണമെന്താണ്. ഈശ്വരൻ മുമ്പുതന്നെ സകലവിധമായ സംസാരബന്ധനത്തിൽനിന്നും എന്നെ മോചിപ്പിച്ചിരിക്കുന്നു. അതു വളരേ നന്നായിരിക്കുന്നു. ഇനിമുതല്ക്കു നമ്മുടെ അടുത്തുള്ള പാവനമായ മഹേശ്വരക്ഷേത്രത്തിൽ ചെന്നു ജീവാവസാനംവരേ സ്നാനം, സന്ധ്യാവന്ദനം മുതലായതു ചെയ്തു ജന്മസാഫല്യം വരുത്തുന്നുണ്ട്. രാജ്യത്തിന്റെ സകലഭാരവും മുമ്പിൽതന്നെ നിങ്ങളെ ഏല്പിച്ചിട്ടുണ്ടല്ലോ. ഇനി സ്വർഗ്ഗസ്ഥനായ സുബേദാരുടെ കീൎത്തി നിലനിൎത്താനും പേഷ്വായുടെ പ്രീതി സമ്പാദിക്കാനുംവേണ്ടി എല്ലായ്പോഴും പ്രയത്നിച്ചാലും ഇതിലധികം എന്താണ് പറയാനുള്ളത്? ഞാൻ പറയുന്നപ്രകാരം നിങ്ങൾ എത്രത്തോളം നടക്കുമെന്നും എന്നെ സംബന്ധിച്ചേടത്തോളം നിങ്ങളുടെ നടപടി എന്തായിരിക്കുമെന്നും ഉള്ളതിന്റെ ലക്ഷണം ഇപ്പോൾതന്നെ എനിക്കു കാണാൻ കഴിയുന്നുണ്ട്.

അഭിമാനപൂൎണ്ണവും കഠിനവുമായ അഹല്യയുടെ വാക്കുകൾ കേട്ടപ്പോൾ തന്റെ നടപടിയെക്കുറിച്ചു തുകോജിക്കു പശ്ചാത്താപം തോന്നി. താൻതന്നെ തന്റെ ചെകിട്ടത്തടിച്ച് അഹല്യയുടെ കാലുപിടിച്ചു തുകോജിപറഞ്ഞു. "കൈലാസവാസി

യായ സുബേദാർ ജീവിച്ചിരിക്കുന്നകാലത്തു സ്വജനവിരോധം മുതലായതു വിസ്മരിച്ച് അദ്ദേഹത്തിന്റെ അടിമയെപ്പോലെ ഞാൻ അദ്ദേഹത്തിന്റെ കല്പനപ്രകാരം നടന്നിരുന്നു. സുബേദാർ സകല കാര്യങ്ങളും ഭവതിയേ ഏല്പിച്ചു യാതൊരു ചിന്തയുമില്ലാതെ കാലംകഴിച്ചു. സുബേദാൎക്ക് എന്നിലുണ്ടായിരുന്ന പ്രീതി കണ്ടിട്ടു ഭവതി എന്നെ യഥാൎത്ഥ മനുഷ്യനാക്കാൻ വേണ്ടതെല്ലാം ചെയ്തു. അതുകൊണ്ട് എന്റെ സുബേദാരും പ്രത്യക്ഷജനനിയും ഭവതി തന്നെയാണ്. പ്രാണൻപോയാലുംവേണ്ടില്ല ഇരുന്നാലുംവേണ്ടില്ല എന്റെ കുലദേവതയായ മാൎത്താണ്ഡൻ പ്രത്യക്ഷമായിവന്നാൽക്കൂടി ഞാൻ ഇനിമേലിൽ ഭവതിയുടെ നേരേ അലക്ഷ്യമായി നടക്കുകയില്ല. ഭവതി വരച്ചവരയിൽനിന്നു തിലമാത്രം തെററിനടക്കുകയുമില്ല. ഇത്തവണ എന്നെ അനുഗ്രഹിച്ച് എന്റെ അപരാധത്തെ ക്ഷമിപ്പാൻ എന്നിൽ ദയവുണ്ടാവണം."

തുകോജിക്കു വാസ്തവമായ പശ്ചാത്താപം ഉണ്ടെന്നു മനസ്സിലാക്കീട്ട് അഹല്യ പറഞ്ഞു. "വെറും വാക്കു പറഞ്ഞതുകൊണ്ടു യാതൊരു ഫലവുമില്ല. പ്രവൃത്തിയും അതിന്നനുസരിച്ചാൽ മാത്രമേ എനിക്കു ബോദ്ധ്യമാവുള്ളു. പറഞ്ഞപോലെ നടക്കുന്നതാ

യാൽ ഈശ്വരൻ ഒരിക്കലും ഉപേക്ഷിക്കയില്ല." ഈ സംഭവത്തിന്നുശേഷം പിന്നെ ഒരിക്കലെങ്കിലും തുകോജി അഹല്യാഭായിയുടെ സമ്മതംവാങ്ങാതെ ഒരു കാൎയ്യവും ചെയ്യിട്ടില്ലെന്നു കേൾവിയുണ്ട്.

ഗംഗാധരയശോവന്തൻേറയും രാഘോബയുടേയും കപടതന്ത്രങ്ങളെ ഭേദിപ്പിക്കാൻ വേണ്ടി അഹല്യ എന്തെല്ലാം സാഹസം കാണിച്ചു എന്നുള്ളതിനെപ്പററി മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മറേറാരോ സംഭവങ്ങളിലും അവളുടെ മനോദാർഢ്യവും, ഉദ്യമവും നിർഭീകതയും പിന്നേയും പിന്നേയും അഹല്യ വെളിപ്പെടുത്തിയിരുന്നു. മാഹാധാജി സിന്ദേയുടെ സേനാപതിയായ ജിവുബാദാദാബക്മിയും തുകോജിയുമായി എന്തോ കാരണവശാൽ വിരോധം ഉണ്ടായിത്തീൎന്നു. ഇതു നിമിത്തം ജയപൂരരാജാവു തനിക്കു തരാനുള്ള കപ്പം വാങ്ങാനായി ജയപൂരത്തിലേയ്ക്കു പോയപ്പോൾ ജിവുബാദാദ ഗോപ്യമായി തുകോജിക്കു് എതിരായി ജയപൂരരാജാവിനെ സഹായിക്കാൻ ശ്രമംചെയ്യിരുന്നു ജയപൂരരാജാവു ഹോല്ക്കരരാജ്യത്തിലേക്കു കൊടുക്കേണ്ട കപ്പത്തിൽ നാലുലക്ഷം ഉറപ്പിക ബാക്കിയായിരുന്നു. തുകോജി ആ സംഖ്യ കിട്ടേണമെന്നു മുട്ടിച്ചപ്പോൾ ജയപൂരരാജാവിൻെറ ദിവാൻജിയായ

ദൌലതരാമൻ താഴേപറയുന്ന മറുപടി കൊടുത്തു. 'ഞങ്ങറം കൊടുക്കേണ്ടതായ കപ്പം കൊടുക്കാൻ ഞങ്ങറംക്ക് ഒരു വിരോധവുമില്ല. എന്നാൽ സിന്ദെയ്യും നിങ്ങറംക്കും ഞങ്ങറം കപ്പം കൊടുക്കേണ്ടതായി വന്നിരിക്കുന്നു. നിങ്ങറം ഇരുവരിലുംവെച്ച് ആക്കാണ് അധികം ശക്തിയുള്ളത് എന്നു തെളിഞ്ഞാൽ ഞങ്ങറം ആ ആറംക്കു കപ്പംകൊടുക്കാൻ ഒരുക്കമാണ്.' തുകോജി ഈ മറുപടിയിൽനിന്നു ജയപുരരാജാവിന്റെ മനോഭാവം മനസ്സിലാക്കീട്ടു യുദ്ധത്തിന്നു കോപ്പിട്ടുതുടങ്ങി. എന്നാൽ അദ്ദേഹം യുദ്ധത്തിന്നു തയ്യാറാവുന്നതിന്നുമുമ്പിൽതന്നെ ജിവ്വ ബാദാദ തുകോജിയെ ആക്രമിച്ചു യുദ്ധത്തിൽ തോല്പിച്ചു. ഈ യുദ്ധത്തിൽ തുകോജിയുടെ കുറേ സേനാധിപന്മാരും ശൂരന്മാരായ അനേകം യോദ്ധാക്കന്മാരും യുദ്ധത്തിൽ മരിച്ചുപോയി. തുകോജി തോറേറാടിപ്പോയി ജയപുരത്തിൽനിന്നു പതിനൊന്നു കാതം ദൂരത്തുള്ള ബ്രാഹ്മണഗ്രാമം എന്ന പ്രദേശത്തിലുള്ള കോട്ടയിൽചെന്ന് അഭയംപ്രാപിച്ചു.

ഈ സമയത്ത് അഹല്യാഭായി മഹേശ്വര ക്ഷേത്രത്തിൽ താമസിച്ചിരുന്നു. തുകോജി ഈ വിവരം അഹല്യയേ അറിയിക്കുകയും സൈന്യവും പണവും അയച്ചുകിട്ടേണമെന്ന് ആവശ്യപ്പെടുകയും

ചെയ്തു. തുകോജി തോററ് ഓടിപ്പോയ വിവരം കേട്ടപ്പോൾ അഹല്യ വളരേ ക്രോധത്തോടുകൂടി പറഞ്ഞു. 'തുകോജി യുദ്ധത്തിൽ മരിച്ചിരുന്നാൽകൂടി വലിയ കോട്ടം ഒന്നും വരാനില്ല. എന്നാൽ ആർ ഇത്രകാലം ഭൃത്യനെപ്പോലെ നമ്മുടെ കീഴിലൊതുങ്ങിയിരുന്നുവോ ഈ വയസ്സുകാലത്തു് * അവൻ നമ്മെ അവമാനിക്കാൻ ഒരുമ്പെട്ടതു നാം ഒരിക്കലും സഹിക്കുകയില്ല.' ഇങ്ങിനെപറഞ്ഞു് അവൾ തുകോജിയുടെ ആവശ്യങ്ങൾക്കു് അഞ്ചുലക്ഷം ഉറപ്പിക അയച്ചുകൊടുക്കുകയും അയാളെ ആശ്വസിപ്പിച്ചും ഉത്സാഹിപ്പിച്ചും കൊണ്ടു താഴേപറയുന്നവിധത്തിൽ ഒരുകത്തു് അയയ്ക്കുകയുംചെയ്തു. 'ലേശം കുണ്ഠിതമോ ഭയമോ വേണ്ട. സാഹസത്തോടുകൂടി വിശ്വാസഘാതകനും നന്ദിയില്ലാത്തവനുമായ ജയപുരരാജാവിന്നു തക്കശിക്ഷ കൊടുക്കണം. ഒട്ടും വിചാരപ്പെടണ്ട. നിങ്ങളുടെ സഹായത്തിന്നു വേണ്ടിവരുന്ന സൈന്യവും പണവും അയയ്ക്കാൻ ഏർപ്പാടുചെയ്തിരിക്കുന്നു. വാർദ്ധക്യംനിമിത്തം നിങ്ങൾക്കു യുദ്ധംചെയ്യാൻ മിടുക്കോ ഉത്സാഹമോ ഇല്ലെങ്കിൽ എനിക്കു് എഴുതിയയയ്ക്കുക. എഴുത്തു കിട്ടിയ ഉടനെ ഞാൻതന്നെ പോർക്കളത്തിൽ എത്തുന്നതാണു്.'

* ഈ സമയത്തു് അഹല്യയ്ക്കു് 58 വയസ്സായിരുന്നു.

തുകോജിക്ക് ഈ മാതിരി ഒരു എഴുത്തു് അയച്ചതിൻെറശേഷം അഹല്യാഭായി കുതിരപ്പടയാളികളെ ശേഖരിക്കാൻവേണ്ടി പത്തു പന്ത്രണ്ടു് ഉദ്യോഗസ്ഥന്മാരെ ഖാന്ദേശ് മുതലായ പ്രദേശങ്ങളിലേയ്ക്കു് അയച്ചു. അല്പദിവസങ്ങൾക്കുള്ളിൽ പതിനെണ്ണായിരം കുതിരപ്പടിയാളികളെ ശേഖരിച്ച് അവരെ തുകോജിയുടെ സഹായത്തിന്നായി അയച്ചു.

അഹല്യാഭായിയുടെ അടുക്കൽനിന്ന് ഉത്സാഹപൂൎണ്ണമായ എഴുത്തും പ്രയോജനാനുരൂപമായ സൈന്യവും ദ്രവ്യസഹായവും കിട്ടിയപ്പോൾ തുകോജിറാവു ജിവുബാദാദയെ ആക്രമിച്ചു. മൂന്നു മാസത്തോളം യുദ്ധം നടന്നശേഷം ജിവുബാദാദ തോല്ക്കുകയും തൻെറ തെററു സമ്മതിച്ചു ക്ഷമ യാചിച്ചപ്പോൾ യുദ്ധം അവസാനിക്കുകയും ചെയ്തു.

---

* ഈ സംഭവത്തെക്കുറിച്ച് സർജോൺമാല്ക്കം ഇപ്രകാരം എഴുതിയിരിക്കുന്നു. It was more of a quarrel between Tukajee and Mahadajee's commander than between Sindhia and Holkar families. p. 142.

അഹല്യയുടെ ചാതുൎയ്യത്തെസ്സംബന്ധിച്ച് ഒരു കഥ താഴെ ചേൎത്തിരിക്കുന്നു. ഇതിൽ കുറേ അതിശയോക്തിയുണ്ടെങ്കിലും ഇതിൻെറ അടിസ്ഥാനത്തിൽ കുറച്ചു വാസ്തവം ഉണ്ട്. 'സുബേദാർ മല്ഹാരറാവു മരിക്കുന്ന കാലത്തു് അദ്ദേഹത്തിൻെറ ഭണ്ഡാരത്തിൽ സുമാർ പതിനഞ്ചുകോടി ഉറുപ്പിക സൂക്ഷിച്ചിട്ടുണ്ടായി

ഒരു ഭാഗത്തു് ആശ്രിതന്മാരെ രക്ഷിക്കുന്നതിൽ മാതൃസ്നേഹം, മറെറാരു ഭാഗത്തു ദുഷ്ടനിഗ്രഹത്തിൽ രുദ്രഭാവം എന്നീ രണ്ടു ഗുണങ്ങളും അഹല്യയുടെ പ്ര

---

രുന്നു. രാഘോബദാദ ഈ വിവരം മനസ്സിലാക്കിട്ടുണ്ടായിരുന്നു. ഒരിക്കൽ അയാൾ മാളവരാജ്യത്തിന്നു സമീപമുള്ള ഒരു ദിക്കിൽ താമസിക്കുമ്പോൾ മല്ഹാരറാവുവിൻെറ ധനത്തിൻെറ ഒരംശം കരസ്ഥമാക്കാൻവേണ്ടി അഹല്യാബായിയുടെ അടുക്കൽ ഒരാളെ പറഞ്ഞയച്ചു: "സൈന്യച്ചിലവിന്നുവേണ്ടി എനിക്കു കുറെ പണം ആവശ്യമുണ്ടു്. നിങ്ങൾ ഈ ഘട്ടത്തിൽ എനിക്കു കുറെ പണം സഹായിച്ചു തന്നാൽ കൊള്ളാം". അഹല്യെക്കു രാഘോബയുടെ സ്വഭാവത്തെപ്പററി നല്ല അറിവുണ്ടായിരുന്നു. അവൾ അയാളുടെ അഭിപ്രായം മനസ്സിലാക്കി താഴെ പറയുംപ്രകാരം വിവരം പറയാൻ ഒരാളെ അയച്ചു. "ഞാൻ സകല ധനവും ദാനധൎമ്മങ്ങൾക്കു ചിലവിടാനായി ഉഴിഞ്ഞു വെച്ചിരിക്കുന്നു. നിങ്ങൾക്കു പണം ആവശ്യമുള്ളപക്ഷം ഞാൻ സൂക്ഷിച്ചുവെച്ച പണത്തിൻെറ മീതെ തുളസിയിട്ടു ഗംഗ കൊണ്ടു് അഭിഷേകം ചെയ്തു മന്ത്രം ചൊല്ലി അതു നിങ്ങൾക്കു ദാനം തരാൻ ഒരുക്കമാണു്. എന്നാൽ അതു അങ്ങെക്കു അനായാസേന സ്വീകരിക്കാനും, ഇഷ്ടംപോലെ ചിലവിടാനും സാധിക്കുന്നതാണു്. ഗവിഷ്ഠനായ രാഘോബ പ്രതിഗ്രഹം വാങ്ങുന്ന ഒരു ബ്രാഹ്മണനെപ്പോലെ ഈ ദാനം വാങ്ങാൻ വിസമ്മതിച്ചു. അഭിമാനംകൊണ്ടു് അഹല്യയോടു യുദ്ധത്തിന്നു ഒരുങ്ങിക്കൊള്ളാൻ പറഞ്ഞു. ഇതിന്നുത്തരമായി അഹല്യ പറഞ്ഞയച്ചു. "യുദ്ധത്തിൽ പ്രാണൻപോയേക്കാം. അതിന്നും ഞാൻ തയ്യാറാണു്. എന്നാലും ദാനധൎമ്മങ്ങൾക്കുവേണ്ടി സൂ

കൃതിയിൽ തുല്യമായി കാണപ്പെട്ടിരുന്നു. തന്റെ ആശ്രിതകളായ വിധവകളുടെ കുട്ടികളെ മടിയിലെടുത്തു ലാളിക്കുന്ന സമയത്തു് അഹല്യയ്ക്കു താൻ രാ

---

ക്ഷിച്ചിട്ടുള്ള പണം മററു കാൎയ്യങ്ങൾക്കുവേണ്ടി ഞാൻ ചിലവിടുന്നതല്ല." ഈ മാതിരി നിരാകരണം ചെയ്തതിന്റെ പിറേറ ദിവസം രാഘോബ യുദ്ധത്തിന്നൊരുങ്ങിയപ്പോൾ അഹല്യ വീരവേഷം ധരിച്ചു കുതിരപ്പുറത്തു കയറി അസ്ത്രശസ്ത്രങ്ങൾ ധരിച്ചു അഞ്ഞൂറു ദാസിമാരോടുകൂടി രാഘോബയുടെ നേരിട്ടു ചെന്നു. മഹാരാഷ്ട്രവീരന്മാർ സ്ത്രീകളോടു യുദ്ധം ചെയ്യില്ലെന്നു അഹല്യയ്ക്കു നല്ലപോലെ അറിവുണ്ടായിരുന്നു. അതിനാൽ യുദ്ധംകൂടാതെ തന്റെ ഉദ്ദേശം സാധിക്കുമെന്നു കരുതി അവൾ സൈന്യസാമന്തന്മാൎക്കു പകരം തന്റെ ദാസികളെ കൂട്ടിക്കൊണ്ടു പോൎക്കളത്തിലേയ്ക്കു ചെന്നു. അവൾ വിചാരിച്ചിരുന്നപോലെതന്നെ കാൎയ്യം ഫലിച്ചു. അവളുടെ നേരെ ആക്രമിക്കാനായി രാഘോബ കല്പനകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കീഴിലുള്ള മഹാരാഷ്ട്രനേതാക്കന്മാർ സ്ത്രീകളോടു യുദ്ധം ചെയ്യാൻ കൂട്ടാക്കിയില്ല. അപ്പോൾ രഘോബ ഗത്യന്തരമില്ലാതെ അഹല്യയുടെ സാമന്തന്മാരും സൈന്യങ്ങളും അവിടെയാണെന്നു് അറിയാനായി അവളുടെ അടുക്കൽ ഒരാളെ പറഞ്ഞയച്ചു. അഹല്യ ഉത്തരം പറഞ്ഞയച്ചു. "ഞങ്ങൾ പേഷ്വമാരുടെ സേവകന്മാരാണു്. അവൎക്കെതിരായി യുദ്ധം ചെയ്തു രാജദ്രോഹികളായിത്തീരാൻ ഞങ്ങൾ ആഗ്രഹിയ്ക്കുന്നില്ല. എന്നാൽ ധൎമ്മത്തിന്നു വേണ്ടി, ഹോൾക്കാരവംശക്കാർ ഉഴിഞ്ഞുവെച്ചിട്ടുള്ള ധനം രക്ഷിക്കേണ്ട ഭാരം ഞങ്ങൾക്കുണ്ടു്. അതിന്നു വേണ്ടിയാണു ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നിട്ടുള്ളതു്. അങ്ങയ്ക്കു് ആഗ്രഹ

ഞ്ജിയാണെന്ന വിചാരംതന്നേ ഉണ്ടായിരുന്നില്ല. എന്നാൽ ദുഷ്ടനിഗ്രഹം ചെയ്യുന്ന സമയത്തു അവഠം രമണീസുലഭമായ തൻെറ കോമളതയേയും ഉപേക്ഷിച്ചിരുന്നു. ഗംഗാധരയശോവന്തൻേറയും രാഘോബയുടേയും കൂടപ്രയോഗങ്ങളെ ഭംഗംചെയ്യുന്നതിലും ഭിലശത്രുക്കളെ ഒതുക്കുന്നതിലും അവളുടെ പ്രകൃതിയിലുള്ള കഠിനഭാവം ധാരാളം വെളിപ്പെട്ടിരുന്നു. അവളുടെ ബുദ്ധി സ്വഭാവേന വളരെ തീക്ഷ്ണമായിരുന്നു. തൻെറ സ്വന്തം പരിശ്രമംകൊണ്ടു് അവഠം മഹാരാഷ്ട്രഭാഷയിൽ അസാമാന്യമായ പാണ്ഡിത്യംനേടിയിരുന്നു. സ്വർഗ്ഗസ്ഥനായ സുഭേദാരുടെ മക്കളും ഭർത്തൃസോദിമാരുംആയ ഹക്കുബായി ഉദാബായി ഇവരെ അഹല്യ താൻതന്നെ എഴുതാനും വായിക്കാനും പഠിപ്പിച്ചു. രാമായണം മഹാഭാരതം തുടങ്ങിയ പുരാണങ്ങളും ധർമ്മശാസ്ത്രഗ്രന്ഥങ്ങളും അവഠം

---

മുള്ളപക്ഷം എന്നേയും എൻേറ ഈ ദാസികളേയും കൊന്നു ധർമ്മത്തിന്നായി ഞാൻ നീക്കി വെച്ചിട്ടുള്ള പണം അങ്ങയ്ക്കു് എടുക്കാം. നിങ്ങളോടു യുദ്ധം ചെയ്തു നിങ്ങളുടെ വൈരം സമ്പാദിയ്ക്കാൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല."

കൌശലത്തോടുകൂടിയ അഹല്യയുടെ മറുപടി കേട്ടപ്പോഠം രാഘോബയ്ക്കു് ഉത്തരം ഇല്ലാതായി, അദ്ദേഹം തൻേറ നടപടിയെപ്പററി പശ്ചാത്തപിച്ചു് അഹല്യയെ സന്തോഷിപ്പിച്ചു് അവിടേനിന്നു പോവുകയും ചെയ്തു.

ഏററവും അഭിനിവേശത്തോടുകൂടി വായിച്ചിരുന്നു. രാജ്യകാൎയ്യങ്ങളെ സംബന്ധിച്ചുള്ള അതികഠിനവിഷയങ്ങൾ അവർ തന്നെത്താൻ ആലോചിച്ച് അവയെപ്പററി തൻെറ സ്വന്തം അഭിപ്രായങ്ങൾ പറയാൻ അവൾക്കു സാധിച്ചിരുന്നു.

നികുതി മുതലായതു വസൂൽ ചെയ്യുന്നതിന്നും, രാജ്യഭരണം ചെയ്യുന്നതിന്നുംവേണ്ടി അഹല്യ ഏതെല്ലാം നല്ല നിയമങ്ങൾ നടപ്പിൽ വരുത്തിയിരുന്നുവോ അവയെപ്പററി ആലോചിക്കുമ്പോൾ അവളെ എത്ര തന്നേ പ്രശംസിച്ചാലും മതിയാവുന്നതല്ല. രാജ്യസംബന്ധമായി വല്ലപ്പോഴും വല്ല നിയമങ്ങളും നടപ്പാക്കുമ്പോൾ അതു് അഹല്യാബായി നടപ്പിൽ വരുത്തിട്ടുള്ള നിയമങ്ങൾക്കു വിരോധമാണോ അല്ലയോ എന്നാണു ജനങ്ങൾ എല്ലാററിനും മുമ്പായി നോക്കുക. ഇതിൽനിന്നു് അഹല്യയുടെ ശാസനാരീതിയേയും നിയമങ്ങളേയും കുറിച്ച് സാധാരണ ജനങ്ങൾക്കു് എത്രത്തോളം ശ്രദ്ധയും ബഹുമാനവും ഉണ്ടായിരുന്നു എന്നു കാണാവുന്നതാണു്. ശ്രീരാമചന്ദ്രൻെറ വാഴ്ചകാലംപോലെ അഹല്യയുടേയും വാഴ്ചകാലം ഒരു മാതൃകയായിത്തീൎന്നിരിക്കുന്നു. അവളുടെ പിൻഗാമികളായ രാജാക്കന്മാരിൽ ആരെങ്കിലും പ്രജകളുടെ പ്രീതി സമ്പാദിക്കേണമെന്നു ആഗ്രഹി

കുമ്പോൾ അവർ അഹല്യ കാണിച്ചുകൊടുത്ത വഴി യെത്തന്നെ അനുസരിച്ചിരുന്നു. പുതുതായി വല്ല നിയമവും നടപ്പിൽ വരുത്തുമ്പോൾ അതു അഹല്യ യുടെ അഭിപ്രായത്തിന്നു യോജിച്ചതാണെന്ന് ആ നിയമപ്രവൎത്തകന്നു കാണിക്കാൻ സാധിക്കുന്നതാ യാൽ അതു ധൎമ്മസംഗതമാണെന്നു ജനങ്ങൾ വി ചാരിച്ചുവന്നു. അതിന്നു വിരോധം പറവാൻ പി ന്നെ ആൎക്കും ധൈൎയ്യം വന്നിരുന്നില്ല.

പതിനെട്ടാം വയസ്സിൽ അഹല്യക്കു ഭൎത്തൃവി യോഗം ഉണ്ടായി. അതുകൊണ്ടു തന്റെ ജീവിത ത്തിൽ ദാമ്പത്യസുഖം അനുഭവിക്കാൻ അവൾക്ക് അധികം ഇടവന്നില്ല. ഇതിന്നു പുറമേ പുത്രൻ,പു ത്രി, പുത്രിയുടെ ഭൎത്താവു, ദൌഹിത്രൻ എന്നിവരുടെ മരണംകൊണ്ട് അവൾ വല്ലാതെ ദുഃഖിക്കേണ്ടിവ ന്നു. യാതൊരു വിധമായ പ്രപഞ്ചസുഖവും അനുഭ വിക്കാനുള്ള ഭാഗ്യം തനിക്കില്ലെന്ന് അഹല്യക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അങ്ങിനെയുള്ള അവസ്ഥ യിൽ സംസാരത്തെക്കുറിച്ചു വൈരാഗ്യം ജനിക്കുന്ന തു സ്വാഭാവികമാണ്. മററനേകം രാജാക്കന്മാർ ഈ സ്ഥിതിയിൽ രാജ്യഭാരം മന്ത്രിമാരിൽ ഏല്പിച്ചു മനസ്സിന്നു സമാധാനം വരുത്താൻ ശ്രമിച്ചിരുന്നു. എന്നാൽ അഹല്യയുടെ കൎത്തവ്യജ്ഞാനം അത്ര കഠി

നമായിരുന്നതുകൊണ്ടും, പ്രജകളുടെ നന്മയിൽ അ വറംക്കുള്ള അനുരക്തി അത്ര നിഷ്കപടമായിരുന്നതു കൊണ്ടും ആ മാതിരി വൈരാഗ്യം അവലംബിക്കുന്ന തു് ഒട്ടുംതന്നേ യോഗ്യമാണെന്നു് അവറംക്കു തോന്നി യില്ല. അവളുടെ സ്വദേശീയകവിയായ തുകാരാ മൽ അദ്ദേഹത്തിൻെറ ഒരു കവിതയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "എന്താപത്തു നേരിട്ടാലും ഈ ശ്വരങ്കൽ ശരണം പ്രാപിച്ചു് ആദരവോടുകൂടി ആ ആപത്തിനെ ആലിംഗനം ചെയ്യണം." അഹല്യ യുടെ ജീവിതത്തിൽ തുകാരാമൻെറ ഈ ഉപദേശം അവറം നല്ലപോലെ നിറവേററിട്ടുണ്ടു്. വാസ്തവ ത്തിൽ അവറം കത്തവ്യരക്ഷയ്ക്കുവേണ്ടി ആപത്തു കളെ സാദരം ആലിംഗനം ചെയ്തിരുന്നു. വിഷയ ഭോഗങ്ങളിൽ അവറംക്കു് അണുമാത്രം ആസക്തിയു ണ്ടായിരുന്നില്ല. എങ്കിലും അവറം രാജ്യസംബന്ധ മായ ഓരോ കായ്യങ്ങളും എത്രത്തോളം സൂക്ഷ്മമായി പരിശോധിച്ചിരുന്നുവോ രാജ്യതന്ത്രത്തിൽ ഏററവും നിപുണനായ ഒരുവനുകൂടി അതുപോലെ ചെയ്വാൻ കഴിയുമോ എന്നു സംശയമാണു്. അവളുടെ കാല ത്തു ഹോൾക്കരരാജ്യത്തിന്നു എത്രത്തോളം സമൃദ്ധിയു ണ്ടായിരുന്നുവോ അത്രത്തോളം സമൃദ്ധി പിന്നിട്ടു് ഒ രിക്കലും ഉണ്ടായിട്ടില്ല. അവളുടെ പ്രജകറം ഇപ്പോ

ഴും അവളുടെ നാമോച്ചാരണമാത്രത്തിൽ നന്ദിപൂർവ്വം തല കുമ്പിടുന്നു. ജനങ്ങൾ ഇപ്പോഴും അവൾ ഒരു അവതാരമാണെന്നു വിശ്വസിച്ചു വരുന്നു. അതിന്നു തക്ക കാരണവുമുണ്ടു്.

അഹല്യ ധർമ്മാനുരക്തയായിരുന്നു. എന്നാൽ അവൾ ധർമ്മാന്ധയായിരുന്നില്ല. ഹിന്തുക്കളും മുസൽമാന്മാരും ആയ അവളുടെ പ്രജകൾ ഒരുപോലേ സമാധാനത്തോടുകൂടി അവളുടെ രാജ്യത്തിൽ പാർത്തിരുന്നു. അവളുടെ രാജ്യത്തിൽ മതവിശ്വാസം നിമിത്തം ആരും ദണ്ഡിക്കപ്പെട്ടിട്ടില്ല. ബ്രാഹ്മണരുടെ നേരേ അവൾക്കു് അതിരില്ലാത്ത ഭക്തിയുണ്ടായിരുന്നു. അവളുടെ ദാനത്തിൻെറ അധികഭാഗവും ബ്രാഹ്മണരാണു് അനുഭവിച്ചിരുന്നതു്. അതുകൊണ്ടു് ഒരു ചരിത്രകാരൻ അവളെപ്പററി ആക്ഷേപിച്ചിട്ടുമുണ്ടു്. എന്നാൽ വേണ്ടിവരുമ്പോൾ അവൾ ബ്രാഹ്മണരുടേയും ദോഷങ്ങൾ ചൂണ്ടിക്കാണിക്കാൻ ലേശം മടിച്ചിരുന്നില്ല. ഒരിക്കൽ അനന്തഫന്ദി എന്നു പേരായ ഒരു ബ്രാഹ്മണൻ എന്തെങ്കിലും കിട്ടിയാൽകൊള്ളാമെന്നുവെച്ചു് അഹല്യയുടെ അടുക്കൽ പോകയുണ്ടായി. അദ്ദേഹം നല്ലൊരു കവിയും പണ്ഡിതനുമാണെന്നു പ്രസിദ്ധി നേടിയിരുന്നു. എന്നാൽ ജാലവിദ്യക്കാരനായ ഒരു മുസൽമാൻെറ കൂട്ടുകെട്ടുനിമി

ത്തം അദ്ദേഹം ബ്രാഹ്മണവൃത്തികളെല്ലാം ഉപേക്ഷിച്ചു ജാലവിദ്യ കാണിച്ചുകൊണ്ടു നടന്നിരുന്നു. അഹല്യ അദ്ദേഹത്തിൻെറ യോഗ്യതയനുസരിച്ചു തക്കതായ സമ്മാനങ്ങൾ കൊടുത്തശേഷം അദ്ദേഹം ബ്രാഹ്മണവൃത്തി ഉപേക്ഷിച്ചതു് ഒട്ടും നന്നായില്ലെന്നു സ്പഷ്ടമായി പറഞ്ഞു മനസ്സിലാക്കി. അഹല്യയുടെ സസ്നേഹവും പരുഷവുമായ ഉപദേശംകൊണ്ടു് അനന്തഫന്ദിയുടെ സ്വഭാവത്തിന്നു തിരേ മാററം വന്നതായി ഒരു കേൾവിയുണ്ടു്.

അഹല്യയുടെ ഈശ്വരഭക്തിയേയും ജീവകാരുണ്യത്തേയും കുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭൂമിയിലെ ദുല്ലഭം ചില രാജാക്കന്മാരിലും രാജ്ഞിമാരിലും കാണപ്പെടുന്ന വേറേ ഒരു ഗുണം അഹല്യയ്ക്കുണ്ടായിരുന്നു. ധനം പ്രഭുത്വം ഇവയോടുകൂടി ജനിച്ചു വളരുന്നവക്കു മുഖസ്തുതി അന്നജലങ്ങളെന്നപോലെ നിത്യപ്രയോജനീയമായ ഒരു പദാത്ഥമാണു്. എന്നാൽ ഈ അവസ്ഥയിൽ ആർ മുഖസ്തുതികേട്ടു ഞെളിയുന്നില്ലയോ ആർ മുഖസ്തുതിയിൽ വിരക്തികാണിക്കുന്നുവോ അവരുടെ പ്രകൃതി ദേവതുല്യമാണെന്നുള്ളതിന്നു സംശയമില്ല. മുഖസ്തുതി അഹല്യയെ ലേശംപോലും ബാധിച്ചിരുന്നില്ല. ഒരിക്കൽ ഒരു ബ്രാഹ്മണൻ അഹല്യയുടെ സേവ സമ്പാദിക്കാൻവേണ്ടി അ

വളുടെ മാഹാത്മ്യത്തെ വർണ്ണിച്ചുകൊണ്ടു് ഒരു ഗ്രന്ഥം ഉണ്ടാക്കി. സാധാരണ ബ്രാഹ്മണരുടേയും പണ്ഡിതന്മാരുടേയും രീതി അനുസരിച്ച് അദ്ദേഹം ആ ഗ്രന്ഥത്തിൽ അഹല്യയെ അതിയായി സ്തുതിച്ചിരുന്നു. അദ്ദേഹം അഹല്യയെ ആ ഗ്രന്ഥം മുഴുവനും വായിച്ചു കേൾപ്പിച്ചു. അഹല്യ തന്നെ പണിപ്പെട്ടു ധൈര്യം അവലംബിച്ചു ഗ്രന്ഥം ആദ്യവസാനം വായിച്ചുകേട്ടു. വായന കഴിഞ്ഞശേഷം അവൾ വിനയത്തോടുകൂടി ബ്രാഹ്മണനോടു പറഞ്ഞു. "ഞാൻ ഏററവും പാപിയായ ഒരു സ്ത്രീയാണ്. അങ്ങയുടെ ഈ മാതിരി അതിശയോക്തിപൂർവ്വമായ പ്രശംസയ്ക്കു ഞാൻ യോഗ്യയല്ല." ഇങ്ങിനെ പറഞ്ഞു് അവൾ ബ്രാഹ്മണന്റെ പക്കൽനിന്നു് ആ ഗ്രന്ഥം വാങ്ങി അതിനെ നർമ്മദാജലത്തിൽ കൊണ്ടുപോയി ഇടാൻ കല്പന കൊടുത്തു. പിന്നെ സ്തുതിപാഠകനായ ആ ബ്രാഹ്മണന്റെ വർത്തമാനം തന്നേ കേട്ടിട്ടില്ല. സ്തുതിപാഠകന്റെ വാക്കുകൾ അസംഭവമായാൽകൂടി നമുക്കു് അവന്റെ പേരിൽ ദയതോന്നുകയും അവന്റെ ആഗ്രഹം നിറവേററാൻ തോന്നുകയും ചെയ്യുന്നുണ്ടു്. സ്തുതിയുടെ ആകർഷണത്തിലുള്ള മാധുര്യം അത്രയ്ക്കുണ്ടു്. എന്നാൽ ഈ സംഭവത്തിൽ അഹല്യ എന്തൊരു മഹത്വവും ദൃഢതയും കാണിച്ചിരുന്നുവോ ഭൂ

മിയിലേ ദുല്ലഭം ചില മനുഷ്യൎക്കു മാത്രമേ അതു കാണിക്കാൻ സാധിക്കയുള്ളു. "അഹല്യയേപ്പോലെ ഒരു രാജ്ഞി ലോകചരിത്രത്തിൽ ഏററവും ദുല്ലഭമാണു്" എന്നു സർ ജോൺ മാല്ക്കം പറഞ്ഞിട്ടുള്ളതു യഥാൎത്ഥം തന്നേയാണു്.

അഹല്യയുടെ ജീവചരിത്രത്തിൽനിന്നു മനോഹരമായ അനേകം ഉപദേശങ്ങൾ നമുക്കു ലഭിക്കുന്നുണ്ടു. മാനസികശക്തി കേവലം പുരുഷൻെറ അധികാരത്തിൽപെട്ടതല്ല എന്നു് അഹല്യയുടെ ചരിത്രത്തിൽനിന്നു സ്പഷ്ടമായി ഊഹിക്കാൻ കഴിയുന്നതാണു്. ഒരു സ്ത്രീയായിരുന്നിട്ടും അവൾ തൻെറ കാൎയ്യങ്ങളെല്ലാം എത്ര ചിട്ടയോടും സാമൎത്ഥ്യത്തോടുംകൂടി നടത്തിയിരുന്നു! പുരുഷന്മാൎക്കുകൂടി അതു ഗൌരവത്തെ ഉണ്ടാക്കിത്തീൎക്കുന്നതാണു്. തക്ക അവസരം കിട്ടിയാൽ സ്ത്രീകൾക്കും പുരുഷസുലഭമായ അനേകം സദ്ഗുണങ്ങളെ പ്രദൎശിപ്പിക്കാൻ കഴിയുമെന്നു് അഹല്യയുടെ ചരിത്രത്തിൽനിന്നു ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ടു. ഭാഗ്യദോഷംകൊണ്ടു ഭാരതവൎഷത്തിലേ സ്ത്രീകൾ പഠിപ്പില്ലാത്തവരായും അനാദൃതകളായും തീൎന്നിരിക്കുന്നു. ഭൎത്താവിൻേറയും പുത്രന്മാരുടേയും കാൎയ്യങ്ങളിൽ സഹായിക്കാൻ അവൎക്കു ശക്തിയില്ലെന്നു കരുതി പുരുഷന്മാർ അവരേ കാൎയ്യങ്ങളിൽ പ്രവേശി

ക്കാൻ അയയ്ക്കാതെ അടുക്കളപ്രവൃത്തിക്കായി തള്ളിവിട്ടിരിക്കുന്നു. അതുകൊണ്ടു സ്ത്രീകളുടെ ശക്തിയും സാമൎത്ഥ്യവും സമുദ്രത്തിന്റെ അടിയിൽ കിടക്കുന്ന രത്നംപോലെ നിഷ്പ്രഭമായും നിരൎത്ഥകമായും തീൎന്നിരിക്കുന്നു. സ്ത്രീകളെ കാൎയ്യത്തിൽ പ്രവേശിപ്പിക്കാൻ ഇഷ്ടമില്ലാത്തവർ താഴെ പറയുന്ന യുക്തി പറയുന്നു. സ്ത്രീപ്രകൃതി പുരുഷപ്രകൃതിയിൽനിന്നു വ്യത്യാസപ്പെട്ടതാണ്. സ്ത്രീകളിൽ കോമളതയും, പുരുഷനിൽ കാഠിന്യവും സ്വാഭാവികമായിട്ടുള്ളതാണ്. അതുകൊണ്ടു സ്ത്രീകളെ സംസാരത്തിന്റെ കാഠിന്യത്തിലേയ്ക്കു പ്രവേശിപ്പിച്ച് അവരുടെ സഹജധൎമ്മമായ കോമളതയേ നശിപ്പിക്കുന്നതായാൽ അതു സമുദായത്തിന്നു ദൂഷ്യമായി പരിണമിക്കുന്നതാണ്. ഈ യുക്തിയിൽ കുറച്ചു യഥാൎത്ഥമുണ്ടെന്നുള്ളതിന്നു സംശയമില്ല. എന്നാൽ കോമളതയ്ക്കും കാഠിന്യത്തിന്നും നിൎദ്ദിഷ്ടമായ ഓരോ അതിരുകൾ ഉണ്ടു്. പുരുഷപ്രകൃതിയിൽ കാഠിന്യം മാത്രമുണ്ടായാൽ അതു് എങ്ങിനെ രൌദ്രഭാവത്തിൽ പരിണമിക്കുന്നുവോ അങ്ങിനേതന്നെ സ്ത്രീസ്വഭാവത്തിൽ കേവലം കോമളതയേ ഉള്ളു എങ്കിൽ അതു പ്രപഞ്ചകാൎയ്യങ്ങൾ നേടുന്നതിന്നു പ്രയോജനപ്പെടുന്നതല്ല. വീണയുടെ ഓരോ തന്ത്രികളിൽനിന്നു ഓരോ സ്വരം മാത്രമേ പുറപ്പെ

ട്ടന്നുള്ളു എങ്കിൽ അതു കേറ്ക്കാൻ സുഖമുണ്ടാവുന്ന തല്ല. സ്ത്രീപുരുഷന്മാരുടെ ഹൃദയത്തിൻെറ ഭിന്നഭിന്ന ങ്ങളായ വൃത്തികളിൽനിന്നു കാഠിന്യമാവട്ടേ അല്ലെ ങ്കിൽ കോമളതയാവട്ടേ ഒരേമാതിരി ഭാവമേ ഉണ്ടാ വുന്നുള്ളു എങ്കിൽ അതു സുഖത്തേയോ തൃപ്തിയേയോ നല്കുന്നില്ല. അതിനാൽ കാഠിന്യത്തോടുകൂടി കോമ ളതയുടേയും കോമളതയോടുകൂടി കാഠിന്യത്തിൻേറ യും സമ്മേളനം സ്ത്രീപുരുഷന്മാർ ഇരുവരുടേയും പ്രകൃ തിക്കു് അത്യാവശ്യമാണു് ഈ സമ്മേളനം ഇല്ലെ ങ്കിൽ മനോവൃത്തികളുടെ പൂൎണ്ണപ്രകാശം ഉണ്ടാകു ന്നതല്ല. ഭാഗ്യദോഷത്താൽ നമ്മുടെ നാട്ടുകാരിൽ അധികം ആളുകളും ഈ തത്വത്തെ മറന്നുകളയുന്നു. അതിനാൽ സ്ത്രീപ്രകൃതിയിൽ കേവലം കോമളതയു ടെ വികാസം കാണ്മാൻ അവർ ആഗ്രഹിക്കുന്നു. സാഹസം ഔജസ്സ് സ്വാലംബനം ആത്മവിശ്വാ സം മുതലായ ഗുണങ്ങറ് പുരുഷന്മാൎക്കു ചേൎന്നതാ ണെന്നു കരുതി സ്ത്രീകളിൽ ആവക ഗുണറ് വൎദ്ധി പ്പിക്കുന്നതിന്നു് അവർ ഉദാസീനത കാട്ടുന്നു. സ്ത്രീ പ്രകൃതിയേ സംബന്ധിച്ചുള്ള ഈ ആദൎശം ഏറ്റവുകു റെ ഇയ്യിടയിൽ ഉണ്ടായതാണു്. പുരാതനഭാരത സമുദായത്തിൽ ഈ ആദൎശം ഉണ്ടായിരുന്നില്ല. പ്രാ ചീനഭാരതത്തിൽ ആർ, ഗണേശജനനിയുടെ രൂപ

ത്തിൽ മാതാവായിട്ടും, അന്നപൂർണ്ണയുടെ രൂപത്തിൽ ഗൃഹണിയായിട്ടും ഇരുന്നുവോ മഹിഷമർദ്ദിനിയുടെ രൂപത്തിൽ അവൾതന്നെയാണു പിന്നീടു പോർക്കളത്തിൽ നൃത്തം ചെയ്യുന്നതു്. ഈ ആദർശംകൊണ്ടാണു മഹാശക്തിയുടെ കയ്യിൽ പാശാംകുശവും വരാഭയവും ഒന്നിച്ചു പ്രകാശിച്ചു കാണപ്പെടുന്നതു്. അഹല്യയുടെ പ്രകൃതിയിൽ ഓജസ്സിന്റെയും കോമളതയുടേയും മനോഹരമായ സമ്മേളനം ഉണ്ടായിരുന്നതുകൊണ്ടാണു ഞങ്ങൾ അവളെ ഈ മാതിരി പ്രശംസിക്കുന്നതു്. അതുകൊണ്ടാണ് അവളെ നാരിസമുദായത്തിന്റെ ആദർശമായി നിർദ്ദേശിച്ചിരിക്കുന്നതു്.

ഇക്കാലത്തെ ശിക്ഷയേയും ആദർശത്തേയും അനുസരിച്ച് അഹല്യയുടെ ഗുണദോഷവിചിന്തനം ചെയ്യുന്നതു യുക്തമല്ല. ആ ആദർശം അനുസരിച്ചു പര്യാലോചന ചെയ്യുന്നതായാൽ അഹല്യയുടെ കഥ ഇരിക്കട്ടേ. ബുദ്ധൻ സൊക്രട്ടീസ് ക്രിസ്തു മുതലായ മഹാപുരുഷന്മാർക്കുകൂടി, അവരിൽ ചിലർ അജ്ഞാനികളും അന്ധവിശ്വാസികളും ആണെന്നു പറഞ്ഞു, ദോഷം കല്പിക്കാൻ കഴിയുന്നതാണ്. അഹല്യയ്ക്കു് എന്തൊരു ജ്ഞാനവും ധർമ്മപ്രകാശവും സിദ്ധിച്ചിരുന്നുവോ അതു് അനുസരിച്ച് അവൾ

കാൎയ്യം നിൎവ്വഹിച്ചിരുന്നുവോ എന്നും അവളുടെ ജീവിതം ഭഗവൽസേവയിലും ഈശ്വരസൃഷ്ടികളായ ജീവജാലങ്ങളുടെ ഗുണത്തിന്നുവേണ്ടിയും അവൾ വിനിയോഗിച്ചിരുന്നുവോ എന്നുമാണു നമ്മുടെ ആലോചനാവിഷയം. ക്രിസ്തു എന്തുകൊണ്ടു ചൈതന്യനെപ്പോലെ പ്രവൃത്തിച്ചില്ല; സീതയോ സാവിത്രിയോ എന്തുകൊണ്ടു ഫ്ലോറൻസ് നൈററിങ്ഗെയിൽ കുമാരിയെപ്പോലെ പരോപകാരവ്രതം ദീക്ഷിച്ചില്ല എന്നു പറയുന്നതു് എത്രത്തോളം യുക്തിയുക്തമാണോ, ദേവബ്രാഹ്മണസേവ ചെയ്തിരുന്ന അഹല്യ എന്തുകൊണ്ടു് ഇപ്പോഴത്തെ ഏകേശ്വരവാദിനിയായ ഒരുവൾ ചെയ്യുന്നതുപോലെ ചെയ്തില്ല എന്നു ചോദിക്കുന്നതും അത്രത്തോളം യുക്തിയുക്തമാണു്. ഈശ്വരൻെറ ദാനത്തെ അവൾ ദുൎവ്വ്യയം ചെയ്തിട്ടില്ലെന്നും തൻെറ അറിവും വിശ്വാസവും അനുസരിച്ചു് അവൾ അതിനെ നല്ലകാൎയ്യങ്ങൾക്കായി ഉപയോഗിച്ചു എന്നതുമാണു് അവളുടെ പ്രധാനഗുണം. അതനുസരിച്ചേ അവളുടെ സൃഷ്ടികൎത്താവു് അവളുടെ പ്രവൃത്തികളെപ്പററി വിധി കല്പിക്കയുള്ളു. വിദ്യ,ബുദ്ധി, യോഗ്യത, കാൎയ്യകൌശലം മുതലായ ഗുണങ്ങൾകൊണ്ടു് അഹല്യയേക്കാൾ ശ്രേഷ്ഠകളായ അനേകം രാജ്ഞിമാർ ഭൂമിയിൽ ജനിച്ചിട്ടുണ്ടു്. എന്നാൽ പാതിവ്രത്യം,

ഈശ്വരഭക്തി, സ്വാത്ഥരാഹിത്യം, സവ്വഭൂതദയ, വിനയം ഇത്യാദിഗുണങ്ങൾകൊണ്ടു് അവളോടു കിടപിടിക്കുന്ന രാജ്ഞിമാർ ലോകത്തിൽ അതിദുല്ലഭമായിട്ടേ ജനിച്ചിട്ടുള്ളു എന്നു പറയാൻ കഴിയുന്നതാണു്. രാജ്ഞീശബ്ദംകൊണ്ടു ഹിന്തുക്കൾ ഏതൊരു ആദശ്ശത്തെക്കുറിക്കുന്നുവോ അതു് അഹല്യയിൽ പൂണ്ണമായിട്ടുണ്ടായിരുന്നു. സമൃദ്ധിയോടുകൂടിയ രാജകുടുംബത്തിൽ പാലിക്കപ്പെട്ടവളാണെങ്കിലും അവൾ സവ്വത്യാഗിനിയായിരുന്നു. പതിനെട്ടുവയസ്സിൽ അവൾ വിധവയായിത്തീൎന്നു. ആ വയസ്സിൽ സാധാരണയായിട്ടു വിഷയസുഖങ്ങളിലുള്ള ആഗ്രഹം തീരുന്നതല്ല. എന്നാൽ സംയമം, സേവനം, ഈശ്വരാരാധനം ഇവകൊണ്ടു് അവൾ സ്വന്തം ഹൃദയത്തിൽ എന്തൊരു കഠിനവൈരാഗ്യത്തെ ജനിപ്പിച്ചിരുന്നുവോ താപസികൾക്കുകൂടി അപ്രകാരം ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണു്. പ്രപഞ്ചത്തിലെ ഓരോ വിഷയങ്ങളിലും സൂക്ഷ്മമായ ദൃഷ്ടി എന്നാൽ ഒരു വസ്തുവിലും ആസക്തിയില്ലായ്മ ഇതാണ ഹിന്തുക്കളുടെ സംസാരധമ്മത്തിൻെറ പരമലക്ഷ്യം. അഹല്യയുടെ ജീവിതത്തിൽ ഈ ലക്ഷ്യം സിദ്ധിക്കപ്പെട്ടിട്ടുണ്ടു്. രാജ്ഞിയുടെ നിലയിൽ അഹല്യ തൻെറ കത്തവ്യത്തെ ഏതുവിധം നിവ്വഹിച്ചിരുന്നു

എന്നു പറഞ്ഞിട്ടുണ്ടല്ലോ. അവഠം ഒരു ദരിദ്രൻെറ ഭാൎയ്യയായിരുന്നാൽക്കൂടിയും തൻെറ നടപടികൊണ്ടു ഭൎത്തൃപുത്രാദികളുടെ ജീവിതം ആനന്ദമയമാക്കിത്തീക്കുമായിരുന്നു എന്നുള്ളതിന്നു സംശയമില്ല. ഏതു അവസ്ഥയിലായിരുന്നാലും കൎത്തവ്യനിൎവ്വഹണത്തിങ്കൽ ആഗ്രഹവും പ്രാപ്തിയുമുള്ള വ്യക്തിയാണു പൂജാൎഹൻ. സുഖത്തിലും ദുഃഖത്തിലും എന്നുവേണ്ടാ സകലാവസ്ഥകളിലും അഹല്യ തൻെറ കൎത്തവ്യത്തെ നിൎവ്വഹിച്ചിരുന്നതുകൊണ്ടാണു് അവഠം നമ്മുടെ ശ്രദ്ധയ്ക്കു പാത്രമായി ഭവിച്ചതു്. അഹല്യയുടെ സമകാലവൎത്തികളായവർ അവഠം ജീവന്മുക്തയാണെന്നു വിശ്വസിച്ചിരുന്നു. അവഠം ശൂദ്രസ്ത്രീയായിരുന്നിട്ടും തൻെറ ജീവിതകാലത്തു ബ്രാഹ്മണൎക്കുകൂടി വന്ദനീയയായിത്തീൎന്നു. അവളുടെനേരെ അവളുടെ സ്വദേശവാസികഠംക്കു് എത്രത്തോളം ബഹുമാനമുണ്ടായിരുന്നു എന്നു താഴെ എഴുതുന്ന ഒരു മഹാരാഷ്ട്രകവിതയുടെ അനുവാദത്തിൽനിന്നു പ്രത്യക്ഷപ്പെടുന്നതാണു്. കവിത അഹല്യയുടെ സഹജീവിയും പൂനയിലെ രാജകവിയും ബ്രാഹ്മണകുലത്തിൽ ജനിച്ചവനുമായ മയൂരപന്ഥൻേറതാണു്.

"ഹേ ദേവി! അഹല്യേ! നീ ഭൂമിക്കൊരു ആഭരണമാണു്. വരേണ്യയായ നിനക്കു ഹരിഹരന്മാരിൽ

തുല്യഭക്തിയുണ്ട്. സൂര്യതുല്യ തേജസ്വികളായവർ നിൻെറ സല്ക്കീത്തിയെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നു. അവർ ബാണപുത്രിയായ ഉഷയേക്കാൾ അധികം ഗുണശാലിനിയാണു നീ എന്നിങ്ങിനെ നിന്നെ വണ്ണിക്കുന്നു.

"ദേവി അഹല്യേ! നീ മൂന്നുലോകത്തിലും ധന്യയായിത്തിന്നിരിക്കുന്നു. കലികാലത്തിൽ നിന്നെപ്പോലെ ധമ്മനിരതയായ ഒരു സ്ത്രീയെങ്കിലും ജനിച്ചതായി ഞാൻ കേട്ടിട്ടില്ല."

"ധമ്മതത്വം കേട്ടിട്ടുകൂടി ആർ അതുപ്രകാരം ആചരിക്കുന്നില്ലയോ അങ്ങിനെയുള്ള പണ്ഡിതമ്മാന്യന്മാരേ ആർ പ്രശംസിക്കും? നിന്നെപ്പോലെ യഥാത്ഥധമ്മനിരതയായ ഒരു സ്ത്രീയുടെ കഥ കലിയുഗത്തിൽ കേട്ടിട്ടില്ല.

"പാവ്വതിയുടേയോ സീതയുടേയോ രൂപത്തിൽ നീ ഭൂമിയിൽ അവതരിച്ചിരിക്കുന്നു. ക്ഷത്രിയന്മാക്ക യോഗ്യമായ സല്ക്കീത്തികൊണ്ടുള്ള ഖ്യാതി നീ അല്പകാലത്തിന്നുള്ളിൽ സമ്പാദിച്ചിരിക്കുന്നു.

"ഹേ ദേവി! നമ്മദാനദി നിൻെറ പ്രിയസഖിയായിരുന്നതുകൊണ്ടു നീ നമ്മദാതീരത്തെ ഉപേക്ഷിച്ചില്ല. നമ്മദ ഗംഗയുടേയും സഖിയാണ്. ആ സ

ഖിതപംകൊണ്ടാണോ നീ ഇത്ര പരിശുദ്ധഹൃദയയായിത്തീന്നതു് ?

ഗയയിലേ ശ്രീവിഷ്ണുപദം പൂജിക്കുന്നതോടുകൂടി നിൻേറയും നേരെ ഭക്തികാണിക്കേണ്ടതു ഭക്തന്മാരുടെ കത്തവ്യമാണു്. * ഏതൊരുത്തിയെ ലോകംമുഴുവനും വന്ദിക്കുന്നുവോ അവളെ മയൂരകവി എങ്ങിനെ വന്ദിക്കാതിരിക്കും!"

പട്ടുവസ്ത്രം ധരിച്ചവളും വ്രതഖിന്നയും ബ്രഹ്മചാരിണിയുമായ അഹല്യയുടെ ആകൃതികണ്ടാൽ അവളുടെ പ്രജകളുടെ ഹൃദയം മാതൃഭക്തികൊണ്ടു് അലിഞ്ഞിരുന്നു. സ്വഭാവേന ദയാലുവായ ഒരു സ്ത്രീ രാജ്ഞിയായിത്തിന്നാൽ അവരം നിമിത്തം പ്രജകറംക്കു് എത്രത്തോളം നന്മയുണ്ടാവാനിടയുണ്ടെന്നും, സവ്വത്യാഗിനിയായ ഹിന്ദുവിധവയ്ക്കു തൻെറ സുഖമെല്ലാം ഉപേക്ഷിച്ചു സവ്വഭൂതങ്ങളുടേയും മംഗളത്തിന്നുവേണ്ടി തൻെറ ജീവനെ എങ്ങിനെ ബലികഴിക്കാൻ സാധിക്കുമെന്നും ഉള്ളതിൻെറ ഉജ്ജ്വലമായ ദൃഷ്ടാന്തം അഹല്യയുടെ ജീവിതത്തിൽനിന്നു നമുക്കു കാണാൻ

---

* ഗയയിലെ ശ്രീവിഷ്ണുക്ഷേത്രത്തിൽ വെണ്ണക്കല്ലുകൊണ്ടുണ്ടാക്കീട്ടുള്ള അഹല്യയുടെ ഒരു വിഗ്രഹം ഇപ്പോഴും ഉണ്ടു്. ഭക്തന്മാർ ദേവോചിതമായ ഭക്തിശ്രദ്ധയോടുകൂടി ആ വിഗ്രഹത്തെ ആരാധിച്ചുവരുന്നുണ്ടു്.

കഴിയുന്നുണ്ട്. അനേകായിരം സ്ത്രീപുരുഷന്മാരുടെ സുഖദുഃഖങ്ങളുടെ വലിയൊരുഭാരം അവളിൽ അർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ തൻെറ സുഖത്തിന്നു വേണ്ടി അവറം ഒരിക്കലെങ്കിലും ആരെയും ദുഃഖിപ്പിച്ചിട്ടില്ല എന്നുള്ളതാണ് അഹല്യയുടെ മഹത്വത്തിൻെറ പ്രധാനകാരണം. ഭാരതവർഷത്തിലെ പൌരാണികസ്ത്രീകളുടെ ചരിത്രം കവികല്പനമാത്രമല്ലെന്നുള്ളതിന്നു അഹല്യയെപ്പോലെയുള്ള ചരിത്രപ്രസിദ്ധകളായ സ്ത്രീകറംതന്നെയാണു പ്രമാണം എന്നു ഞങ്ങറം മുമ്പു പറഞ്ഞിട്ടുണ്ട്. ഇപ്പോഴും അതു് ആവർത്തിച്ചു പറയുന്നു. അവരെല്ലാവരുടേയും പേരോടുകൂടി അഹല്യയുടേയും പേർ ഇന്ത്യാരാജ്യത്തിൽ ചിരസ്മരണീയമായിരിക്കുന്നതാണ്.

—∞※∞—

## അഹല്യാബായിയെ സംബന്ധിച്ച മഹാരാഷ്ട്ര ദേശത്തിൽ പ്രചാരമുള്ള ഒരു ഗാഥ.

എല്ലാ രാജ്യങ്ങളിലും അതാതുദിക്കിലുള്ള മഹാന്മാരുടെ ജീവിതത്തിലെ ഒരു സംഭവത്തേയോ അല്ലെങ്കിൽ ചരിത്രപ്രസിദ്ധമായ ഒരു വൃത്താന്തത്തേയോ അടിസ്ഥാനമാക്കി ഉണ്ടാക്കപ്പെട്ട ചില ഗാഥകറം പ്രചരിച്ചുവരുന്നുണ്ട്. ആ സകല ഗാഥകളും

പ്രകാരാന്തരത്തിൽ ചരിത്രത്തിന്റേയോ ജീവചരിത്രത്തിന്റേയോ കാൎയ്യം നിൎവ്വഹിക്കുന്നു. ശങ്കരതുകാരാമസാളിഗ്രാമനും ആന്ത്രഃപ്പാളോജിക്കൽ(Anthropologicial Society, Vice President) സഭയുടെ ഉപാദ്ധ്യക്ഷനായ ആക് വത്ത് (H. A. Acworth) സായ്പും മഹാരാഷ്ട്രദേശത്തിൽ പ്രചാരമുള്ള സകല ഗാഥകളേയും സംഗ്രഹിച്ച് ഒരു പുസ്തകമായി പ്രസിദ്ധം ചെയ്തിട്ടുണ്ട്. പാനിപഥത്തിലെ മഹായുദ്ധം തുടങ്ങി മഹാരാഷ്ട്രസാമന്തന്മാരുടെ നായാട്ടുകൂടിയുള്ള പല സംഭവങ്ങളേയും വൎണ്ണിക്കുന്ന അനേകം ഗാഥകളേ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിട്ടുണ്ട്. *

---

* ഈ സകല ഗാഥകളെപ്പററി ആക് വത്ത് സായ്പ് അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ അവതാരികയിൽ എഴുതിട്ടുള്ളതിന്റെ ഏതാനുംഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

"With the Maharattas, as with every warlike race, the feelings of the commons have taken shape in Ballads, which however rude and inartificial in their language, their structure, and their rhythm are the genuine embodiments of *National enthusiasm*, and are dear, and deserve to be dear, to those, who repeat and listen to them."

മഹാരാഷ്ട്രഗാഥകളെ ഇതരദേശീയഗാഥകളോടുകൂടി താരതമ്യപ്പെടുത്തി അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു.

അഹല്യാബായിയെക്കുറിച്ച് ഈ പുസ്തകത്തിൽ അച്ചടിച്ചിട്ടുള്ള ഒരു ഗാഥയുടെ അനുവാദം താഴെ ചേത്തിരിക്കുന്നു. അഹല്യയുടെ പ്രകൃതിയും ധർമ്മനിഷ്ഠയും ഏതുവിധത്തിലായിരുന്നു എന്നും, അവൾ എത്ര നല്ല വ്യവസ്ഥയോടുകൂടി പ്രജകളെ രക്ഷിച്ചിരുന്നു എന്നും, ആശ്രിതന്മാരിൽ അവൾക്ക് എത്രത്തോളം വാത്സല്യം ഉണ്ടായിരുന്നു എന്നും, അവളുടെ സ്വദേശവാസികൾ അവളെ എത്ര ശ്രദ്ധയോടും ഭക്തിയോടുംകൂടി ആദരിച്ചുവന്നിരുന്നു എന്നും ആ ഗാഥയിൽനിന്നു സ്പഷ്ടമാവുന്നതാണ്. ആ ഗാഥ ചുരുക്കത്തിൽ അഹല്യയുടെ ചരിത്രത്തിൻെറ ഒരു വിമർശനമാണെന്നു പറഞ്ഞാൽ അസംഗതമാവുന്നതല്ല.

---

"The songs of the Rajput glorify the valour of his individual ancestors in paltry internecine feuds; the scope of Moslem heroic poetry has a wider range, but its characteristic is religious fanaticism, and its inspiration is religion, not patriotism; but the ballads of the Maharattas are ballads of the men of Maharashtra (the great nation) and as such burn through and through with patriotic fervour."-Introduction to Historical Ballads of the Maharatta.

I

ഏതു പൂജ്യതൻ നാമസ്മൃതിയാൽ പാപംതിന്നു
പൂതപൂതമാകുന്നു മാനസം മനുഷ്യർക്കു
മൃത്യുകാരകങ്ങളാം രോഗബാധകൾപോലു-
മത്യുദാരയാമാരെക്കാണുകിലകലുന്നു
സാധിതാഭീഷ്ടന്മാരാം സാധുക്കൾ സംസത്തിങ്ക-
ലാധിയററാരെ പുകഴ്ത്തീടുന്നു സദാപ്പോഴും
ഹോൽക്കരശ്രീറാണിയാംധന്യയാമഹല്യതാ-
നീക്കലിയുഗത്തിങ്കലേകമാം സതീരത്നം.

കൈവല്യപ്രദാതാവിൻ കാരുണ്യംനിമിത്തമായ്
കൈവന്ന രാജ്യം പാടേ പാലിച്ചാ മഹാരാജ്ഞി
നാടെങ്ങും നിറഞ്ഞീടും നിർമ്മലപ്പെമ്പാൽപ്പുകൾ
നേടിയാ നൃപവംശം സുപ്രതിഷ്ഠിതമാക്കി.
അത്രയുമല്ല പല ദുഷ്കരവ്രതങ്ങളെ-
ച്ചിത്തസംയമത്തോടുമനുഷ്ഠിച്ചന്ത്യത്തിങ്കൽ
വിത്തദാനങ്ങൾകൊണ്ടും മൃഷ്ടാന്നാശനത്താലു-
മെത്രയുംസന്തുഷ്ടരായ്ത്തീർന്നോരാ ദ്വിജന്മാരാൽ
ദത്തമാമാശിസ്സുവളുദഞ്ചദ്രോമാഞ്ചയാ-
യുത്തമാംഗത്തിലേററു, മമ്മഹാക്ഷേത്രങ്ങളിൽ
അന്നസത്രങ്ങൾതീർപ്പിച്ചവിടെദ്ദിനംതോറും
ചെന്നെത്തും ജനങ്ങൾക്കു ഭുക്തിയും വിശ്രാന്തിയും
ദാനംചെയ്കയാലേറെത്തെളിഞ്ഞുചമഞ്ഞുള്ള-
ദീനരും ദരിദ്രരുമരുളുമാശിസ്സുകൾ

സാനന്ദം ചെവികൊണ്ടും വിളങ്ങീ കുലത്തിന്നു
മന്നാവും സുകൃതവും വളൎത്താസ്സുകൃതിനി.

---

## II

ഭൂലോകകല്പവല്ലീമതല്ലിയെന്നായെന്നും
മാലോകർ പുകഴ്ന്നീടുമഹല്യാമഹാറാണി
കോമളങ്ങളാം കരശാഖകൾകൊണ്ടെപ്പോഴും
കേമന്മാരായ വിപ്രവൎയ്യൎക്കു രത്നങ്ങളെ
സീമയില്ലാതെ വാരിക്കൊടുത്തും ഹരിയുടെ
നാമധേയത്തെത്തന്നെ ചിത്തത്തിൽസ്മരിച്ചുമേ
ചൊല്ലെഴും പുരാണാദി സൽക്കഥാശ്രവണത്തി-
ലുല്ലാസംപൂണ്ടുമേറെധന്യയായ് പ്രശോഭിച്ചു.
എത്രയോ വിപ്രന്മാരാ രാജ്ഞിതൻനിൎദ്ദേശത്താൽ-
സ്സുത്തരും സദാചാരപരന്മായിത്തീൎന്നു
യജ്ഞശാലകളേററമവിടെശ്ശോഭിച്ചിതാ-
വിജ്ഞരാം വിപ്രവൎയ്യന്മാരുടെ സാന്നിദ്ധ്യത്താൽ
ആജ്യധാരകൾകൊണ്ടു ഹോമകുണ്ഡങ്ങൾതോറും
പൂജ്യനാം ഹുതാശനൻ വിളങ്ങീ വിശേഷിച്ചും
വിപ്രവൎയ്യരെക്കൊണ്ടു സഹസ്രാഹുതിയവ-
ളപ്രമേയപ്രീതിക്കു നിൎവ്വിഘ്നം കഴിപ്പിച്ചാൾ
ശിവലിംഗങ്ങളൊരു സഹസ്രം ഭൂദേവൎക്കാ-
ബ്ഭുവനേശ്വരി നൽകി നിത്യവും പൂജിപ്പിച്ചു
പൎവ്വാഹംതോറും നൂറുമേറെയും പട്ടുകളെ

സൎവ്വരാവരജനെ പ്രീതനാക്കുവാനായി
വേദപാരഗന്മാരാം ഭൂദേവന്മാൎക്കായ്ക്കൊണ്ടു
സാദരം ദാനംചെയ്തു കൃതകൃത്യതയാന്നാൾ.
വിപ്രകന്യകമാരെ ശ്രേഷ്ഠരാം വരൎക്കേകി-
സ്സുപ്രസന്നരാമവരരുളുമാശിസ്സുകൾ
ശിരസാ വഹിച്ചു,മാൎഗ്ഗിശ്ശുവൃന്ദത്തെ മററൊ-
രമ്മപോൽപ്പാൽകൊടുത്തു പെരികെപ്രീണിപ്പിച്ചും
നിത്യവും ചെങ്കോലിന്നു പകരം ജപമാല-
കൈത്താരിലണിഞ്ഞുമാ റാണി വാണിതു രാജ്യം.

---

III

പുണ്യക്ഷേത്രങ്ങൾകൊണ്ടും, പുണ്യതീൎത്ഥങ്ങൾകൊണ്ടും
ധന്യമായുള്ളദിക്കിലൊക്കയും സുഭിക്ഷമായ്
അന്നദാനത്തിനുള്ള സത്രങ്ങൾ നടത്തിച്ചി-
ട്ടന്യയാമന്നപൂൎണ്ണേശ്വരിയായ്ത്തീൎന്നിതവൾ.
ദീനക്കാ,രംഗഭംഗംപിണഞ്ഞോരിവൎക്കെല്ലാ-
മൌഷധമന്നം വസ്ത്രമെന്നിവ ദാനംചെയ്തും
വേദജ്ഞന്മാരെക്കൊണ്ടു നിത്യവുമഗ്നിഹോത്രം
സാദരം ചെയ്യിപ്പിച്ചും ധൎമ്മത്തെസ്സംരക്ഷിച്ചാൾ.
വിപ്രരെബ്ഭുജിപ്പിക്കാതശിച്ചില്ലൊരിക്കലും,
തൽപ്പാദതീൎത്ഥംകൊണ്ടു സംശുദ്ധയാകാതെകയും.
രാമനാമത്തെദ്ദിവാരാത്രവും ജപിച്ചവൾ
കാമരോഷാദിയേയും ജയിച്ചുകൊണ്ടാളല്ലോ.

---

## IV

അന്നവസ്ത്രങ്ങളശ്വം പാദരക്ഷകളെന്നി-
ച്ചൊന്നവയെല്ലാമോരോ തീൎത്ഥയാത്രക്കാൎക്കായി
അന്നന്നാ മഹാരാജ്ഞി ദാനംചെയ്തവൎക്കുള്ളി-
ലുന്നതാനന്ദം ചേൎത്തും, ഗുണവാന്മാരായോൎക്കു
കനകാഭരണങ്ങൾ കൊടുത്തു മാനിച്ചു മ-
ജ്ജനതസ്തുതിമോദം കൈവളൎത്തിതു മേന്മേൽ.
ശിഷ്ടരാം പ്രജകളെസ്സുഖമായ് സംരക്ഷിച്ചു
ദുഷ്ടരെത്തുറുങ്കിലിട്ടടച്ചു ദണ്ഡിപ്പിച്ചു.
ജലദാനങ്ങളാലും കുളവും,കൂപങ്ങളും
പലദിക്കിലും കുഴിപ്പിച്ചുമാപ്രജകൾക്കു
താപഹാരിണിയായിത്തീൎന്നോരാ മഹാറാണി।
ശങ്കരലിംഗംതോറും ജലധാരകളൊരു
സങ്കടം പ്രജകൾക്കു ബാധിക്കാതിരിപ്പാനായ
സന്തതം ചെയ്യിപ്പിച്ചുമത്യന്തം പ്രശോഭിച്ചാൾ.

---

## V

ഗ്രഹണപുണ്യകാലം സിദ്ധിക്കുന്നേരത്തവൾ
മഹത്താം തുലാഭാരം കഴിപ്പിച്ചതിൽച്ചേരും-
കനകം തേൻ നെയ്യെള്ളു തണ്ഡുലം ധാന്യമിവ
കനകക്കെടിജന്മാൎക്കു കൊടുത്തു; തണലുള്ള

മരങ്ങൾ നടക്കാവുതോറുമേ പിടിപ്പിച്ചു
പരക്കെപ്പാന്ഥന്മാൎക്കുള്ളാതപം തീരെത്തീൎത്തു
ഭക്തയാമവളുടെ നിൎദ്ദേശംനിമിത്തമായ്
നിത്യവും രാമേശ്വരന്നഭിഷേകത്തിന്നായി
പാവനം ഗംഗാജല,മെത്തുന്നു; ജഗത്തിലെ-
പ്പാവങ്ങൾക്കെല്ലാമേകനാഥയാമവളേവം
ദേവകാൎയ്യത്തിൽസ്സദാ ജാഗരൂകയായ് വാണു
കൈവരുത്തിനാളുററ മംഗളം ജനങ്ങൾക്കും.

ശുഭം

17 DEC 1912